For Private Circulation Only

August 2022

ആഗമനാദൂതൻ

HOLY BIBLE

Vol.69

" നിങ്ങളുടെ വിശ്വാസത്തിന്റെ അന്തമായ ആത്മ രക്ഷ പ്രാപിക്കയും പറഞ്ഞുതീരാത്ത മഹിമയുള്ളതുമായ സന്തോഷത്തോടെ ആനന്ദിക്കുകയും ചെയ്യുന്നു " (1പത്രൊ.1:9)

No.8

ബലം ദൈവത്തിനുള്ളതെന്ന്

By Arthur W. Pink

ദൈവം സർവ്വശക്തനും സർവ്വജ്ഞാനിയും എന്നുള്ള ഒരു അറിവില്ലാതെ നമുക്ക് അവനെ കുറിച്ച് ഒരു ശരിയായ ആശയം ഉണ്ടാക്കുവാൻ കഴിയുന്നതല്ല. അവൻ ആഗ്രഹിക്കുന്നതു പ്രവർത്തിക്കുവാനും അതുപോലെ എല്ലാ സന്തോഷങ്ങളും അതിന്റെ ശരിയായ നിലയിൽ പ്രകടിപ്പിക്കുവാനും സാധ്യമല്ല. ദൈവം ആഗ്രഹിക്കുന്നതുപോലെ അതുപോലെ നല്ലത് എന്താണെന്നുള്ള അറിവോടു കൂടിയും അത് ചിന്തിക്കുവാനും അതുകൊണ്ട് അവന് അവന്റെ ഇഷ്ടം നടപ്പിലാക്കുവാനുമുള്ള ശക്തി ഉണ്ട്.

ദൈവത്തിന്റെ ശക്തി എന്നാൽ അത് അവനുള്ള കാര്യപ്രാപ്തിയും ശക്തിയും ആണ്. അത് അവന് പ്രസാദമുള്ള പ്രവർത്തികൾ നടപ്പിലാക്കുവാനും എന്തൊക്കെയാണോ അനന്തമായ അവിടുത്തെ ജ്ഞാനം ആലോചന പറയുന്നതും എന്തൊക്കെയാണോ അവിടുത്തെ പരിശുദ്ധിയിൽ അവിടുന്ന് നിർണ്ണയിക്കുന്നതും..അങ്ങനെ വിശുദ്ധി ദൈവത്തിന്റെ മനോഹരമായ സ്വഭാവം ആകുന്നതുപോലെ ശക്തിയിലാണ് ജീവനും ദൈവിക സ്വഭാവത്തിന്റെ എല്ലാ പ്രവർത്തികളുടെ പൂർണ്ണതയും നൽകുന്നത്. കാര്യനിവ്വർഹണ നടത്തിപ്പിൽ ശക്തി യാതൊരു വിധമായ പ്രവർ ത്തിയും ചെയ്യുന്നില്ലെങ്കിൽ എത്രയോ ശൂന്യമായി പോയിരിക്കുകയാണ്. ആലോചനക്കാരുടെ അന്ത്യമായ പ്രവർ ത്തികൾ ശക്തി കൂടാതെയുള്ള അവന്റെ കരുണയൊക്കെയും ബലമില്ലാത്ത ദയയായിട്ട് മാറുകയും അവന്റെ വാഗ്ദത്തങ്ങൾ അതും ശൂന്യമായ ശബ്ദങ്ങളായിട്ടും അവന്റെ കോപ ശരങ്ങൾ കേവലം കോലം ആയിട്ടും മാറുകയാണ് ചെയ്യുന്നത്. ദൈവത്തിന്റെ ശക്തി അവനെപ്പോലെ ആകുന്നു; അനശ്വരമായതും, ദുർഗ്രഹമായതും ഇത് പരിശോധിക്കപ്പെട്ടതും നിയന്ത്രിക്കപ്പെട്ടതും അല്ലെങ്കിൽ ജീവജാലങ്ങൾക്ക് ഇച്ഛാഭംഗം വരുത്തുകയോ ചെയ്തിട്ടില്ലാത്തതും ആകുന്നു

" ബലം ദൈവത്തിനുള്ളതെന്നു ദൈവം ഒരിക്കൽ അരുളിചെയ്തു. ഞാൻ രണ്ടു പ്രാവശ്യം കേട്ടുമിരിക്കുന്നു" (സങ്കീ. 62:11). " ദൈവം ഒരിക്കൽ അരുളി ചെയ്തു ". അതിനെക്കാൾ കൂടുതൽ ആവശ്യമായിരിക്കുന്നില്ല. " ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും എങ്കിലും അവന്റെ വചനം എന്നേക്കും നിലനില്ക്കുന്നു " ദൈവം ഒരിക്കൽ അരുളിചെയ്തു. എത്രയോ ഉപചിതമായിരിക്കുകയാണ് ദൈവിക വല്ലഭത്വം. നശ്വരമായ പാപം നാം മിക്കപ്പോഴും സംസാരിക്കുകയും എന്നിട്ട് കേൾക്കുന്നതിൽ പരാജയപ്പെടുകയും ചെയ്യുന്നു. അവിടുന്ന് സംസാരിക്കുന്നു. എന്നിട്ട് ഒരിക്കൽ ഇടിമുഴക്കം പോലുള്ള അവന്റെ ശക്തിയാൽ ആയിരം മലകൾ കേൾക്കുന്നു (സങ്കീ. 18: 13, 15).

ദൈവം ഒരിക്കൽ അരുളിചെയ്തു; അവിടുത്തെ മാറ്റമില്ലാത്ത അധികാരത്തെ കാണുക. " സ്വർഗ്ഗത്തിൽ യഹോവയോടു സദൃശനായവൻ ആർ? ദേവപുത്രന്മാരിൽ യഹോവയ്ക്കു തുല്യനായവൻ ആർ"? (സങ്കീ. 89:6). " അവൻ സർവ്വ ഭൂവാസികളേയും നാസ്തിയായി എണ്ണുന്നു. സ്വർഗ്ഗീയ സൈന്യത്തോടും ഭൂവാസികളോടും ഇഷ്ടംപോലെ പ്രവർത്തിക്കുന്നു. അവന്റെ കൈ തടുപ്പാനോ നീ എന്തു ചെയ്യുന്നു എന്നു അവനോട് ചോദിപ്പാനോ ആർക്കും കഴികയില്ല " (ദാനി. 4:35). ദൈവം മനുഷ്യാവതാരം എടുത്ത സമയത്തു മനുഷ്യരുടെ ഇടയിൽ സമാഗമനകൂടാരത്തിൽ ദൈവം വസിച്ചിരുന്ന സമയത്തു ഇതു വളരെ തുറന്ന് വെളിപ്പെടുത്തി. " കുഷ്ഠരോഗിയോടു അവൻ പറഞ്ഞു. എനിക്കു മനസ്സുണ്ട്. നീ ശുദ്ധമാക എന്നു പറഞ്ഞു. ഉടനെ കുഷ്ഠം മാറി അവൻ ശുദ്ധമായി " (മത്താ. 8:3). നാല് ദിവസം കല്ലറയിൽ കിടന്നിരുന്നവനോടു അവൻ വിളിച്ച് പറഞ്ഞത് ലാസറേ പുറത്തുവരിക, മരിച്ചവൻ പുറത്തു വന്നു. ഭയാനകമായ കൊടുങ്കാറ്റും കോപിഷ്ഠയായ തിരമാലകളെ അവന്റെ ഒരു വാക്കിന്റെ ആജ്ഞയാൽ നിയന്ത്രിച്ചു. ലെഗിയോനാൽ ബാധിതനായ ഭൂതഗ്രസ്തൻ അവന്റെ അധികാരമുള്ള കല്പനകളുടെ ആജ്ഞകളുടെ മുമ്പിൽ നിയന്ത്രിതനായി തീർന്നു.

" ബലം ദൈവത്തിനുള്ളതെന്നു " അവനു മാത്രം. ദൈവം നിയോഗിക്കപ്പെട്ടതിൽ നിന്നു രക്ഷിക്കുവാൻ കഴിവുള്ള ഒരു ജീവികൾ പോലും ഈ മുഴു ലോകത്തി ലും ഇല്ല. എന്നാൽ ദൈവത്തിന്റെ ബലം അത് ആർജ്ജിതമാക്കപ്പെട്ടതല്ല, അല്ലെങ്കിൽ അതിന് വേറെ യാതൊരു വിധമായ അധികാരത്തിന്റെ അംഗീകരാത്തിനുവേണ്ടി കാത്തിരിക്കേണ്ട തോ ആശ്രയിക്കേണ്ടതോ ആവശ്യവും ഇല്ല. അത് അവനെ പിൻതുടരുന്നതാണ്.

അങ്ങനെയുള്ള ഒരു ദൈവത്തെ ആരാധിക്കുവാൻ പ്രകാശിതപൂർണ്ണമായ ആത്മാവ് ഒരുക്കമുള്ളതായി തീരട്ടെ. അത്ഭുതങ്ങളും അപരിമേയമായ പൂർണ്ണതകളും എല്ലാം കത്തി ജ്വലിക്കുന്ന ആരാധനകളായി മാറട്ടെ. ബലവാന്മാരും കീർത്തകേട്ടവരുമായ ലോകത്തിന്റെ പ്രശംസ്ക്കു പാത്രീഭൂതരായി തീർന്നുവെങ്കിൽ എത്രയോ അധികമായിട്ടു സർവ്വശക്തനായ ദൈവം നമ്മെ അത്ഭുതമായിട്ടു ബഹുമാനത്താലും നിറച്ചിരിക്കുന്നു. "യഹോവേ, ദേവന്മാരിൽ നിന ക്കു തുല്യൻ ആർ? വിശുദ്ധിയിൽ മഹിമയുള്ളവനേ, സ്തുതികളിൽ ഭയങ്കരനേ, ആത്ഭുതങ്ങളെ പ്രവർത്തിക്കുന്നവനേ, നിനക്കു തുല്യൻ ആർ "? (പുറ. 15:11).

ഒരു വിശുദ്ധന് അങ്ങനെയുള്ള ഒരു ദൈവത്തിൽ ആശ്രയിക്കാം. അന്തർലീനമായ ആത്മാർത്ഥതയക്ക് അവൻ യോഗ്യനാണ്. അവന് ഒന്നും വളരെ ബുദ്ധിമുട്ടുള്ളതല്ല. ദൈവം അവന്റെ ശക്തിയിൽ അളവു വയ്ക്കുകയും അവന്റെ ബലത്തിന് ഒരു പരിധിയും ഉണ്ടെങ്കിൽ നാം തീർച്ചയായിട്ടു നിരാശപ്പെട്ടിരിക്കാം. എന്നാൽ കാണാൻ കഴിയുന്നവനും സർവ്വശക്തനായിട്ടു വസ്ത്രം അണിഞ്ഞിരിക്കുന്നവനായിട്ടാണ് ഒരു പ്രാർത്ഥനയും അവനു പ്രവർത്തിക്കുവാൻ അധികം ഭാരം ഉള്ളതായിട്ട് മാറുന്നും ഇല്ല. ഒരു ആവശ്യവും നല്കിതരുവാൻ ബുദ്ധിമുട്ടായിട്ട് അവന് ഇല്ല. അവനെക്കൊണ്ട് കീഴ്പ്പെടുത്തുവാൻ കഴിയാത്ത ഒരു അഭിനിവേശവും ഇല്ല. അവനു വിടുവിക്കുവാൻ സാധിക്കാത്ത ഒരു പരീക്ഷകളും ഇല്ല. അവനു സ്വതന്ത്രമാക്കുവാൻ സാധിക്കാത്ത ഒരു നിഗൂഢതകളും ഇല്ല.

" യഹോവ എന്റെ വെളിച്ചവും എന്റെ രക്ഷയും ആകുന്നു. ഞാൻ ആരെ ഭയപ്പെടും" (സങ്കീ. 27:1).

" എന്നാൽ നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്യുവാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവനു സഭയിലും ക്രിസ്തുയേശുവിലും എന്നേയ്ക്കും തലമുറ തലമുറയായും മഹത്വം ഉണ്ടാകട്ടെ. ആമേൻ". (എഫെ. 3:20-21).

കുടുംബമായിട്ടു ദൈവത്തിൽ ആശ്രയിക്കാം

By Kim Butts

കുഞ്ഞുങ്ങളെ ഉദാഹരണങ്ങളാലും അഭ്യാസനത്തിൽ കൂടിയും അനുഭവങ്ങളിൽ കൂടിയും ആശ്രയിക്കുവാൻ പഠിപ്പിക്കുവിൻ : “നിന്റെ ആശ്രയം യഹോവയിൽ ആയിരിക്കേണ്ടതിന് ഞാൻ ഇന്നു നിന്നോടു നിന്നോടു തന്നേ, ഉപദേശിച്ചിരിക്കുന്നു” (സദൃ. 22:19) എത്രയോ ആവേശകരമായ വസ്തുതയാണ് കുടുംബങ്ങളെ സംബന്ധിച്ചിടത്തോളം വിശുദ്ധ വേദപുസ്തകത്തിന്റെ സത്യങ്ങളായ യേശുക്രിസ്തുവിൽ ജീവിതത്തിന്റെ എല്ലാ കാലഘട്ടങ്ങളി ലും ആശ്രയിക്കണമെന്നുള്ള വസ്തുത.

മാതാപിതാക്കളെ നിങ്ങളുടെ കുട്ടികൾക്ക് ആത്മീക കാര്യങ്ങൾ മനസ്സിലാക്കുവാൻ കഴിയുകയില്ലെന്ന് ഒരിക്കലും അനുമാനിക്കരുത്. കുട്ടികൾ നമ്മുടെ കർത്താവിനോട് സചേതനവും അവന്റെ പ്രവർ ത്തികൾ ഈ ഭൂമിയിലുമാണ്. ദൈവമായ ഒരുവനിൽ മാത്രമേ പൂർണ്ണമായിട്ടു ആശ്രയിക്കുവാൻ സാധിക്കയുള്ളൂ എന്ന് കുട്ടികളെ പഠിപ്പിക്കണം. അവരുടെ വിശ്വാസത്തിൽ ഉറപ്പോടെ നില്ക്കുവാനുള്ള വെല്ലുവിളികളുടെ പ്രതീക്ഷകളും നിങ്ങൾ അവരിൽ സൃഷ്ടിക്കണം, നിങ്ങളുടെ ഉദാഹരണങ്ങളിൽ കൂടിയും വാക്കുകളിൽ കൂടിയും അവർ പഠിച്ചിരിക്കുന്നുവെങ്കിൽ ജനങ്ങൾ എല്ലാം നിയന്ത്രണത്തിലും ഉത്തരവാദിത്വങ്ങളിലും ആയിരിക്കുമ്പോൾ, അവർ ദൈവത്തിൽ ആശ്രയിക്കുന്നത് പഠിക്കുകയില്ല. അതുപോലെ അവർ പൂർണ്ണഹൃദയത്തോടെ അവനിൽ മാത്രം ആശ്രയിക്കയും ഇല്ല. ദൈവത്തിൽ നിങ്ങളുടെ കുട്ടികൾ ആശ്രയിക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നു വെങ്കിൽ താങ്കൾ ഒരു ദൈവീകമായ മാതൃകയുള്ളവനായിരിക്കണം. അതായത് അവനിൽ ആശ്രയിക്കുന്ന ഒരുവനായിട്ട്. യേശു ക്രിസ്തു സകലത്തിന്റെയും കർത്താവാണ്. സകലത്തിനും ആയിട്ടും അവനിൽ ആശ്രയിക്കാം.

എല്ലാ ദിവസങ്ങളിലുമുള്ള കുടുംബ ജീവിതത്തിന്റെ സാഹചര്യത്തിൽ അനേകം കാര്യങ്ങളിൽ കൂടി ദൈവത്തിൽ ആ ശ്രയിക്കാം എന്നുള്ള കാര്യം നമുക്ക് പഠിക്കാം.

ദൈവത്തിൽ ആശ്രയിക്കുക നമ്മിൽ അല്ല.

“ യഹോവയിൽ ആശ്രയിക്കുന്നവനോ പുഷ്ടിപ്രാപിക്കും. സ്വന്ത ഹൃദയത്തിൽ ആശ്രയിക്കുന്നവൻ മൂഢൻ; ജ്ഞാനത്തോടെ നടക്കുന്നവനോ രക്ഷിക്കപ്പെടും ”. (സദൃശ. 28:25,26). എല്ലാം നമ്മുടേതായിട്ടുള്ള നിലയിൽ ചെയ്യണമെന്നുള്ള ഒരു സ്വാഭാവിക പ്രതിഭാസം നമ്മിലുണ്ട്. നിങ്ങളുടെ മക്കൾ അല്ലെങ്കിൽ നിങ്ങളുടെ മാതാപിതാക്കൾ ഒരു തെറ്റു ചെയ്യുമ്പോൾ പ്രാർത്ഥനയ്ക്കായിട്ട് ദൈവത്തിന്റെ അടുക്കലേക്ക് പോകുന്നതിന് മുമ്പ് തെറ്റിനെ സ്വയം പരിശോധിച്ച് അതിനെ തിരുത്താനുള്ള അവസരം കണ്ടെത്തണം. നമ്മുടേതായ ശക്തികൊണ്ട് കാര്യാദികൾ ചെയ്യുവാൻ ശ്രമിക്കുമ്പോഴും അല്ലെങ്കിൽ നമ്മുടെ ജ്ഞാനത്തോടെ ചെയ്യുമ്പോഴും മിക്കപ്പോഴും നാം അവിടെ ഒക്കെ യും പരാജയപ്പെടും. എപ്പോഴാണോ ദൈവത്തിന്റെ കഴിവിൽ പ്രവർത്തിക്കുവാൻ നാം ആശ്രയം വയ്ക്കുന്നത് അങ്ങ നെ നമ്മുടെ എല്ലാ സാഹചര്യങ്ങളിൽ കൂടിയും നമുക്ക് പൂർണ്ണമായിട്ടു ഉറപ്പു വരുത്തുവാനും കഴിയും. അതിന്റെ പരിണിതഫലം അവന്റെ പരിപൂർണ്ണമായ പദ്ധതി പ്രകാരവും അതുപോലെ സമയത്തിലു മാണെന്ന് നമുക്ക് ഉറപ്പ് വരുത്തുവാനും സാധിക്കും.

ജനത്തിലോ വസ്തുക്കളിലോ ആശ്രയിക്കാതെ ദൈവത്തിൽ ആശ്രയിക്കുക

1. **സമ്പത്ത്** :- “ തന്റെ സമ്പത്തിൽ ആശ്രയിക്കുന്നവൻ വീഴും ” (സദൃശ.11:28). ലോകത്തിലെ അനേകം മനുഷ്യർ വിശ്വസിക്കുന്നത് അവർക്ക് ആവശ്യത്തിനുള്ള സമ്പത്ത് ഉണ്ടെങ്കിൽ ലോകത്തിലെ സകല പ്രശ്നങ്ങളും പരിഹരിക്കപ്പെടാം എന്നാണ്. നമ്മുടെ ആവശ്യങ്ങളുടെ മദ്ധ്യേ ദൈവത്തിൽ ആശ്രയിക്കുവാൻ നാം ശ്രമിക്കുകയാണെങ്കിൽ അതായിരിക്കും ബുദ്ധിയെകെടുത്തി

(ശേഷം 8-ാംപേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം. “ നിന്റെ ദൈവമായ യോഹവയെ നീ ഭയപ്പെടേണം, അവനെ സേവിക്കേണം. അവനോടു ചേർന്നിരിക്കേണം. അവന്റെ നാമത്തിൽ സത്യം ചെയ്യേണം. അവൻ ആകുന്നു നിന്റെ പുകഴ്ച. അവനാകുന്നു നിന്റെ ദൈവം. നീ കണ്ണാലെ കണ്ടിട്ടുള്ള മഹത്തും ഭയങ്കരവുമായ കാര്യങ്ങളെ നിനക്കു വേണ്ടി ചെയ്തതു അവൻ തന്നേ. നിന്റെ ദൈവമായ യഹോവ നിന്നെ പെരുക്കി ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെ ആക്കിയിരിക്കുന്നു ” (ആവർ. 10:20,21,22).

2022 ജൂലൈ മാസം നമ്മെ വിട്ട് കടന്നുപോയി. ആഗസ്റ്റ് മാസത്തിലേക്കു നാം കടന്നു വന്നിരിക്കുന്നു.

ദൈവം നമ്മുടെ എല്ലാ കഷ്ടതകളിൽ നിന്നും പ്രശ്നങ്ങളിൽ നിന്നും തന്റെ വചനത്തിലൂടെ നമ്മെ വിടുവിക്കും. നിങ്ങൾ ദൈവത്തിൽ മാത്രം നോക്കിക്കൊണ്ട് അവനെ മുറുകെ പിടിക്കുക. കർത്താവ് ഇന്നും ജീവിക്കുന്നു. അവിടുന്ന് നമ്മെ കാണുന്നു. അവിടുന്ന് നമ്മുടെ പ്രാർത്ഥനകൾ കേട്ട് ഉത്തരം നൽകുന്നു.

ദൈവഭക്തിയിൽ വിശുദ്ധിയെ തികെച്ചുകൊൾക. കർത്താവിനെ ഭക്തിയോടെ അന്വേഷിക്കുമ്പോൾ ദൈവം നിങ്ങളിൽ പ്രസാദിക്കുകയും നിങ്ങളുടെ ജീവിതത്തെ പൂർണ്ണമായും രൂപാന്തരപ്പെടുത്തി ദൈവത്തിനായി ജയ ജീവിതം നയിക്കുവാനും നിങ്ങൾക്കു കൃപ തരും. ഓരോ ദിവസവും വിശുദ്ധിയിലും വേർപാടിലും നമുക്ക് ജീവിക്കാം.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ., തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

ദൈവശക്തിയിൽ ആശ്രയിക്കുന്നതിനുള്ള കാരണങ്ങൾ

By William Gumall

“ ഒടുവിൽ കർത്താവിലും അവന്റെ അമിതബലത്തിലും ശക്തിപ്പെടുവിൻ ” (എഫെ.6:10)

എന്താണ് അവന്റെ ശക്തിയുടെ ബലം? ചില അവസരങ്ങളിൽ ദൈവം ഇങ്ങനെ വിശദീകരിക്കപ്പെട്ടിരിക്കുന്നു. അതായത് ദൈവം ശക്തനും ബലവാനുമെന്ന്, ചില സമയങ്ങളിൽ സർവ്വശക്തൻ എന്നും എന്താണ് ഇവിടെ പ്രാധാന്യം ആയിരിക്കുന്നത്. നാം അനശ്വരനായ ദൈവത്തിക്കുറിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നത്,

സർവ്വശക്തനായവന്റെ ബലത്തെക്കുറിച്ച്

എപ്രകാരമാണ് ഒരു വിശ്വാസി അവന്റെ ശക്തിയുടെ ഉറവിടത്തെ അനുഭവിക്കുന്നത്? ദൈവത്തിന്റെ അമിത ബലത്തിൽ ശക്തരായിരിക്കണമെങ്കിൽ രണ്ട് വിശ്വാസത്തിന്റെ പ്രവർത്തികൾ ആവശ്യമായിരിക്കുന്നു. ആദ്യമായിട്ടു ദൈവത്തിന്റെ അമിതബലത്തിന്റെ സ്ഥിരമായതും, അനുയിപ്പിക്കുന്നതും ഉറപ്പുള്ളവരും ആയിരിക്കേണം. ഇത് അടിസ്ഥാനപരമായ സത്യം ആണ്. രണ്ടാമതായിട്ട് ദൈവം സർവ്വശക്തനാണെന്ന് വിശ്വസിക്കുക മാത്രമല്ല താങ്കൾ ചെയ്യുവാനുള്ളത്, പ്രത്യുത താങ്കളെ നിലനിർത്തുവാൻ വേണ്ടി സർവ്വശക്തനായ ദൈവം എപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്ന് ബോദ്ധ്യം ഉള്ളവരായിരിക്കേണം. നാം എല്ലാ പരിശോധനകളിൽ കൂടിയും കടന്ന് പോകേണമെന്ന് ദൈവം പ്രതീക്ഷിക്കുന്നു എല്ലാം പ്രലോഭനങ്ങളിലും അവന്റെ കരങ്ങളിൽ ചാരുന്നവരായിട്ട്.

വളരെ പരുക്കനായ പാതകളിൽ കൂടി ഒരു കുഞ്ഞ് യാത്ര ചെയ്യേണ്ടിവരുമ്പോൾ ഒരു പിതാവ് തന്റെ കരങ്ങളെ അവന്റെ കുഞ്ഞിനു കൊടുക്കുന്നതുപോലെ, വിശ്വാസത്താൽ അവനിൽ അണയുന്നവരെ നടത്തുവാൻ അവരുടെ അടുക്കലേക്ക് ആ കരങ്ങൾ നീട്ടപ്പെടുന്നു. ദൈവം ഇതു അബ്രഹാമിനും യിസഹാക്കിനും യാക്കോബിനും വേണ്ടി ചെയ്തു, അവരുടെയൊക്കെയും വിശ്വാസം അവിടുന്ന് ശോധന ചെയ്കയും മുകളിൽ പറഞ്ഞിരിക്കുന്ന അവന്റെ വിശുദ്ധന്മാരിൽ നേരത്തെയും അല്ലെങ്കിൽ വളരെ കാലഘട്ടങ്ങളിലായിട്ട് അതു തുടർന്നുകൊണ്ടും ഇരിക്കുന്നു.

എങ്ങനെയാണ് അപ്പോൾ ദൈവം അവർക്ക് തന്നെത്തന്നേ അറിയിച്ചത്. അവന്റെ ശക്തിയുടെ ഗുണങ്ങൾ അവരുടെ മുമ്പാകെ വെളപ്പെടുത്തിയതിനാലാണ് ഇപ്രകാരം പ്രവർത്തിക്കപ്പെട്ടത് (പുറ.6 :3). അവരുടെ പാദങ്ങൾ തീർച്ചയായിട്ടു അവന്റെ മുമ്പാകെ വിശ്വസ്തതയുള്ളതായിരുന്നു. അവർ സുഖത്തോടെ ജീവിക്കുകയും, വിജയശ്രീലാളിതരായിട്ടു മരണം പ്രാപിക്കുകയും ചെയ്തു. അവരുടെ അനന്തരാവകാശികൾക്ക് വാഗ്ദത്തങ്ങളെ കൈമാറുകയും ചെയ്തു. അവർ ഒരിക്കലും സംശയിക്കപ്പെട്ടിരുന്നില്ല. എന്തുകൊണ്ടെന്നാൽ സർവ്വശക്തനായ ദൈവം തന്നെയാണ് വാഗ്ദത്തം ചെയ്തിരുന്നത്.

അവന്റെ പഴയകാല രേഖ

ചരിത്രത്തിൽ ഉടനീളം ദൈവം അവന്റെ ശക്തിയുടെ പര്യാപ്തത തെളിയിക്കപ്പെട്ടരിക്കുകയാണ്. എന്നിട്ട് ഇത് വളരെ ലളിതമായിട്ട് വിശ്വസിക്കുവാൻ സാധിക്കുന്നില്ല. മോശെ തന്നേ അവന്റെ കൃപയുടെ വലിപ്പത്തിന്റെ ആദ്യ താരം ആയിരുന്നു. എന്നിട്ടു അവന്റെ വിശ്വാസം കണ്ണ് മിഴിച്ചു നോക്കുകയും അതുപോലെ മിന്നിയും മങ്ങിയും ഇരിക്കുകയാണ്. അവന്റെ സംശയങ്ങൾ നിവാരണം ചെയ്യുന്നതുവരെ അവൻ ദൈവത്തോടു പറഞ്ഞും “ അപ്പോൾ മോശെ: എന്നോടുകൂടെയുള്ള ജനം ആറു ലക്ഷം കാലാൾ ഉണ്ട്. ഒരു മാസം മുവുവൻ തിന്മാൻ ഞാൻ അവർക്കു ഇറച്ചി കൊടുക്കുമെന്നു നീ അരുളിചെയ്യുന്നു. അവർക്കു മതിയാകുംവണ്ണം ആടുകളേയും മാടുകളേയും അവർക്കു വേണ്ടി അറുക്കുമോ? അവർക്കു മതിയാകുംവണ്ണം സമുദ്രത്തിലെ മത്സ്യത്തെ ഒക്കെയും അവർക്കുവേണ്ടി പിടിച്ചു കൂട്ടുമോ എന്നു ചോദിച്ചു” (സംഖ്യ 11:21,22).

വിശുദ്ധനായ മനുഷ്യന് അല്പസമയത്തേക്ക് തന്റെ കാഴ്ചശക്തി നഷ്ടപ്പെട്ടുപോയിരിക്കുകയാണ് സർവ്വശക്തനായ ദൈവത്തിന്റെ സമക്ഷം, അതുപോലെ തന്നെ ദൈവം എപ്രകാരം ആണ് തന്റെ വാക്ക് പാലിക്കുന്നതെന്നതിനെക്കുറിച്ചുള്ള ചോദ്യശരങ്ങൾ ഉയർത്തുവാനും തുടങ്ങി. അവൻ ചിന്തിക്കുന്നപ്രകാരം അവിടുന്ന് ശക്തനാണ്. ഓ, ദൈവമേ നിന്റെ ശക്തി ഈ സമയത്ത് കണക്കിലേറെ വിലമതിക്കുകയാണോ? അവിടുന്ന് വാഗ്ദത്തം ചെയ്തതു ചെയ്യപ്പെടുവാൻ കഴിയുന്നില്ല. എന്നാൽ അതിന്റെ കാരണങ്ങൾ വ്യക്തമാക്കുന്നു: യഹോവ മോശയോടു യഹോവയുടെ

(ശേഷം 4-ാംപേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

❖

(3-ാംപേജിന്റെ തുടർച്ച)

ദൈവശക്തിയിൽ ആശ്രയിക്കുന്നതിനുള്ള കാരണങ്ങൾ

കൈകുറുതായിപ്പോയോ? (വാക്യം 23).

ഇത് തന്നെയാണ് പുതിയ നിയമത്തിൽ മറിയയ്ക്കു സംഭവിച്ചതും: "കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നു എങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു എന്നു പറഞ്ഞു" (യോഹ. 11:32). ഇതിനോട് അവളുടെ സഹോദരി മാർത്ത കൂട്ടിച്ചേർത്തത്: " കർത്താവേ നാറ്റം വെച്ചുതുടങ്ങി " (വാക്യം. 39). ഈ രണ്ടു സഹോദരിമാരും ദൈവം ഉള്ളവരായിരുന്നു. എന്നിട്ടു അവർക്കു വളരെ ഗൗരവശക്തിയുടെ സംശയം ഉണ്ടായിരുന്നു. ക്രിസ്തുവിന്റെ ശക്തിയുടെ പ്രവൃത്തിയിൽ അവനെ ഒരുവൻ ഇരുപ്പിടത്തിന്റെ അടിസ്ഥാനത്തിൽ പരിചയപ്പെടുത്തുകയാണ്. കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ ക്രിസ്തുവിന്റെ സാന്നിധ്യമോ അസാന്നിധ്യമോ ആണ് ലാസറിനെ രക്ഷിക്കുവാൻ കഴിയാതെ ഇരുന്നതെങ്കിൽ! മറ്റൊരുവൻ അവനെ സമയത്തിന്റെ അടിസ്ഥാനത്തിൽ പരിമിതപ്പെടുത്തുന്നത് " നാറ്റം വെച്ചു തുടങ്ങി ". ക്രിസ്തു അവന്റെ പരിഹാരം നടത്തുവാൻ അധികം വൈകിയതിനാലും അതുപോലെ അവന്റെ കല്പന പ്രകാരം കല്ലറ തുറന്ന് തടവുകാരനെ മോചിപ്പിക്കാതെ ഇരുന്നെങ്കിൽ അവരുടെ അവിശ്വാസത്തിലും, ദൈവം അവന്റെ വിശ്വസ്തത തെളിയിച്ചു.

അവന്റെ ശാശ്വതമായ ആഗ്രഹം

എന്നേക്കും എല്ലായ്പ്പോഴും പിശാചിന്റെ ആഗ്രഹം നാം അവനിൽ തന്നേ ആശ്രയിക്കണമെന്നാണ്. ദൈവം എപ്പോഴും സർവ്വശക്തൻ എന്നു വിളിക്കപ്പെടുന്നതിനാണ് താല്പര്യപ്പെടുന്നത്; നാം അവനിൽ ആത്മവിശ്വാസം പുലർത്തണമെന്ന് നിർബ്ബന്ധിക്കുന്നു. ബുദ്ധിമാനായ കുട്ടി അവന്റെ പിതാവ് ആവശ്യപ്പെടുന്നപ്രകാരം ചെയ്യുന്നു. മനുഷ്യരൊക്കെ ഒരു പക്ഷേ വിളിക്കപ്പെടുന്നത് അവർ ബുദ്ധിമതികളെന്നും, ദയയുള്ളവരെന്നും ശക്തരെന്നും ഒക്കെ ആയിരിക്കാം. എന്നാൽ ദൈവം മാത്രമാണ് ബുദ്ധിയുള്ളവനും, ദയാപരനും അതുപോലെ തന്നേ സർവ്വശക്തനു മാണ്. നാം എപ്പോഴാണ് ഉപസർഗ്ഗമായിട്ട് വയ്ക്കുന്നത് ഇതെല്ലാം നാം ദൈവത്തെ ഏതെങ്കിലും സൃഷ്ടിയുടെ പേരു ചേർത്ത് കളിയാക്കിവിളിക്കുകയും അതിൽ കൂടി അവൻ പ്രാർത്ഥനയ്ക്ക് ഉത്തരം അരുളിചെയ്യുന്നും ഇല്ല.

ദൈവത്തിനു നമ്മുടെ വിശ്വാസം വളരെ പ്രധാനപ്പെട്ടതാണ്. ആയതിനാൽ അവിടുന്ന് ചില സമയങ്ങളിൽ ഒക്കെയും ചില ശിക്ഷകൾ അവിടുന്ന് വളരെ അടുത്ത കുഞ്ഞുങ്ങളുടെ ജീവിതത്തിൽ നല്കുകയും ചെയ്യുന്നു. അവരുടെ ചാഞ്ചാട്ട പ്രകൃതി മുഖാന്തരം നമ്മുടെ വളരെ താണ ദരിദ്ര നിലയിൽ പോലും നാം അവനിൽ എപ്പോഴും ആശ്രയിക്കണമെന്നാണ് അവിടുത്തെ ആഗ്രഹം. നാം യാതൊരു കാരണവശാലും തർക്കവാദഗതികൾക്കോ അല്ലെങ്കിൽ കാരണം അന്വേഷണത്തിനായിട്ടോ ശ്രമിക്കരുത്; വാഗ്ദത്തങ്ങളുടെ ശക്തിയിൽ നാം ചാരുകയും അതിന്റെ മുമ്പാകെ നമ്മെത്തന്നേ സമർപ്പിക്കുകയും വേണം.

സെഖര്യാവ് വെറുതെ ദൂതനോട് ആവശ്യപ്പെടുന്നത്, " ഇതു ഞാൻ എന്തൊന്നിനാൽ അറിയും? ഞാൻ വൃദ്ധനും എന്റെ ഭാര്യ വയസ്സു ചെന്നവളുമല്ലോ എന്നു പറഞ്ഞു " (ലൂക്കോ. 1:18). ദൈവത്തിന്റെ ശക്തിയുടെ വ്യാപാരത്തെ ചോദ്യം ചെയ്യുവാൻ ധൈര്യപ്പെട്ടതിനാൽ അവൻ ആ സ്ഥലത്തു വച്ചു തന്നേ സംസാരിക്കുവാൻ കഴിയാത്തവനായി ഒരു ഊമനായി തീർന്നു. ദൈവം ആഗ്രഹിക്കുന്നത് അവന്റെ മക്കൾ അവന്റെ വചനത്തിൽ വിശ്വസിക്കണമെന്നും, അതുപോലെ തന്നേ അവന്റെ അധികാരത്തെ ചോദ്യം ചെയ്യരുതെന്നുമാണ്. എടുത്തു പറയത്തക്കതായ അബ്രഹാമിന്റെ വിശ്വാസത്തിന്റെ പ്രത്യേകത ഇതായിരുന്നു അതായത് അവൻ: " വാഗ്ദത്തം ചെയ്തതു പ്രവർത്തിപ്പാനും ശക്തൻ എന്നു പൂർണ്ണമായി ഉറെച്ചു " (റോമ. 4:21).

നമ്മുടെ ആശ്രയത്വം ബലപ്പെടുവാൻ വേണ്ടി, കർത്താവ് അനവധി അവസരങ്ങളിൽ അവന്റെ ബലത്തിന്റെ വഴികളെ വെളിപ്പെടുത്തുന്നതിനായിട്ട് അവന്റെ ജനത്തിന്റെ ഇടയിൽ ഇടപെടാറുണ്ട്. ചില അവസരങ്ങളിൽ അവന്റെ അനുവാദത്താൽ ചില എതിർപ്പിന്റെ ശക്തികൾ എഴുന്നേൽക്കാറുണ്ട്. അവിടെ ഒക്കെയും സസൂക്ഷ്മതയോടെ ശരിയായ നിമിഷത്തിൽ തന്നെ അവന്റെ ഓർമ്മയ്ക്കായിട്ടു ബലമുള്ളതുണായിട്ട് അവൻ എഴുന്നേൽക്കുകയും ചെയ്യുന്നു. ഈ തൂൺ വളരെ കഷ്ടതയുടെ നടുവിൽ വന്ന് പ്രവർത്തിക്കുകയും അതിൽ അവന്റെ അത്യന്ത ശക്തിയാൽ നിറയപ്പെട്ടും ഇരിക്കുന്നു. അങ്ങനെ അവൻ എപ്പോഴാണോ കാര്യാദികളിൽ കടന്ന് വന്ന് പ്രവർത്തിക്കുന്നത് അപ്പോൾ എല്ലാവരും തീർച്ചെയായിട്ടു പറയും, സർവ്വശക്തന്റെ ബലം ആയിരുന്നു ഇവിടെ!

ഇതുപോലെയുള്ള സംഗതിയായിരുന്നു ലാസറിന്റേതു. ക്രിസ്തുവിന്റെ ബലത്തിന്റെ വലിയ പ്രദർശനത്തിനായിട്ടു അവൻ ആ മനുഷ്യൻ നല്ലവണ്ണം മരിക്കുന്നതുവരെയും അവിടുന്ന് മാറി നിന്നിരുന്നു. പഴയനിയമത്തിലും കർത്താവ് ഇതുപോലെയുള്ള പ്രവർത്തികൾ വെളിപ്പെടുത്തുന്നതിനായിട്ട് ഇങ്ങനെയുള്ള മാതൃകകൾ പ്രവൃത്തിച്ചിട്ടുണ്ട്. പുറപ്പാട് പുസ്തകം ഓർക്കുക. കാരാഗൃഹവാസിയായ യോസേഫിനോടുള്ള കർത്താവിന്റെ കരുതലുകളാൽ യിസ്രായേൽ ജനത്തെ ഈജിപ്തിൽ നിന്ന് പുറത്ത് കൊണ്ടുവരുമ്പോൾ, മിക്കവാറും അവർക്ക് വളരെ എളുപ്പത്തിലുള്ള ഒരു പുറപ്പാട് ഉണ്ടായിരിക്കാം. പകരമായിട്ട്, ദൈവം അഹങ്കാരിയായ ഫറവോനെ തന്റെ ജനത്തെ വളരെ ക്രൂരമായിട്ട് കഷ്ടപ്പെടുത്തിയവൻ അവന്റെ അധികാരത്തിൽ നിന്നു അവരെ മോചിപ്പിക്കുന്നതിനായിട്ടും അവന്റെ മക്കൾ തീർച്ചയായിട്ടു അറിയുകയും വേണം യാതൊരു സംശയങ്ങൾക്കു അപ്പുറമായിട്ട് ആരാണ് അവരെ രക്ഷിച്ചതെന്നും.

ദൈവത്തിന്റെ സമയത്തുള്ള ഇടപ്പെടലുകളിൽ കൂടി അവിടുന്ന് ചെയ്യുന്ന ഒരു പ്രവൃത്തിയാണ് അതിന്റെയെല്ലാം തീർച്ചപ്പെടുത്തലുകൾ. അങ്ങനെ താങ്കൾക്ക് സർവ്വശക്തനായവന്റെ ബലത്തിൽ വിശ്വസിക്കുവാനും സാധിക്കുന്നു. അത് നമ്മെ നാം അനുഭവിക്കുന്ന എല്ലാ കഷ്ടതകളിലും പ്രലോഭനങ്ങളിലും നമ്മുടെ പ്രതിരോധം ആയിട്ടു മാറുകയും ചെയ്യുന്നു. ദൈവം അത്ഭുതകരമായിട്ടാണ് യിസ്രായേലിനെ ഈജിപ്റ്റിൽ നിന്നു പുറത്ത് കൊണ്ടുവന്നത്. അവരുടെ സ്വന്തം ശക്തിയും കഴിവുകളും ഉപയോഗിച്ച് കനാനെ കാണുവാൻ അവൻ അവരെ ചെങ്കടലിന്റെ മറുവശത്ത് നിർത്തിയിട്ട് ശ്രമിച്ചിരുന്നുവോ? ഇല്ല, ഒരു മനുഷ്യൻ തന്റെ മകനെ വഹിക്കുന്നതുപോലെ " നിങ്ങൾ ഈ സ്ഥലത്തു എത്തുവോളം നടന്ന എല്ലാ വഴിയിലും നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളെ വഹിച്ചു എന്നു നിങ്ങൾ കണ്ടുവല്ലോ എന്നു പറഞ്ഞു " (ആവർ. 1:31).

വിശുദ്ധൻ മുന്നോട്ടു നടന്നു നീങ്ങിയപ്പോൾ മുഴുവൻ രാജ്യവും അവന് എതിരായിട്ടും എഴുന്നേറ്റപ്പോൾ, എങ്ങനെയാണ് സുരക്ഷിതനായിട്ട് പണ്ടത്തെപ്പോലെ ശത്രുവിന്റെ അതിർത്തിയിൽ ആയിരിക്കുവാൻ സാധിക്കുന്നത്? ദൈവം തന്നേ ശാശ്വതമായ ബലത്താൽ അവനെ പൊതിയുകയും ചെയ്യുന്നു. " അവകാശത്തിനായി തന്നേ വീണ്ടും ജനിപ്പിച്ചിരിക്കുന്നു " (1പത്രൊ. 1:5) ദൈവത്തിന്റെ ബലത്താൽ തന്നെയാണ് ക്രിസ്തു അവിടുത്തെ തോളുകളിൽ താങ്കളെ വഹിക്കുന്നതു, അവിടുത്തെ നഷ്ടപ്പെട്ടുപോയ ആടിനെ, ഭവനത്തിൽ നിന്ന് പോയവൻ സന്തോഷിക്കുകയാണ്. അവൻ പോയതുപോലെ (ലൂക്കോ. 15:5). " ശാശ്വതമായ അവന്റെ കരങ്ങളുടെ ബലം കഴുകന്റെ ചിറകുകൾ പോലെ ഉള്ളതാകുന്നതിൽ ഞാൻ നിങ്ങളെ വഹിച്ചു സുരക്ഷിതനായിട്ടു ദൈവമഹത്വത്തിനായിട്ടു പ്രവർത്തിച്ചല്ലോ "

കുഞ്ഞാടിന്റെ രക്തത്തിന്റെ ബലം

By Roy Hession

ഈ ദിവസങ്ങളിൽ നമ്മിലേക്കു കടുന്നു വരുന്ന ഉണർവ്വിന്റെ ദൂതുകളും അതിന്റെ വെല്ലുവിളികളുമെല്ലാം അതിന്റെ അങ്ങേയറ്റമായ ലാളിത്വത്തിലേക്കുള്ള അന്വേഷണത്തിലേയ്ക്കാണ് നയിക്കുന്നത്. ഇത് വളരെ ലളിതമാണ്. അതായത് ലോകത്തിന്റെ ഒരു കാര്യം മാത്രമാണ് ക്രിസ്ത്യാനികളുടെ നടത്തിപ്പിന് തടസ്സമായിട്ട് നില്ക്കുന്നതും. വിജയകരമായിട്ടുള്ള ദൈവത്തോടുള്ള ബന്ധത്തിനും അതുപോലെ അവിടുത്തെ ആത്മാവിനാൽ നിറയപ്പെടുന്നതിനു അങ്ങനെയുള്ളതാകുന്നു പാപത്തിന്റെ ഒരു രൂപം അല്ലെങ്കിൽ വേറൊരു ആകൃതി.

ഒരു കാര്യത്തിനു മാത്രമേ സാധ്യമാകു. ലോകത്തിൽ അവനെ പാപത്തിൽ നിന്നു ശുദ്ധീകരിക്കുവാൻ. അതിന്റെ എല്ലാ അർത്ഥത്തിലുമുള്ള സ്വതന്ത്രവും അതുപോലെ വിജയവും നല്കുവാനും അതുപോലെ അതാകുന്നു യേശുക്രിസ്തുവിന്റെ രക്തത്തിന്റെ ബലം. ഇതാകുന്നു, എന്നിരുന്നാലും നമുക്ക് വളരെ പ്രധാനപ്പെട്ടതായിട്ടുള്ളത് അതാകുന്നു നാം തീർച്ചയായിട്ടു കാണേണ്ടതു. എന്താകുന്നു ക്രിസ്തുവിന്റെ രക്തത്തിനു നല്കുവാൻ കഴിയുന്ന അതിന്റെ ശക്തമായ ദൈവത്തിന്റെ ബലം മനുഷ്യന് പകരമായിട്ടുള്ളതും, അപ്പോൾ നമുക്ക് മനസ്സിലാക്കുവാൻ കഴിയും അതിന്റെ വ്യവസ്ഥകളും ഏതിനാലാണ് അതിന്റെ പൂർണ്ണ ബലം നമ്മുടെ ജീവിതങ്ങളിൽ അനുഭവിക്കുവാൻ സാധിക്കുന്നതു എന്നും.

എത്രയോ നന്മകളും എത്രയോ അനുഗ്രഹങ്ങളുമാണ് മനുഷ്യർക്കായിട്ടുള്ളത്. തിരുവചനത്തിൽ .യേശുക്രിസ്തുവിന്റെ രക്തത്താൽ പ്രാപിക്കുവാൻ ഉള്ളത്! അവിടുത്തെ രക്തത്തിന്റെ ബലത്തിൽ മനുഷ്യനും ദൈവത്തിനും ഇടയിൽ സമാധാനം സ്ഥാപിക്കപ്പെട്ടിരിക്കുന്നതും (കൊലോ. 1:20). അതിന്റെ ശക്തിയിൽ പാപത്തിൽ നിന്നുള്ള ക്ഷമയും അതുപോലെ ശാശ്വതമായ ജീവിതവും ലഭിക്കുന്നു. ആരൊക്കെയാണോ കർത്താവായ യേശുവിൽ വിശ്വാസം വയ്ക്കുന്നത് (കൊലൊ. 1:14, യോഹ. 6:54). " അവന്റെ രക്തത്തിന്റെ ബലത്താൽ പിശാചിനെ ജയിച്ചു " (വെളി. 12:11).

അതിന്റെ ബലത്താൽ തുടർമാനമായ ശുദ്ധീകരണം ലഭിക്കുന്നു. നമ്മുടെ പാപങ്ങളിൽ നിന്ന് (1യോ. 1:7). അവന്റെ രക്തത്തിന്റെ ബലത്താൽ നാം സ്വതന്ത്രരാകുന്നു പൈശാചികമായ മനോഭാവത്തിൽ നിന്നു അവന്റെ നിഷ്ഠൂരമായ വാഴ്ചകളിൽ നിന്നു അതുപോലെ തന്നേ ജീവനുള്ള ദൈവത്തെ സേവിക്കുന്നതിനും (എബ്രാ 9;14). ഇവിടെ അനന്തമായ ദൈവത്താലുള്ള ബലത്താൽ യാതൊരു യോഗ്യതകളും ഇല്ലാതിരുന്നവർക്ക് അതി വിശുദ്ധമായ ദൈവത്തിന്റെ സന്നിധിയിലേക്കു പ്രവേശിക്കുന്നതിനുള്ള സ്വാതന്ത്ര്യവും അതുപോലെ ദിവസം മുഴുവൻ അവിടെ ആയിരിക്കുവാനും സാധിക്കുന്നു (എബ്രാ. 10:19). നാം ചോദിച്ചേക്കാം രക്തത്തിന്റെ ബലം എന്താണ് നല്കുന്നത്!

ഈ ചോദ്യത്തിനായിട്ടു നാം മറ്റുള്ള ചോദ്യങ്ങളുമായി ബന്ധപ്പിക്കേണ്ടതായി വരുന്നു. എങ്ങനെയാണ് നാം നമ്മുടെ ജീവിതങ്ങളിൽ ഇതിന്റെ മുഴുവൻ ബലവും അനുഭവിച്ചുകൊണ്ടിരിക്കുന്നത്? അധിക സമയങ്ങളിലും ശ്രേഷ്ഠമായ രക്തം അതിന്റെ ശുദ്ധീകരിണവും, സമാധാനം നല്കുന്നതും, ജീവനെ നല്കുന്നതും നമ്മുടെ ഹൃദയത്തിലെ ബലത്തെ പാപം നശിപ്പിക്കുന്നതിലും പ്രവർത്തിക്കാതെയും അതുപോലെ മിക്കപ്പോഴും നാം നമ്മിൽ തന്നേ കാണുവാൻ ശ്രമിക്കുന്നില്ല ദൈവത്തിന്റെ സാന്നിധ്യവും അതുപോലെ ദിവസം മുഴുവനും അവിടുത്തെ കൂട്ടായ്മയും.

എവിടെ നിന്നാണ് ഇതിന്റെ ബലം?

ആദ്യത്തെ ചോദ്യത്തിനു ഉത്തരമായിട്ടു നിർദ്ദേശിക്കപ്പെട്ട വാക്യം വെളിപ്പാടിന്റെ പുസ്തകത്തിലെ ക്രിസ്തുവിന്റെ രക്തത്തെ സമർപ്പിക്കപ്പെട്ടിരിക്കുന്നതിന്റെ വെളിപ്പെടുത്തലുകളാണ്, കുഞ്ഞാടിന്റെ രക്തത്താൽ (വെളി. 7:14) എന്നാണ്. കുഞ്ഞാടിന്റെ രക്തം ശ്രേഷ്ഠമായ രക്തവും അതിന്റെ ശക്തിയും ദൈവത്താലുള്ളത് മനുഷ്യവർഗ്ഗത്തിനായിട്ടു വേണ്ടിയുള്ള കുഞ്ഞാടുപോലെ ആയവന്റെ ആരാണോ ഇത് ചൊരിഞ്ഞത് അതുപോലെ ഏതാണോ അതാകുന്നു ഏറ്റവും പരമായതും.

തിരുവചനത്തിൽ കർത്താവായ യേശുവിന് അനേകം അവസരങ്ങളിൽ കുഞ്ഞാട് എന്ന പദവിയോടാണ് കാണപ്പെടുന്നത്. ഇത് ആദ്യമായിട്ടു തന്നേ അവിടുത്തെ പ്രവർത്തനത്തോടുള്ള ബന്ധത്തിൽ അതായത് നമ്മുടെ പാപപരിഹാരത്തിനായിട്ടുള്ള പരമയാഗം ആയിട്ട് ആണ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്. പാപം ചെയ്തുപോയി ഒരു യിസ്രായേൽ ദൈവവും ആയിട്ടുള്ള ഒരു നല്ല കൂട്ടായ്മ പുന:സ്ഥാപിക്കുവാൻ അതിനുള്ളതാണ് കുഞ്ഞാടിന്റെ രക്തം (ചില സമയത്ത് കോലാട്) അത് ബലിപീഠത്തിൽ ഒഴിക്കുകയും തളിക്കപ്പെടുകയും ചെയ്തിരുന്നു. യാഗം കഴിക്കപ്പെട്ട എല്ലാ ആടുകൾക്കുവേണ്ടിയുള്ള ദൈവികമായ നിവൃത്തീകരണം ആണ് യേശു. ഈ കുഞ്ഞാട് ലോകത്തിന്റെ സകല പാപവും ചുമക്കപ്പെട്ട ദൈവത്തിന്റെ കുഞ്ഞാടാണ് (യോഹ. 1:29).

എന്നാൽ കുഞ്ഞാട് എന്ന പദവിക്ക് ഒരു ആഴമായ അർത്ഥമാണ് ഉള്ളത്. ഇത് അതിന്റെ സ്വഭാവത്തെ വെളിപ്പെടുത്തുന്നു. അവൻ കുഞ്ഞാട് ആകുന്നു ഇതിൽ അവൻ ക്ഷമാശീലം ഉള്ളവനും വിനീത ഹൃദയമുള്ളവനും ആകുന്നു (മത്താ .11:29) മാന്യനായവനും പ്രതികാരമനസ്സിലാത്തവനുമാണ്. എല്ലാ സമയവും അവന്റെ ഇഷ്ടത്തെ പിതാവിന് സമർപ്പിക്കുകയും ചെയ്യുന്നു (യോഹ. 6:38). മനുഷ്യന്റെ അനുഗ്രഹത്തിനു അവന്റെ രക്ഷ യ്ക്കു ആയിട്ടും. ആരായിരുന്നാലും എന്നാൽ കുഞ്ഞാട് വാക്കിനാലോ ഭാവത്താലോ പെരുമാറ്റത്തിലോ അനിഷ്ടം കാട്ടുകയോ പ്രതികരിക്കുകയോ ചെയ്യാതെ മനുഷ്യന്റെ പ്രവർത്തികളിൽ എന്നാൽ അവിടുന്ന് പിതാവിനോടുള്ള അനുസരണത്തിലായിരുന്നു (ഫിലി. 2:8). നമ്മോടുള്ള സ്നേഹത്തിൽ, വേറെ ഒന്നും ചെയ്തില്ല. മനുഷ്യർ ഇഷ്ടപ്പെട്ടതു അവനോടു പ്രവർത്തിച്ചു എന്നാൽ നമ്മുടെ രക്ഷയ്ക്കായിട്ടു എല്ലാ സമയവും അവൻ ഏൽപിച്ചുകൊടുത്തു.

അവൻ അപവാദം കേട്ടപ്പോൾ, അവിടുന്ന് പ്രതികരിച്ചില്ല. അവിടുന്ന് പങ്കപാടുകൾ ഏൽക്കുമ്പോൾ അവിടുന്ന് ആരേയും ഭീഷണിപ്പെടുത്തിയില്ല. അവിടുത്തെ അവകാശങ്ങൾക്കായിട്ട് എഴുന്നേറ്റ് വാദിച്ചില്ല, ആരുടെയും പുറത്ത് അടിച്ചിരുന്നില്ല, ഒരു ദു:ഖഭാവവും ഇല്ല, യാതൊരു പരാതിയും ഇല്ല. നമ്മിൽ നിന്ന് എത്രയോ വിഭിന്നം ആയവൻ! പിതാവിന്റെ ഇഷ്ടവും മനുഷ്യന്റെ സകല തിന്മകളും അവനെ കാൽവരിയിലേയ്ക്കു നയിച്ചപ്പോൾ, കുഞ്ഞാടായവൻ വളരെ വിനീതനായിട്ടുള്ള അവിടുത്തെ തലയെ അതിനായിട്ട് പൂർണ്ണമായിട്ട് താഴ്ത്തി ഏൽപിച്ചുകൊടുത്തു. ഈ കുഞ്ഞാടിനെയാണ് പ്രവാചകനായ യെശയ്യാവ് കണ്ടതും പ്രവചിച്ചതും, " കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിണ്ടാതെ ഇരിക്കുന്ന ആടിനെപ്പോലെയും അവൻ വായെ തുറക്കാതിരുന്നു " (യെശ.53:7)

ചാട്ടവാറ് കൊണ്ട് അടിച്ചപ്പോഴും അപവാദം പറഞ്ഞപ്പോഴും കളിയാക്കിയപ്പോഴും, മുഖത്ത് കാർക്കിച്ച് തുപ്പിയപ്പോഴും, താടിരോമങ്ങൾ പിടിച്ച് പറിച്ച് എടുത്തപ്പോഴും ക്ഷീണിതനായിട്ട് അവിടുത്തെ അവസാനത്തെ ഓരോ ചുവടു വേച്ച് വേച്ച് വച്ച് മലയുടെ കുലക്കളത്തിലേയ്ക്ക് യാത്ര ചെയ്യുമ്പോൾ ആണികളാൽ അടിക്കപ്പെട്ടവനായിട്ട്

തൂക്കപ്പെടുമ്പോൾ അവിടുത്തെ വിലാപ്പുറം തുളയ്ക്കപ്പെടുമ്പോഴും രക്തം പുറത്തേക്ക് ഒഴുകിയപ്പോഴും ഇങ്ങനെയുള്ളയാ തൊന്നും ഒരിക്കലും ഉണ്ടായിരുന്നില്ല. കുഞ്ഞാടായ അവനിൽ എല്ലാം അവിടുന്ന് കൊടുത്തത് എന്റെ പാപത്തിന്റെ വിലയായിട്ടാണ്! അതുകൊണ്ട് നാം കാണുന്നത് കേവലം ഒരു കുഞ്ഞാടായിട്ടല്ല എന്തുകൊണ്ടെന്നാൽ കുരിശിൽ അവിടുന്ന് കൊല്ലപ്പെട്ടു, എന്നാൽ അവിടുന്ന് ക്രൂശിൽ മരിക്കപ്പെട്ടു എന്തുകൊണ്ടെന്നാൽ അവനാകുന്നു കുഞ്ഞാട്.

നാം എപ്പോഴെങ്കിലും ഈ നിലയിലുള്ള ഒരു മനോഭാവം രക്തത്തിലുള്ളത് കണ്ടിരിക്കുന്നുവോ. രക്തത്തിന്റെ ഓരോ വിളിയും നമ്മുടെ മനസ്സിനെ ഒരു ആഴമേറിയ വിനയത്തോടും കുഞ്ഞാടിന്റെ സ്വയ സമർപ്പണത്തേയുമാണ് എന്തുകൊണ്ടെന്നാൽ ഈ തരത്തിലുള്ള മനോഭാവത്താൽ ദൈവമായിട്ടുള്ള രക്തത്തിന്റെ അത്ഭുതകരമായ ബലത്തെയും നല്കുന്നു. എബ്രാ. 9:14-ൽ ക്രിസ്തുവിന്റെ രക്തത്തെ ദൈവത്തിന്റെ മുമ്പാകെയുള്ള സ്വയം സമർപ്പണത്തേയാണ് വെളിപ്പെടുത്തുന്നത്. നിത്യാത്മാവിനാൽ ദൈവത്തിനു തന്നെത്താൻ നിഷ്കളങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം....

ഇവിടെ വെളിപ്പെടുത്തുന്ന യാഥാർത്ഥ്യം അതായത് മനുഷ്യനുവേണ്ടിയുള്ള ദൈവത്തിന്റെ ശക്തിയെ ശേഖരിച്ച് വച്ചിരിക്കുകയാണ്. ദൈവത്തിന്റെ പരമപ്രധാനമായ മൂല്യത്തെയാണ് ഇവിടെ പ്രദർശിപ്പിച്ചിരിക്കുന്നത്. അവൻ പരമപ്രധാനമായിട്ട് മനുഷ്യനിൽ നിന്നു കാണുവാൻ ആഗ്രഹിക്കുന്നത് അതായത് വിനയം, കുഞ്ഞാടിന്റേതു പോലുള്ളത്. ദൈവമുമ്പാകെയുള്ള നമ്മുടെ സകല താല്പര്യങ്ങളുടെയും സമർപ്പണം അങ്ങനെയുള്ളതെല്ലാം ദൈവം ആദ്യ മനുഷ്യനെ എന്നേക്കുമായിട്ട് സൃഷ്ടിച്ചപ്പോൾ അവനിൽ ഈ വകയെല്ലാം വെളിപ്പെട്ടിരുന്നു. ഈ വഴിയിൽ കൂടി നടക്കുവാനുള്ള അവന്റെ വെറുപ്പു അവന്റെ ആദ്യ പാപവും ഇതായിരുന്നു (ഇതായിരുന്നു ഹൃദയത്തിൽ അന്നു മുതൽ പ്രവേശിക്കപ്പെട്ട പാപം).

ഈ ഏർപ്പാട് ആണ് യേശുവിനെ ഭൂമിയിലേക്കു കൊണ്ടുവന്നത്. ഇത് പിതാവ് അവനിൽ കണ്ടിട്ട് ഇങ്ങനെ പറയുവാൻ കഴിഞ്ഞു. " ഇവൻ എന്റെ പുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു " ഇതായിരുന്നു അവന്റെ മുഴുവൻ രക്തവും ചിന്തിയതു. അങ്ങനെ പരമപ്രധാനമായിട്ട് വെളിപ്പെടുത്തുകയും ചെയ്തതു ദൈവത്തിനു അങ്ങേയറ്റം ശ്രേഷ്ടകരമായിട്ടു കണ്ടതും മനുഷ്യനും അവന്റെ പാപപരിഹാരത്തിനുമായിട്ടു ഈ ഒരു ഏർപ്പാട്.

രണ്ടാമത്തെ ചോദ്യം

നാം ഇപ്പോൾ രണ്ടാമത്തെ ചോദ്യവും ആയിട്ടാണ് വന്നിരിക്കുന്നത്. നമ്മുടെ ജീവിതങ്ങളിൽ ഇതിന്റെ പൂർണ്ണ ബലവും എങ്ങനെയാണ് അനുഭവിക്കുവാൻ സാധ്യമാകുന്നത്? നമ്മുടെ ഹൃദയം തീർച്ചയായിട്ടു ഇതിന്റെ ഉത്തരം നല്കുന്നു. നാം കുഞ്ഞാടിനെ നോക്കുമ്പോൾ അവന്റെ തലയെ നമുക്കുവേണ്ടി കാൽവറിയിൽ താഴ്ത്തികുനിച്ചു. ഇത് ആ ഒരു ഏർപ്പാടിന് ആയിട്ടാണ് അവനെ പ്രേരിപ്പിച്ചത്. അതുപോലെ നാം നമ്മുടെ കഴുത്തിനെയും കുനിച്ച് അതായത് നുറുക്കത്തോടെ അതേ അവിടുന്ന് ചെയ്തതുപോലെ ഇങ്ങനെയുള്ള ഒരു പ്രവർത്തിയിൽ കൂടി കുഞ്ഞാട് അവന്റെ രക്തത്തിന്റെ ശക്തിയെ വെളിപ്പെടുത്തുകയും ചെയ്യുകയാണ്. അതായത് നാം കുഞ്ഞാടിന്റെ ഈ പ്രവൃത്തിയോടെ തുല്യമനോഭാവമുള്ളവരായിട്ട് ഇതിൽ പങ്കാളിത്വം സ്വീകരിക്കുവാൻ താല്പര്യമുള്ളവരായി തീരുമ്പോൾ, അങ്ങനെ നാം അറിയുക തന്നേ ചെയ്യും ഇതിന്റെ പൂർണ്ണ ബലവും നമ്മുടെ ജീവിതങ്ങളിൽ.

ഈ ഒരു പ്രവൃത്തിയിൽ നാം പങ്കാളികൾ ആയിതീരുന്നു. (ഫിലി. 2:5, 1കൊരി. 2:16), എന്തുകൊണ്ടെന്നാൽ അവന്റെ മരണത്താൽ ഇത് നമ്മിലേക്ക് കൈമാറ്റം ചെയ്തിരിക്കുകയാണ്. ആത്മാവിന്റെ എല്ലാ ഫലങ്ങളും ഗലാത്യർ 5-ൽ സൂചിപ്പിച്ചിരിക്കുന്നു. സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയ ജയം ഇതൊക്കെയാണ്. എന്നാൽ കുഞ്ഞാടിന്റേതു പോലുള്ള പ്രവൃത്തിയിൽ അതായത് യേശുവിന്റെ തുപോലുള്ള സ്വഭാവം, അതുപോലെ അങ്ങനെയുള്ള രീതിയിൽ പരിശുദ്ധാത്മാവ് നമ്മിൽ നിറയ്ക്കുവാൻ ആഗ്രഹിക്കുന്നത്. നാം ഒരു നാളും യേശുവിനെ മറക്കുവാൻ ശ്രമിക്കരുത്. ദൈവത്തിന്റെ സിംഹാസനം വരെ വാഴ്ത്തപ്പെടുമ്പോഴും, ഇന്നു അവൻ കുഞ്ഞാടാണ് (വെളിപ്പാടിന്റെ പുസ്തകം നമ്മോട് ഇതാണ് പറയുന്നത്) അതുപോലെ തന്നേ അവൻ ആഗ്രഹിക്കുകയാണ് നമ്മിൽ അവൻ തന്നേ ഇത് വീണ്ടും ഉത്പാദിക്കപ്പെടണം എന്ന്.

നാം തയാറാണോ?

എന്നാൽ നാം ഇതിന് തയാറാണോ? വളരെ ബുദ്ധിമുട്ടായ സമർപ്പിക്കപ്പെടാത്ത സ്വാർത്ഥത. ഇത് അതിനുവേണ്ടി പ്രവർത്തിക്കുന്നതും അതുപോലെ മറ്റുള്ളവരെ എതിർക്കുന്നതും അതൊക്കെയും തകർക്കപ്പെടും. നാം കുഞ്ഞാടിന്റെ കൂടെ ഈ പ്രവൃത്തിയിൽ ഏർപ്പെടുമ്പോൾ, അതുപോലെ ശ്രേഷ്ഠമായ രക്തം നമ്മെ ശുദ്ധീകരിക്കുവാനുള്ള ബലത്തോട് നമ്മിലേക്ക് എത്തിച്ചേരുമ്പോൾ നാം ആഗ്രഹത്തോടെ പ്രാർത്ഥിക്കുന്നുണ്ടായിരിക്കാം ചില പാപത്തെ ശുദ്ധീകരിച്ച് നമ്മിൽ സന്തോഷം ഹൃദയത്തിലേക്ക് ലഭിക്കുവാൻ, എന്നാൽ തകർന്ന ഹൃദയത്തോട് പങ്കാളിത്വം ആകുവാൻ താല്പര്യം ഇല്ലാത്ത പക്ഷം അവിടെ ഒന്നും തന്നെ സംഭവിക്കുന്നില്ല.

നാം എന്നും പ്രവർത്തിക്കുന്ന എല്ലാ പാപത്തിന്റെയും കാരണം നമ്മുടെ കടുപ്പമേറിയതും തകരാത്തതും അഹങ്കാര മനോഭാവത്തിന്റെതായ ചില സ്വാർത്ഥതയുടെ പരിണിതഫലം ആണ്. അതുപോലെ തന്നെ നമുക്ക് ഒരുതരത്തിലും സമാധാനം കണ്ടെത്തുവാൻ കഴിയാതെ പോകും. അവിടത്തെ രക്തത്താൽ ആയതിനാൽ നാം സകല പാപത്തിന്റെ അടിസ്ഥാന ഉറവിടം എവിടെയാണെന്ന് അന്വേഷിച്ച് കണ്ടെത്തുകയും അങ്ങനെ മടങ്ങിവന്ന് എല്ലാ തെറ്റായ മനോഭാവും മാറിപോകുവാൻ വേണ്ടി പ്രത്യേകമായ പശ്ചാത്താപത്താൽ ആയിതീരുകയും ചെയ്യുവാൻ നമുക്ക് എളിമ സ്വഭാവം വേണം. ഇതിന്റെ അർത്ഥം നാം വെറുതെ പരിശ്രമിച്ച് യേശുവിന്റെ വിനയം അനുഭവിക്കുവാൻ സാധ്യമല്ല. നാം പ്രകാശത്തിന്റെ വെളിച്ചത്തിൽ നടക്കുകയും നമ്മുടെ ജീവിതത്തിലുള്ള ഏതുപാപവും ദൈവമുമ്പാകെ കൊണ്ടുവരികയും വേണം. നാം തന്നേ ദൈവത്തോട് ചോദിക്കേണ്ടിയിരിക്കുന്നു. പശ്ചാത്താപത്തിന്റെയും സമർപ്പണത്തിന്റെയും ചെലവ് എന്താണെന്ന്. കാരണം അനേകം അവസരങ്ങളിൽ ചെറുതും നിസ്സാരങ്ങളായ കാര്യങ്ങൾ പോലെ പലതും അവഗണിക്കപ്പെടുകയാണ് ചെയ്യുന്നത്. എന്നാൽ ഓരോന്നിന്റെ പ്രാധാന്യം അറിയുമ്പോൾ മാത്രമാണ് എന്താണ് അതിന്റെ വിലയാകുന്നത് നമ്മുടെ അഹങ്കാരത്താൽ കാര്യങ്ങൾ ശരിയാക്കി തീർക്കുവാൻ.

വിശുദ്ധ മത്തായിയുടെ സുവിശേഷം 5:23,24 നാം കാണുന്നതുപോലെ അവൻ നമ്മുടെ മുമ്പാകെ കാണിച്ച് തന്നിരിക്കുന്നത് ഒരു കുമ്പസാരമോ അല്ലെങ്കിൽ ഒരു പ്രവൃത്തിയെ അതിനെ യഥാസ്ഥാനപ്പെടുത്തി പൂർവ്വസ്ഥിതിയിൽ എത്തിച്ച് ചേർക്കാം അവൻ നമ്മെ കാണിക്കുന്നത് നാം എന്തെങ്കിലും കാര്യത്തിന്റെ മേൽ കല്പിതമായ അവകാശങ്ങൾ അവിടെ സമർപ്പിക്കുകയും ചെയ്യുന്നു. (യേശുവിന് യാതൊരു അവകാശങ്ങളും ഇല്ല. അപ്പോൾ നമുക്ക് ഉണ്ടല്ലോ). അവൻ നമ്മെ മനസ്സിലാക്കി തരുന്നത് ആരാണോ നമ്മോട് തെറ്റ് ചെയ്തത് നാം അവനോട് മുഷിഞ്ഞത്. അവന്റെ അടുത്ത് ചെന്ന് കാര്യങ്ങൾ

(ശേഷം 8-ാം പേജിൽ)

" നിങ്ങളോ ഉയരത്തിൽ നിന്നു ശക്തി ധരിക്കുവോളം നഗരത്തിൽ പാർപ്പിൻ എന്നു പറഞ്ഞു " (ലൂക്കോ. 24:49).

കർത്താവ് അവന്റെ ശിഷ്യ ഗണത്തോടു പറഞ്ഞു: "എന്നെ കൂടാതെ നിങ്ങൾക്കു ഒന്നും ചെയ്വാൻ കഴിയുകയില്ല ". എന്നാൽ ഇപ്പോൾ എന്തുകൊണ്ടാണ് അവിടുന്ന് ശക്തിഹീനരായവരെ, ബലഹീനരായവരെ അവനുവേണ്ടി ലോകത്തെ നേടുവാൻ അയച്ചത്? ദുർബലമായ അവർ അവരെ തന്നേ അവങ്കലേക്ക് സമർപ്പിച്ചുകൊടുത്തത്, ദൈവമായ കർത്താവ്, അവന്റെ സിംഹാസനത്തിൽ നിന്നു അവരിൽ കൂടി പ്രവർത്തിക്കുന്ന ശക്തിയെ വെളിപ്പെടുത്തുന്ന അവസരങ്ങൾ ലഭിക്കുമെന്നുള്ളതു കൊണ്ടായിരുന്നു. ക്രിസ്തുവാകുന്ന പുത്രൻ താൻ ഈ ലോകത്തിൽ ആയിരുന്നപ്പോൾ അവനിൽകൂടി എല്ലാം പ്രവർത്തിച്ച പിതാവ് അങ്ങനെ സ്വർഗ്ഗത്തിലായിരിക്കുന്ന ക്രിസ്തു ഇപ്പോൾ വലിയ പ്രവൃത്തികൾ ചെയ്യുകയാണ്, സ്വർഗ്ഗത്തിലെയും ഭൂമിയിലേയും സകല അധികാരങ്ങളും അവിടുന്ന് ലഭിച്ചിരിക്കുന്നുവെന്ന് തെളിയിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ കർത്തവ്യം എന്നത് പ്രാർത്ഥിക്കുകയും വിശ്വസിക്കുകയും ക്രിസ്തുവിന്റെ അത്യന്ത ശക്തിയിൽ ആശ്രയിക്കുക എന്നുള്ളതാണ്.

പരിശുദ്ധാത്മാവ് അവരിൽ ആയിരിക്കുന്നത് പ്രവർത്തിക്കുവാനുള്ള ശക്തിയായിട്ടാണ്. എന്നാൽ അവർ അവനുള്ളവരായിരിക്കുമ്പോൾ തന്നേ, അതുപോലെ അവരുടെ പ്രവൃത്തികൾ സർവ്വശക്തനായ ക്രിസ്തുവിന്റെ പ്രവൃത്തികൾ ആയിട്ടായിരിക്കും. ഓരോ ദിവസവുമുള്ള അവരുടെ മനോഭാവങ്ങൾ അവസാനിക്കാത്ത ആശ്രയത്വവും അതുപോലെ പ്രാർത്ഥനയും അതുപോലെ ആത്മാർത്ഥമായ പ്രതീക്ഷയും ആയിരിക്കേണം.

അപ്പോസ്തലന്മാർ തീർച്ചയായിട്ടു വ്യക്തിപരമായിട്ടു അടുത്ത് അറിഞ്ഞ് പഠിച്ചിരുന്നവരായിരുന്നു. അവിടുത്തെ സകല ശക്തിയുള്ള പ്രവൃത്തികളും കണ്ടിരുന്നവരായിരുന്നു. അവർക്ക് അവിടുത്തെ പഠിപ്പിക്കൽ ലഭിച്ചിരുന്നു. അവിടുത്തെ കഷ്ടതകളിൽ കൂടി അവർ കടന്നു പോയിരുന്നു. അതായത് ക്രൂശിലെ മരണം വരെ അവർ അവനെ കണ്ടതു മാത്രമല്ലായിരുന്നു. അവിടുത്തെ ഉയർപ്പിന്റെ ശക്തിയെ അറിയുകയും അതുപോലെ അവരുടെ ഹൃദയങ്ങളിൽ അനുഭവിച്ചും പുനരുത്ഥാനത്തിലൂടെയുള്ള ജീവനും എന്നിട്ടും അവർ ശക്തരായിരുന്നില്ല. ശരിയായ നിലയിൽ അവനെ അറിയുവാൻ അവിടുന്ന് തന്നേ, സ്വർഗ്ഗീയ സിംഹാസനത്തിൽ നിന്ന് അവിടുത്തെ ആത്മാവിനെ അവരിൽ വസിക്കുവാൻ പകർന്ന് അവന്റെ പ്രിയശിഷ്യന്മാരിൽ നല്കുവോളം.

സാക്ഷ്യം ആകുന്നതിനുള്ള ബലം

By Andrew Murray

സുവിശേഷത്തിന്റെ ശുശ്രൂഷകൾ എല്ലാം വിളിച്ച് അറിയിക്കുന്നത് ഒട്ടും പ്രാധാന്യം കുറവല്ലാത്തതും ജീവനും അതുപോലെ ശക്തിയുമായ പരിശുദ്ധാത്മാവ് യേശുവിനെ ഹൃദയങ്ങളിൽ വെളിപ്പെടുത്തുകയും അതിൽ കൂടിമാത്രം സുവിശേഷം ശക്തിയോടെ പ്രസംഗിക്കുവാൻ യോഗ്യമാകുകയും ഉള്ളൂ എന്ന് സമർത്ഥിക്കുവാനാണ്. അവിടുത്തെ സർവ്വശക്തിയുടെ ശക്തിയാൽ ക്രിസ്തു നമ്മിൽസംസാരിക്കുന്നത് ഒട്ടും പ്രാധാന്യം കുറവുള്ളതല്ലെന്നു അത് നമ്മെ പുതിയനിയമത്തിന്റെ ശുശ്രൂഷക്കായിട്ടു ശക്തീകരിക്കുകയും നമ്മെ കേൾക്കുന്നവരിൽ അത് രക്ഷയ്ക്കായിട്ടു ഭവിക്കുകയും ചെയ്യും.

നിങ്ങൾ എന്റെ സാക്ഷികൾ ആകും അപ്പോ. 1:8

ക്രിസ്തുവിന്റെ വേലക്കാർ എല്ലാം അവിടുത്തെ സാക്ഷികളാകുന്നു. അവിടുത്തെ അത്ഭുതകരമായ സ്നേഹത്തെ അനുഭവിച്ചറിയേണ്ടതിനും അവിടുത്തെ വിമോചന ശക്തിയേയും, അവിടുന്ന് സ്ഥിരമായിട്ട് വസിക്കുന്ന സാന്നിധ്യത്തെയും അതുപോലെ അവരിൽ പ്രവർത്തിക്കുവാനുള്ള അവന്റെ അത്ഭുതകരമായ ശക്തിയേയുമാണെന്നു കൂടാതെയും അല്ലെങ്കിൽ വാക്സാമർത്ഥ്യം കൂടാതെയും, യാതൊരു സ്വാധീനം കൂടാതെയും അല്ലെങ്കിൽ സ്ഥാനം ഇല്ലാതെയും ഓരോരുത്തരെയും വിളിച്ചു അവിടുത്തെ വചനത്താൽ മാത്രം അല്ല, പ്രത്യുത അവിടുത്തെ ജീവിതത്തിൽ കൂടിയും പ്രവൃത്തികളിൽ കൂടിയും ഇന്നും ജീവിക്കുന്നതു തെളിയിക്കപ്പെട്ടു. യേശുവിനു ചെയ്യുവാൻ കഴിയുന്നതുമായതിന്റെ സാക്ഷികൾ ആകുവാനുമാണ്.

ഇത് മാത്രമായിരുന്നു അവർ മനുഷ്യരെ ക്രിസ്തുവിന്റെ പാദത്തിൽ കൊണ്ടുവരുന്നതിനായിട്ട് ഉപയോഗിച്ച ആയുധം. ആദ്യ ശിഷ്യന്മാർ ചെയ്തതു ഇതുമാത്രമായിരുന്നു. അവർ ആത്മാവിനാൽ നിറയപ്പെട്ടപ്പോൾ ക്രിസ്തു ചെയ്ത അത്ഭുത പ്രവർത്തികളെ കുറിച്ച് അവർ പറയുവാൻ ശക്തരായി.

ഈ ഒരു ശക്തിയാലാണ് പീഢനം അതിന്റെ ഉച്ചകോടിയിൽ ആയിരുന്നപ്പോഴും ചിലരെ പുറം രാജ്യങ്ങളിലേയ്ക്കു ചിതറിപോകുവാൻ ബലപ്പെടുത്തിയതും, വളരെ വിദൂരമായ അന്ത്യോക്യയിലേക്ക് യേശുവിന്റെ നാമത്തിൽ പ്രസംഗിച്ചതും, അങ്ങനെ നഷ്ടപ്പെട്ടുപോയ ഒരു ജനകൂട്ടം വിശ്വസിച്ചതും അവരുടെ ഹൃദയങ്ങളിൽ തിങ്ങി നിറയപ്പെട്ടിരുന്നതാണ് അവർ സംസാരിച്ചത്. അവർക്ക് നിശ്ശബ്ദം ആയിരിക്കുവാൻ കഴിഞ്ഞിരുന്നില്ല. ക്രിസ്തുവിന്റെ സ്നേഹത്താലും അതുപോലെ ജീവിതത്താലും അവർ നിറയപ്പെട്ടിരുന്നു. അവനെ സാക്ഷീകരിക്കുവാൻ.

ഇതാണ് സുവിശേഷത്തിന്റെ വളർച്ചയ്ക്ക് സഹായകരമായിതീർന്നത്: പുതിയ എല്ലാ വിശ്വാസികളും അവിടുത്തെ സാക്ഷികളായിതീർന്നു.

അക്രൈസ്തവനായ ഒരു എഴുത്തുകാരൻ പീഢനത്തെക്കുറിച്ച് എഴുതിയിരിക്കുന്നത്, ക്രിസ്ത്യാനികൾ യേശുവിനെ ആരാധിക്കുന്നതിൽ മാത്രം ശ്രദ്ധാലുക്കളായിരുന്നുവെങ്കിൽ അവർക്ക് ഒരിക്കലും പീഢനത്തിൽ കൂടി കടന്ന് പോകേണ്ടിവരുകയില്ലായിരുന്നു. എന്നാൽ അവരുടെ ആവേശം ക്രിസ്തു എല്ലാ ഇടങ്ങളിലും വാഴേണം എന്നാണ്.

ഇവിടെ നമുക്ക് സഭ വളരേണ്ടതിന്റെ രഹസ്യാത്മകമായ പദ്ധതികൾ ഉണ്ട്. എല്ലാ വിശ്വാസികളും യേശുവിന്റെ സാക്ഷികളാകേണം. ഇവിടെ നമുക്ക് സഭയുടെ ബലഹീനതയുടെ കാരണം ഉണ്ട്. അങ്ങനെ കുറെ പ്രിയപ്പെട്ടവർ മാത്രം ദിനവും യേശു ആകുന്നു കർത്താവ് എന്നു സാക്ഷീകരിക്കുന്നു.

എന്താ ഒരു വിളി പ്രാർത്ഥനയിക്കായിട്ടു കർത്താവേ, അങ്ങയുടെ ശിഷ്യഗണത്തെ പഠിപ്പിച്ചാലും യേശുവിനെ അറിയുന്നതിന്റെ അനുഗ്രഹങ്ങളെകുറിച്ചും അതുപോലെ അവിടുത്തെ സ്നേഹത്തിന്റെ ശക്തിയെയും അങ്ങനെ അവർക്ക് ഏറ്റവും ഉന്നതമായ സന്തോഷം ആയി മാറട്ടെ. അങ്ങ് എന്താണെന്നു അവർക്ക് വേണ്ടി അവിടുന്ന് പ്രവർത്തിച്ചതു സാക്ഷീകരിക്കുവാനും.

ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികൾ ആകും (അപ്പോ. 1:8)

അവനെ ക്രൂശിച്ച അവന്റെ ശത്രുക്കളായ മനുഷ്യർക്കു വേണ്ടിയുള്ള ഈ വാക്കുകൾ എന്താണ്, ഭൂമിയുടെ അവസാനത്തോളം അവന്റെ വാക്കിന്റെ ആധിപത്യത്തിൻ കീഴിൽ ആഴി തീരുവാൻ ഏതെങ്കിലും എഴുത്തുകാരന്റെ മനസ്സിൽ എങ്ങനെ ആണ് ഒരു ധീരപരിശ്രമം ആയിട്ട് ഇത് എഴുതുവാൻ പ്രവേശിച്ചത്, ഒരു യഹൂദൻ ക്രൂശിക്കപ്പെട്ടരിക്കുന്നുവെന്ന് അവന്റെ പൂർണ്ണ ജീവിതവും തെളിയിക്കപ്പെട്ടത്. ക്രൂശ് അങ്ങേയറ്റം ഒരു പരാജയം ആണെന്നും, അവന്റെ ശിഷ്യ ഗണം അവസാനത്തിൽ അവനെ മറന്നുകളഞ്ഞെന്നും അതേ അവരിൽകൂടെ ലോകത്തെ നേടുന്നത്? ഒരു മനുഷ്യമനസ്സിലൂടെ ഇങ്ങനെയുള്ള ഒരു ചിന്ത ഉയരുകയില്ല. ഇതാകുന്നു ദൈവത്തിന്റെ ചിന്ത: അവിടുന്ന് മാത്രമേ ഇത് ആസൂത്രണം നടത്തുവാനും അതുപോലെ നടപ്പിലാക്കുവാനും കഴിയുകയുള്ളൂ.

യേശു ശിഷ്യഗണത്തോട് സംസാരിച്ച വചനങ്ങൾ " പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി

(2-ാം പേജിന്റെ തുടർച്ച)

കുടുംബമായിട്ടു ദൈവത്തിൽ ആശ്രയിക്കാം

സമ്പത്തിലേയ്ക്കുള്ള നമ്മുടെ കാഴ്ചപ്പാടിനെതിരായിട്ടു യുദ്ധം ചെയ്യുവാൻ നമ്മെ സഹായിക്കുന്നത്. നമ്മുടെ കുട്ടികളെ പഠിപ്പിക്കേണം അവരുടെ ആവശ്യങ്ങളുടെ മദ്ധ്യേ ദൈവത്തിൽ ആശ്രയിക്കുവാൻ. അതുപോലെ തന്നേ അവരുടെ സമ്പത്ത് കൊണ്ട് ദൈവത്തിൽ ആശ്രയിക്കുവാനും നാം അവരുടെ മുമ്പാകെ ദൈവീക മാതൃകപ്രകാരം നമ്മുടെ ദശാംശങ്ങളും സ്തോത്ര കാഴ്ചകളും ദൈവത്തിൽ അർപ്പിക്കുന്നത് കാണിക്കേണം. അവരുടെ ജീവിതത്തിന്റെ ആരംഭ സമയങ്ങളിൽ തന്നേ ദൈവത്തിൽ നിന്നുള്ള നന്മകൾക്കു തിരികെ കൊടുക്കുവാനുള്ള നല്ല ശീലങ്ങളെ വളർത്തിയെടുക്കുന്നതിൽ നാം പ്രതീക്ഷ വെച്ചിരിക്കേണം. അവരെ നാം അഭ്യസിപ്പിക്കേണ്ടിയിരിക്കുന്നു. എങ്ങനെയാണ് ഔദാര്യമനസ്കരായി തീരുവാൻ കഴിയുന്നത്. അതുപോലെ തന്നേ ഭൂമിയിൽ അവരുടെ സമയം അവന്റെ മഹത്വത്തിനായിട്ട് വിനിയോഗിക്കുമ്പോൾ കർത്താവ് അവരെ സമൃദ്ധിയായിട്ട് അനുഗ്രഹിച്ച് ആദരിക്കും.

2. വിഗ്രഹങ്ങൾ:– “ പണിക്കാരൻ ഒരു ബിംബത്തെ കൊത്തിയുണ്ടാക്കുവാൻ മിഥ്യാമൂർത്തികളെ ഉണ്ടാക്കുവാൻ അതിനാലോ എന്തു പ്രയോജനം ഉള്ളൂ? ” (ഹബ 2:18). വിഗ്രഹങ്ങൾ അനേകം രൂപങ്ങളിൽ പ്രത്യക്ഷപ്പെടുന്നു. ഇന്നത്തെ സംസ്ക്കാരത്തിൽ ടെലിവിഷൻ ഒരു വിഗ്രഹം ആയിതീരുന്നു. കമ്പ്യൂട്ടറുകളോ അല്ലെങ്കിൽ ഏത് പ്രവൃത്തികളോ അതായത് നമ്മുടെ അധികം സമയങ്ങളെ തിന്നുകളയുന്നു. ഭൂമിയിൽ അല്പസമയങ്ങൾ മാത്രം ആണ് ദൈവം നമുക്ക് നല്കി തന്നിരിക്കുന്നത്. നമ്മിൽ ചിലർ വിഗ്രഹങ്ങളിൽ ആശ്രയിക്കുകയും അല്ലെങ്കിൽ അധികം സന്തോഷത്തെ അതിൽ കൂടി നല്കുന്നതിൽ കൂടി ധാരാളമായി പിശാചായ ശത്രുവിനെ സന്തോഷിപ്പിക്കുകയാണ്. ഒരു കുടുംബത്തെ സംബന്ധിച്ചിടത്തോളം, നമ്മുടെ ഹൃദയത്തിൽ ഒന്നാം സ്ഥാനം യാതൊന്നും എടുക്കുകയില്ലെന്നും, നമ്മുടെ സമയവും ചിന്തകളും എല്ലാം ദൈവത്തിന്റെതു മാത്രം എന്നും താങ്കൾ തീരുമാനം എടുക്കേണ്ടിയിരിക്കുന്നു. എങ്ങനെയാണ് സമയങ്ങൾ ദിവസവും വിനിയോഗിക്കുന്നതെന്ന് നാം തീരുമാനിക്കണം.

3. മറ്റുള്ള ജനങ്ങൾ:– “ മനുഷ്യരിൽ ആശ്രയിക്കുന്നതിനേക്കാൾ യഹോവയിൽ ആശ്രയിക്കുന്നതു നല്ലതു. പ്രഭുക്കന്മാരിൽ ആശ്രയിക്കുന്നതിനേക്കാൾ യോഹവയിൽ ആശ്രയിക്കുന്നതു നല്ലതു ” (സങ്കീ. 118:8,9). ഒരു കുഞ്ഞ് തന്റെ മാതാപിതാക്കളിൽ ആശ്രയിക്കുന്നതുപോലെ തന്നേ ഫലവത്തായ കാര്യം ആണ് രക്ഷകർത്താക്കളായവർ ദൈവത്തിൽ ആശ്രയിക്കുന്നത്. കുഞ്ഞുങ്ങൾ വളരെ ബുദ്ധിമുട്ട് കൂടാതെ അവരുടെ രക്ഷകർത്താക്കളിൽ ആശ്രയിക്കുന്നു. കാരണം അവർ വളരെ ദയയുള്ളവരാകയാലും അവർ അപ്രകാരം വിളിക്കപ്പെടേണ്ടവരുമാണ്. താങ്കളും ഉറപ്പുവരുത്തേണ്ടയിരിക്കുന്നു. താങ്കളുടെ കുട്ടികൾ താങ്കളിൽ ആശ്രയം വയ്ക്കുവാൻ ആഗ്രഹം ഉള്ളവരാണ് എന്ന്. അതുപോലെ താങ്കളെപോലെ ആകുവാനും എന്തുകൊണ്ടെന്നാൽ താങ്കൾ ആശ്രയിക്കുന്നതുപോലെ പിൻഗമിക്കുന്നതു യേശുക്രിസ്തുവിലാണ് എന്നും.

താങ്കളുടെ ഹൃദയം പ്രശ്നങ്ങളിൽ ആകുമ്പോൾ ദൈവത്തിൽ ആശ്രയം വെയ്ക്കുക. “ നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്; ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ ” (യോഹ. 14:1). താങ്കളുടെ കുഞ്ഞുങ്ങളോട് പറയുക അവർ എപ്പോഴെങ്കിലും വളരെ വികാരധീനരാകുമ്പോഴും, നിരാശപ്പെടുമ്പോഴും, അവർക്ക് എല്ലായ്പ്പോഴും ദൈവത്തിൽ പ്രാർത്ഥനയാൽ എത്തിച്ചേരുവാനും, അതുപോലെ അവൻ അവരെ സഹായിക്കുമെന്നുള്ളതുകൊണ്ട് അവനിൽ ആശ്രയിപ്പാനും, അവരെ പഠിപ്പിക്കുക, കർത്താവ് നമ്മെ ഒരു നാളും ഉപേക്ഷിക്കുകയില്ലെന്നു മറന്നുകളയരുത്.

(6-ാം പേജിന്റെ തുടർച്ച)

കുഞ്ഞാടിന്റെ രക്തത്തിന്റെ ബലം

പറഞ്ഞ് സമാധാനത്തിലാകുവാനാണ് (യേശു ഒരിക്കലും ഏതെങ്കിലും വ്യക്തിയോട് ഒരു കാര്യത്തിനാലോ മുഷിഞ്ഞില്ല, അപ്പോൾ നമുക്ക് എന്ത് അധികാരം കൂടുതലായിട്ടുള്ളത്). അവൻ നമ്മെ വിളിക്കുന്നത് നമ്മുടെ സുഹൃത്തുക്കളോടു വളരെ നല്ല മനോഭാവത്തോടുകൂടി ആയിരിക്കുവാനും അതായത് തുറന്ന മനസ്സുള്ളവരായിരിക്കുവാനും അങ്ങനെ നാം ആരാണെന്ന് അവർ അറിയുവാനും അതുകൊണ്ട് അവർക്ക് നമ്മോട ഒരു നല്ല കൂട്ടായ്മ ഉണ്ടാകുവാനും സാധിക്കട്ടെ. ഇങ്ങനെയുള്ള സർവ്വ പ്രവർത്തികളും അവമാനകരവും നമ്മുടെ സാധാരണയായിട്ടുള്ള അഹങ്കാരത്തിന്റെയും സ്വാർത്ഥതയുടേയും എല്ലാ സ്വാഭവങ്ങളെ നേരെ പുറകിലാക്കുന്നതും ആയിത്തീർന്നേക്കാം. എന്നാൽ ഈ മാതിരിയുള്ള പ്രവർത്തികളിൽ കൂടി നാം വാസ്തവത്തിൽ അറിയുകയാണ് കുഞ്ഞാടിന്റെ വിനയത്തെ കുറിച്ച്. അങ്ങനെ നാം ഇവിടെ പ്രതിപാദിച്ചിരിക്കുന്ന സകല കാര്യങ്ങളിലും സമന്വയത്വം പ്രഖ്യാപിച്ചുകൊണ്ട് മുന്നേറുമ്പോൾ കുഞ്ഞാടിന്റെ രക്തം നമ്മെ സകല പാപത്തിൽ നിന്ന് മോചനം നല്കി കഴുകി ശുദ്ധീകരിക്കുകയും നാം വെളിച്ചത്തിൽ ദൈവത്തിന്റെ കൂടെ നടക്കുകയും അവന്റെ സമാധാനം നമ്മുടെ ഹൃദയങ്ങളിൽ നിറയപ്പെടുകയും ചെയ്യും. ❖

(7-ാംപേജിന്റെ തുടർച്ച)

ലഭിച്ചിട്ട് (അപ്പോ. 8). ഇവിടെ ഒരു വലിയ വാഗ്ദത്തം കൊടുക്കുകയാണ്. അതായത് പരിശുദ്ധാത്മാവ് അവരിൽ ക്രിസ്തുവിന്റെ ദൈവീകമായ ശക്തിയെ നിലനിർത്തുകയാണ്. ക്രിസ്തു അവിടുത്തെ പ്രവൃത്തികൾ സർവ്വതും തികച്ചും എന്തുകൊണ്ടെന്നാൽ പിതാവ് അവിടുത്തേതിൽ പ്രവർത്തിച്ചതിനാൽ, അതുകൊണ്ട് ക്രിസ്തു അവിടുത്തെ ശിഷ്യഗണത്തോടുള്ള ബന്ധത്തിൽ അവൻ അവിടുന്നു തന്നേ സ്വർഗ്ഗീയ സിംഹാസനത്തിൽ നിന്നു അവരുടെ പ്രവർത്തികൾ സർവ്വവും അവരിൽ പ്രവർത്തിക്കുന്നു. അവർ ചോദിച്ചരിക്കുന്നത് എന്തിനെയും അവർക്കു ലഭിക്കുകയും അതുപോലെ അത് അവരിൽ സംഭവിക്കുകയും ചെയ്തു. ആ വാഗ്ദത്തത്തിന്റെ ബലത്താൽ, ക്രിസ്തുവിന്റെ സഭ ഭൂമിയുടെ അവസാനത്തോളവും ഈ ഒറ്റ ഒരു ലക്ഷ്യത്തിനായിട്ട് പ്രവർത്തിക്കുന്നു.

ക്രിസ്ത്യാനികളായ ജനങ്ങൾ അത് മനസ്സിലാക്കിയിട്ടുണ്ടായിരിക്കാം ദൈവരാജ്യത്തിന്റെ വളർച്ച് അത് ഫലവത്തായി തീരണമെങ്കിൽ ഒരുമിച്ചുള്ളതു തുടർമാനം ആയതുമായ പുരുഷന്മാരും സ്ത്രീകളും ആയവർ അവരുടെ ഹൃദയങ്ങളെ പൂർണ്ണമായിട്ടു ക്രിസ്തുവിന്റെ വാഗ്ദാനങ്ങൾക്കായിട്ടു കാത്തിരിക്കുന്നതും അതുതന്നേ അവിടുന്ന് അവർക്കായിട്ട് ചെയ്യണമെന്ന് അവർ ആഗ്രഹിക്കുകയും ചെയ്യുന്നതും.

ഓ ദൈവം അവന്റെ മക്കൾക്ക് ക്രിസ്തുവിൽ ഉള്ള അവരുടെ വിശ്വാസത്തെ മാനിച്ച് എല്ലാം ദാനം ചെയ്യുന്നു. ക്രിസ്തുവിന്റെ ലക്ഷ്യം തന്നെ അവരുടെ ലക്ഷ്യമായിട്ടു തീരുന്നു. അതുപോലെ അവന്റെ സാക്ഷ്യം ആകേണ്ടതിനു അവർ ഒരുമയോടെ സമർപ്പിതരായി തീരുന്നു. പ്രാർത്ഥനയിൽ മുന്നേറികൊണ്ട്, സമ്പൂർണ്ണ വാഗ്ദത്തങ്ങളിൽ ആശ്രയിച്ച് അവനിൽ കാത്തിരുന്നുകൊണ്ടു ഇരിക്കുന്നു. തീർച്ചയായിട്ടും അവൻ മഹത്വത്തോടെ അവർ ആഗ്രഹിച്ച് ആവശ്യപ്പെടുന്നതെല്ലാം അവർക്കായി നല്കും എന്നുള്ള വിശ്വാസത്താൽ.

എന്റെ വായക്കാരേ, ഇതുപോലെ വിശ്വാസമുള്ള പ്രാർത്ഥനാവീരന്മാരെപോലെ താങ്കളും ക്രൂശിക്കപ്പെട്ട യേശുവിന്റെ നാമത്തിൽ വിശ്വസിച്ച് പ്രാർത്ഥിക്കുക, നിങ്ങൾ ആവശ്യപ്പെടുന്നതും ഭാരപ്പെടുത്തുന്നതും താങ്കൾക്കായിട്ടു നൽകി തരുമെന്നുള്ള പ്രത്യാശയിൽ.

❖

മറുപടി ലഭിച്ച പ്രാർത്ഥനകൾ

By Rosalind Goforth (1864 - 1942

മിഷണറി To ചൈന

പ്രാർത്ഥന ഒരു ദീർഘകാല ശ്വാസത്തിന്റെ ഭാരമാണ്. ഒരു കണ്ണിന്റെ മുകളിലേക്കുള്ള അപാംശമാണ്, എപ്പോഴാണു വേറെ ആരും ഇല്ലാത്തതു എന്നാൽ ദൈവം അടുക്കൽ ഉള്ളതും.

എത്രയോ അകലെയാണ് ഈ ചിന്തയിൽ നിന്നു പ്രാർത്ഥന ആകുന്നത്. വളരെ ദൈവത്തിന്റെ പദ്ധതിയും ലക്ഷ്യങ്ങളും അവനിലേയ്ക്കു എത്തിച്ചേരാനുള്ള മാർഗ്ഗത്തെയും കുറിച്ചുള്ള പൊതുവായ ചിന്തയും ! എത്രയോ ശ്രമകരമായിട്ടുള്ളതാണ് പ്രാർത്ഥനയെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. മനുഷ്യാധികാരത്താൽ! ഓ, അത് അത്ഭുതത്തിന്റെ ഒരു നേർത്ത പടലത്തെ നമുക്ക് പിടിക്കുവാൻ കഴിഞ്ഞു. ബലത്തെയും അതുപോലെ അതിന്റെ നിസ്സാരതയേയും പൂർണ്ണമായി ദൈവനിശ്ചിതമായ ഉറവിടത്തിന്റെ ആവശ്യകതയും, അതെല്ലാം ചെലവില്ലാത്ത കോഴ്സുകളാണ് നമ്മുടെ ജീവിതത്തിൽ! നമുക്ക് പ്രീയപ്പെട്ട സഹപ്രവർത്തകരായ കയറ്റാക്കാരേ, ദൈവത്തിന്റെ വയർലെസ് ഉപയോഗിക്കുവാൻ പഠിക്കുക. താഴെ പറയുന്നവയാണ് വള രെ മനോഹരമായ നിർദ്ദേശങ്ങൾ പ്രാർത്ഥന ജീവിതത്തെ കുറിച്ചുള്ള ദൈവീക പദ്ധതികൾ അറിവിലുള്ളത്.

(മി.ഗോഫോർത്തു ഞാനും) സ്കോട്ട്ലണ്ടിൽ ഒരു ചെറിയ വിശ്രമവേളയിൽ, ഒരു സന്ദർഭത്തിൽ പറഞ്ഞ കഥ, ആ സമയത്തിൽ ഞാൻ ആ കഥ എഴുതി എടുത്തു: അവളുടെ അടുത്ത് ഒരു വലിയ കുടുംബത്തോട് കൂടെ ഒരു സാധുവായ സ്ത്രീ താമസിച്ചിരുന്നു. അവളുടെ ഭർത്താവ് ഒരു തൊഴിലാളി ആയിരുന്നു. അവർ താമസിച്ചിരുന്നത് വളരെ ചെറിയ വീട് അതായത് രണ്ടുമുറിയുള്ള ഒരു കോട്ടേജ് ആയിരുന്നു. കുടുംബത്തെ ഉപേക്ഷിക്കുവാൻ കഴിയാഞ്ഞതു കൊണ്ട് പാവം സ്ത്രീയെക്കുറിച്ച് ഒരു വ്യക്തമായചിത്രം നല്കപ്പെട്ടിരുന്നു. എല്ലാ ദിവസവും ആ മരത്തൊട്ടിയിൽ അല്ലെങ്കിൽ വസ്ത്രം ഇസ്തിരി ഇടുന്നത് കണ്ടിരുന്നു. അവളെ അവളുടെ കുട്ടികളോടും കോഴികുഞ്ഞുങ്ങളുമായിട്ട്. കഥയുടെ വളരെ പ്രധാനപ്പെട്ട ഭാഗം അപ്പോഴാണ് വന്നത്. ഈ പാവം സ്ത്രീയുടെ ആത്മീക ജീവിതം വളരെ ആഴമുള്ളതും സത്യമായതും നന്മയ്ക്കായുള്ള പ്രേരണയും വളരെ എടുത്തു പറയതക്ക നിലയിൽ ആ പ്രദേശത്തെങ്ങും പരന്നിരുന്നു. മന്ത്രിപോലും തന്റെ കുതിരയും ആയിട്ട് ആ വഴി വരുമ്പോൾ അവളുടെ ഭവനത്തെ സന്ദർശിക്കുകയും അവളുടെ സമീപത്ത് ഇരിക്കുവാനും ശ്രദ്ധിച്ചിരുന്നു. അവളുടെ ജോലിയും ജീവിതവുമെല്ലാം അവന് വളരെ പ്രചോജിതവും സഹായകവും ആയിരുന്നു.

ഒരു ദിവസം അവൻ പറഞ്ഞു. എന്റെ നല്ല സുഹൃത്തേ, നീ എപ്പോഴും കർത്താവിന്റെ അടുത്തായിട്ടാണ് കാണപ്പെടുന്നത്. എങ്ങെയാണ് ഇത് സാധ്യമായി തീരുന്നത്. മൗന പ്രാർത്ഥനയിൽ അവനോട് കൂടെ മാത്രം ആയിരിക്കുവാൻ?

ആ സ്ത്രീ ആശ്ചര്യത്തോടെയുള്ള നോട്ടത്താൽ ഇസ്തിരിപെട്ടി എടുത്ത് മാറ്റി വച്ചിട്ട് അവൾ ഇരുന്നിട്ട് പറഞ്ഞു; അല്ലയോ മന്ത്രി അതാണ് താങ്കളുടെ തെറ്റ്. ഞാൻ അവന്റെ അടുത്ത് ഇരിക്കുമ്പോൾ അവൻ എന്റെ അടുത്ത് ഇരിപ്പിടത്തിൽ ഇരിക്കും. അവിടുന്ന് പറയുന്നത് വളരെ ശ്രദ്ധിച്ചു കേൾക്കുകയും, ആ സമയത്ത് അങ്ങനെ ഞാനും കർത്താവും മാത്രമേ ആ സമാഗമന കൂടാരത്തിൽ ഉണ്ടായിരിക്കുകയുള്ളൂ.

എത്രയോ മനോഹരമായത് എത്രയോ അത്ഭുതകരമായ ചിന്ത അതായത് കവിഞ്ഞ് ഒഴുക്കിന്റെ രഹസ്യം ആത്മീകമായതിന്റെ ബലത്തെകുറിച്ചുള്ള ജ്ഞാനത്തെ പ്രാപിക്കുവാൻ ദരിദ്രരെയും, കഠിനാദ്ധ്വാനികളെയും വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്ത സ്കോട്ടിഷുകാരായ ഈ സ്ത്രീയും ഇതുപോലെ ശക്തീകരിക്കപ്പെട്ടവരായി തീർന്നു. അതിനെകുറിച്ച് ഫ്രഞ്ച് വിശുദ്ധനായ മാഡമേ ഗുയോൻ ഇപ്രകാരം എഴുതി.

എനിക്കു നിലകൊള്ളുവാൻ സ്ഥലമോ സമയമോ ഇല്ല എല്ലാ പ്രദേശവും എന്റെ രാജ്യം ആകുന്നു.

ഞാൻ ശാന്തവും എല്ലാ കരുതലുകളിൽ നിന്നു വിമോചിതം ആകുന്നു.

ഇത് തുടർമാനമായിട്ട് ജനങ്ങൾ എന്റെ ഈ ചെറിയ സാക്ഷ്യങ്ങളുടെ പുസ്തകം വായിക്കുകയും ഒരു മാതാവ് തനിക്ക് സഹായം ആവശ്യം ആയിരുന്ന സമയത്തുള്ള തന്റെ കരച്ചിൽ കേൾക്കുകയും ഉത്തരം അരുളുകയും ചെയ്യുന്ന ദൈവത്തിന്റെ വിശ്വസ്തയെക്കുറിച്ച് അങ്ങനെ ജനങ്ങൾ അറിയുകയും ചെയ്യുന്നു (എങ്ങനെയാണ് ഞാൻ അറിയുന്നത് പ്രാർത്ഥനയ്ക്ക് ദൈവം ഉത്തരം നൽകുന്നത്), ചോദ്യം എന്നോട് ചോദിച്ചിട്ടുണ്ട്. തുടർച്ചയായിട്ടു ദൈവം ഉത്ത രം നല്കുമോ? ഇതിന് ഏറ്റവും ഉചിതമായ ഉത്തരം ഞാൻ വിശ്വസിക്കുന്നു, ചില കഥകൾ നല്കട്ടെ അതിൽ കൂടെ യാഥാർത്ഥങ്ങൾ അവരോടു സംസാരിക്കട്ടെ.

അവശ്യസമയങ്ങളിൽ സാമ്പത്തിക സഹായം

ഒരു ശിശിരകാലത്ത് ടോറോന്റോയിൽ, കാനഡയിൽ കുട്ടികളോടുകൂടെ (മിസ്റ്റർ ഗോഫോർത്ത് ചൈനയിൽ ആയിരുന്നു) ഞാൻ വളരെ ഭയങ്കരമായിട്ട് ബുദ്ധിമുട്ടുകയായിരുന്നു അവസാന ദിവസങ്ങളിലെ ആവശ്യങ്ങൾ ക്രമീകരിക്കുവാൻ. ഡിസംബർ മാസത്തിന്റെ പകു തി ആയ സമയത്ത് എന്റെ മകൻ എന്റെ അടുക്കലേയ്ക്കു വന്നിട്ടു എന്നോട് പറഞ്ഞു, അമ്മേ, ഇത് ഒന്നു നോക്കിക്കേ, എന്റെ ഏറ്റവും നല്ല സൂട്ട്. പാന്റാണെങ്കിൽ കണങ്കാലിന്റെ മുകളിലായിരുന്നു, എന്റെ കുപ്പായം കൈ നോക്കി കണക്കെയ്ക്ക് എത്രയേ മുകളിലാണ്. ആ സമയത്ത് അപ്പനാണെങ്കിൽ യൂണിവേഴ്സിറ്റി ക്ലബ്ബിന്റെ സെക്രട്ടറി ആയിട്ട് ഒന്നു ആയതേ ഉണ്ടായിരുന്നുള്ളൂ. എങ്ങനെ ഈ മനുഷ്യരെ എനിക്ക് നോക്കാൻ കഴിയുന്നത് മിക്ക ആൾക്കാരും പ്രധാനപ്പെട്ട ലീഡേഴ്സ് ആണ്? യൂണിവേഴ്സിറ്റിയിലെ ഏറ്റവും മോശമായ മനുഷ്യൻ ആയി മാറും ഞാൻ.

ഞാൻ എന്റെ പ്രിയപ്പെട്ട കുട്ടിയെ നോക്കികൊണ്ടിരുന്നപ്പോൾ എനിക്ക് മനസ്സിലായി ആ സ്യൂട്ട് ഒരു വലിയ അവമാനം കൊണ്ടുവരാനുള്ള സാധ്യതയും അവൻ വളർന്ന് വലുതായതുകൊണ്ട് തന്നേയല്ല, അത് ധരിക്കുമ്പോൾ ഭയങ്കര വൃത്തികേടും ആണ്. ഞാൻ പറഞ്ഞു, എന്റെ കുട്ടിക്ക് ഇത് വളരെ ആവശ്യമാണെന്നുള്ള കാര്യത്തിന് യാതൊരു സംശയവും ഇല്ല. ഒരുകാര്യം ചെയ്യാം നമുക്ക് നിന്റെ പിതാവിന്റെ മഹത്തരമായ ആ വാഗ്ദത്തത്തിൽ മുറുകെ പിടിക്കാം. “ എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ട് ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്ത വണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും ” (ഫിലി. 4:19). എനിക്ക് പൈസ ഇല്ല. എന്നാൽ ഞാൻ വിശ്വസിക്കുന്നു നാം അവനിൽ ആശ്രയിക്കുന്നുവെങ്കിൽ ദൈ വം ഒരുസ്യൂട്ട് വാങ്ങുന്നതിനുള്ള പണം നല്കിതരുമെന്ന്.

യൂണിവേഴ്സിറ്റിയുടെ കാര്യം പറയുന്നത് അവൻ നിർത്തി. നിന്റെ വിശ്വാസം എനിക്ക് ഉണ്ടായിരുന്നെങ്കിൽ മതിയായിരുന്നു.

ആ ദിവസം ഞാൻ ഒരു സ്യൂട്ട് നോക്കുവാനായിട്ട് പോയി വാങ്ങുവാൻ എന്റെ പക്കൽ പൈസാ ഇല്ലായിരുന്നുവെങ്കിലും ഞാൻ ഒരു മനോഹരമായ നീലനിറമുള്ള (ബലമുള്ള) കമ്പിളിത്തുണികൊണ്ട് ഒരു സ്യൂട്ട് കണ്ടു. എന്നാൽ അതിന്റെ വില 50 ഡോളറായിരുന്നു. ആ സമയം വചനം വന്നു. “മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ” ഞാൻ എന്റെ ഹൃദയത്തിൽ പറഞ്ഞു: ഇത് നിർവ്വഹിക്കുവാൻ ദൈ വം ശക്തനാണെന്ന് ഞാൻ ഭവനത്തിലേയ്ക്കു മടങ്ങി വന്നു, തീർച്ചയായിട്ടും സ്യൂട്ട് ഇല്ലാതെ, എന്നാൽ തീർച്ചയുണ്ടായിരുന്നു പൈസ വരുമെന്നും ഞാൻ അത് വാങ്ങുമെന്നും.

ആ ദിവസങ്ങളിൽ അനേകം വർഷങ്ങൾക്ക് മുമ്പ് ഞാൻ ഒരു കൺവെൻഷനിൽ വെച്ച് കണ്ടുമുട്ടിയ ഒരു സ്ത്രീ അമേരിക്കയിലെ വിസ്കോൺസിനിൽ നിന്ന് ഒരു എഴുത്ത് എന്റെ ഭവനത്തിൽ വന്നു. ആ പോസ്റ്റേജ് കവർ അമ്പത് ഡോളറും അതോടൊപ്പം ഒരു വാചകം കൂടി എഴുതി ചേർത്തിരുന്നു.

നിങ്ങളുടെ കുട്ടികളെ കുറിച്ച് എന്നോടു പറഞ്ഞിരുന്നതിനാൽ ഞാൻ ഭയങ്കര താല്പര്യം ഉള്ളവനാണ്. പ്രത്യേകിച്ചു (പേര് എഴുതിയ ഒരു സ്യൂട്ട് ആവശ്യം) ദയവായിട്ട് കവറിനുള്ളിൽ ഉള്ള അമ്പത് ഡോളർ കൊണ്ട് അവന് ആവശ്യമായത് വാങ്ങുക. എന്റെ ഹൃദയം എത്രയോ ആവേശം കൊണ്ട് നിറയപ്പെട്ടന്നോ ഈ ഒരു തെളിവിനാൽ എന്റെ ദൈവത്തിന്റെ ദയയും അതുപോലെ മനസ്സിലാക്കുകയും ചെയ്യുന്ന നമ്മുടെ ദൈവം! അതുപോലെ തന്നേ എന്റെ ആൺകുട്ടിക്ക് അവന്റെ സ്യൂട്ട് കിട്ടി.

ഇത് സംഭവിച്ച് കുറെ മാസങ്ങൾക്ക് ശേഷം ഇതിനോട് ബന്ധപ്പെട്ട വേറൊരു കാര്യം വന്നു. ടോറോന്റോ ജനറൽ ആശുപത്രിയിൽ ഞാൻ ആറ് ആഴ്ചയോളം ചികിത്സയായിട്ട് കിടക്കേണ്ടി വന്നു. ആ സമയത്ത് എല്ലാ എഴുത്തുകുത്തുകളും കുട്ടികൾ എന്റെ അടുക്കലേയ്ക്ക് ഭവനത്തിൽ നിന്നു കൊണ്ടുവന്നു. ഒരു സന്ധ്യാസമയത്ത്, കുറെ ദിവസങ്ങൾക്ക് മുമ്പെ ഞാൻ ഹോസ്പിറ്റലിൽ നിന്നു. ഡിസ്ചാർജ്ജ് ചെയ്ത് മടങ്ങിപോകുന്നതിന് മുമ്പ് മകൾ ഒരു ഭാരത്തോടെ എന്റെ അടുക്കലേയ്ക്കു വന്നു. അവൾ പറഞ്ഞു. അമ്മേ, ഞാൻ ചിന്തിക്കുന്നു നിന്റെ പക്കൽ ആവശ്യത്തിനുള്ള പണം ഉണ്ടെന്ന്, എന്തുകൊണ്ടെന്നാൽ ഈ ബിൽ ഒരു മലപോലെ പ്രശ്നമാണ്. എന്നാൽ അവൾ പോയതിനുശേഷം ഞാൻ അത്ര മാത്രം പേടിച്ച് വിറെച്ചുപോയിരുന്നു. ഞാൻ എന്റെ അക്കൗണ്ട് പരിശോധിക്കുകയും എന്റെ അക്കൗണ്ടിൽ കേവലം ഇരുപതു ഡോളർ മാത്രം അവശേഷിച്ചിരിക്കുന്നതെന്നു കണ്ടപ്പോൾ അടുത്ത രണ്ട് ആഴ്ചകൾ ഞങ്ങൾ ഇത് കൊണ്ട് ജീവിക്കുവാനും അപ്പോൾ മാത്രമാണ് ഞങ്ങൾ ക്കുള്ള ചെക്ക് ബോർഡിൽ നിന്നു വന്നത്. ഇങ്ങനെയുള്ള വളരെ വേദനാജനകമായ നിമിഷങ്ങൾ ജീവിതത്തിലേയ്ക്ക് വന്നപ്പോൾ ഞാൻ പെട്ടെന്ന് തന്നേ അബോധാവസ്ഥയിൽ ആയിതീർന്നു. എന്തുകൊണ്ടെന്നാൽ ഞാൻ അത്ര മാത്രം പേടിച്ച് പേടിച്ച് വിറെച്ചു പോയിരുന്നു. ഞാൻ എന്റെ അക്കൗണ്ട് എല്ലാം സർവ്വശക്തനായ കർത്താവിന്റെ കരങ്ങളിലേയ്ക്കു സമർപ്പിച്ചിട്ട് ഞാൻ നല്ലവണ്ണം ഉറങ്ങുവാൻ വേണ്ടി എന്റെ ശയനമുറിയിലേക്കു പ്രവേശിച്ചു. അങ്ങനെ നല്ല വണ്ണം ഉറങ്ങി.

അടുത്ത പ്രഭാതത്തിൽ ഒരു എഴുത്ത് എന്റെ ബ്രേക്ക് ഫാസ്റ്റ് ട്രേയിൽ കിടന്നിരുന്നു. ഇത് എന്നിൽ വലിയ ആശ്ചര്യം സൃഷ്ടിക്കുകയും നേഴ്സ് എന്നോട് പറയുകയും ചെയ്തു. ഈ എഴുത്ത് കഴിഞ്ഞ രാത്രിയിൽ നിന്റെ പേരിൽ ഓഫീസിൽ വരികയും നീ ഉറങ്ങിപോയതിനാൽ ഞങ്ങൾ ഈ പ്രഭാതംവരെ സൂക്ഷിക്കുകയും ചെയ്തു. എനിക്ക് മനസ്സിലായി ഈ എഴുത്ത് എന്റെ ഭർത്താവ് മി. ആർ.എച്ചിന്റെ അടുത്ത ഒരു സുഹൃത്തിന്റേതാണെന്നു ആ കവറിനുള്ളിൽ നൂറ് ഡോളറിന്റെ ഒരു ചെക്ക് ഉണ്ടായിരുന്നതിനോടൊപ്പം ഒരു വചാകവും എഴുതിചേർത്തിരുന്നു. ദയവായിട്ട് ഇത് നിങ്ങൾക്കുള്ള സമ്മാനം ആയിട്ട് സ്വീകരിക്കുക. നിങ്ങളുടെ ഭർത്താവ് മടങ്ങിവരുന്ന സമയം വരെയുള്ള കാര്യങ്ങൾക്ക് ഇത് ഒരു എളിയ സഹായം ആയിതീരട്ടെ. സത്യമായിട്ടു ഈ നിമിഷത്തിൽ കർത്താവിന്റെ സമയാസമയത്തുള്ള കാര്യബോധം അത് വളരെ സത്യം തന്നെ ആയിരുന്നു. സമ്മാനത്തെ സ്വീകരിച്ചുകൊണ്ട് ഞാൻ ഇങ്ങനെ എഴുതി. താങ്കൾ ദൈവത്തിന്റെ കേവലം ഒരു തുറന്ന മാധ്യമം ആയിതീർന്നിരിക്കുന്നു. ഈ സമ്മാനം എന്റെ സ്വർഗ്ഗസ്ഥനായ പിതാവിൽ നിന്നു നേരിട്ടു താങ്കളിൽ കൂടി നൽകിയെന്നേയുള്ളൂ.

അവന്റെ വഴികൾ നമ്മുടെ വഴികളേക്കാൾ ഉയർന്നതാണ്.

ഞങ്ങൾ താല്ക്കാലികമായിട്ട് ചൈനയിലെ വേയ്ഹൂയിഫൂ, ഹോനാൻ ഫിലഡിന്റെ തെക്ക് ഭാഗത്താണ് താമസിച്ചിരുന്നത്. പള്ളിയിലെ പ്രധാന മൂപ്പനായ ഡോ. ഫാനിന്റെ വീട്ടിൽ, നടന്ന സോഹദരിമാർക്കുള്ള ഒരു വിദൂര പടനക്ലാസ്സിൽ പങ്കെടുത്തതു മുഖാന്തിരം ആ വീട്ടിലാണ് ഞാൻ താമസിക്കേണ്ടി വന്നത്.

ആ ക്ലാസ്സ് അങ്ങ് തീരുവാൻ സമയം ആയപ്പോൾ മിസസ്. ഫാൻ എന്നോട് ആവശ്യപ്പെട്ടു വളരെ ഭയങ്കരമായിട്ട് രോഗാവസ്ഥയിലായിരിക്കുന്ന ഒരു ആൺകുട്ടിയെ സന്ദർശിക്കുവാൻ, അവൻ ശ്വാസകോശത്തിൽ ക്ഷയരോഗ ബാധിതനായിട്ട് വെയ്ഹൂയിഫൂലെ മിഷൻസ് ബോയ്സ് സ്കൂളിൽ അകലെ ആയതു ഭവനത്തിലേയ്ക്കു വന്നതുമാണ്. അന്ന് മദ്ധ്യാഹ്നത്തിനുശേഷമാണ് ഞങ്ങൾ ആ ആൺകുട്ടിയുടെ ഭവനത്തിൽ ചെന്നത്. ഞങ്ങൾ ആ ബാലനെ വാതിലിനുപുറത്തുള്ള ഒരു സ്റ്റൂളിൽ ഇരിക്കുന്നതു കണ്ടു. ഒരു പ്രാവശ്യം ശ്വാസോച്ഛ്വാസം നടത്തുവാൻ അവൻ സാധാരണക്കാർ ചെയ്യുന്നതിന്റെ ഇരട്ടി കഷ്ടപ്പെടുന്നതായിട്ട് കണ്ടപ്പോൾ വാസ്തവത്തിൽ എന്റെ ഹൃദയം തകർന്നുപോയി. അവന്റെ വായിൽ നിന്നു നുരയും പതയും പുറത്തേക്കു വന്നു. അവന്റെ മുഖം ചാരനിറത്തിലുള്ളതായിതീർന്നു. അങ്ങനെ ഏതാണ്ട് മരിക്കാറായ രൂപം. ഞാൻ പ്രാർത്ഥിച്ചപ്പോൾ അവന്റെ അമ്മയും മറ്റുള്ളവരും എന്റെ ചുറ്റും വന്നുകൂടി. എന്നെ സംബന്ധിച്ചിടത്തോളം അത് ഒരു കപടതപോലെ തോന്നി. പ്രാർത്ഥിച്ചപ്പോൾ അവർ സൗഖ്യം പ്രാപിക്കപ്പെട്ടവനെപ്പോലെ എന്തുകൊണ്ടെന്നാൽ അങ്ങനെ ഉള്ള ഒരു അത്ഭുതത്തിൽ എനിക്ക് വിശ്വാസം ഉണ്ടായിരുന്നില്ല. അതുകൊണ്ട് ഞാൻ അമ്മയ്ക്കുവേണ്ടി പ്രാർത്ഥിച്ചു പിന്നീട് അവസാനമായിട്ട് ആൺകുട്ടിക്ക് മരണത്തിനുള്ള കൃപയ്ക്ക് പ്രാർത്ഥിച്ചു.

അങ്ങനെ ഞങ്ങൾ മടങ്ങിപ്പോയിക്കൊണ്ടിരുന്നപ്പോൾ, എന്റെ കാതുകളിൽ ഈ വചനങ്ങൾ മുഴങ്ങുവാൻ തുടങ്ങി. സഭയിലെ മൂപ്പന്മാരേ വരുത്തട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണപൂശി അവനുവേണ്ടി പ്രാർത്ഥിക്കട്ടെ. (യാക്കോബ് 5:14). ആവർത്തിച്ച് ആവർത്തിച്ച് ഈ വചനങ്ങൾ വന്നുകൊണ്ടിരുന്നു, ഫാനിന്റെ ഭവനത്തിൽ മടങ്ങിവരുമ്പോൾ അങ്ങനെ ഞാൻ അത് അനുസരിക്കുവാൻ തീരുമാനിച്ചു. എന്നിരുന്നാലും വിശ്വാസത്തിന്റെ യാതൊരു പ്രവർത്തികളും ആ ആൺകുട്ടിയുടെ ജീവിതത്തിനായിട്ടു എനിക്കു ചെയ്യുവാൻ കഴിഞ്ഞില്ലെങ്കിൽ തന്നേയും ആൺ കുട്ടി ജീവിക്കുക തന്നെ ചെയ്യും. ഞൻ അന്ധമായിട്ടു അതു അനുസരിക്കും.

എന്നാൽ ഞാൻ ഡോ. ഫാൻ എന്താണ് ചെയ്യുവാൻ ഞാൻ ആഗ്രഹിച്ചതെന്നു പറഞ്ഞപ്പോൾ ആദ്യം അദ്ദേഹം എന്നോടു കൂടെചേർന്നില്ല, എന്നിട്ട് പറഞ്ഞു. എന്തുകൊണ്ടാണ് ആൺകുട്ടി മരിക്കുന്നത്. എന്നാൽ ഞാൻ വാശിപിടിച്ചുകൊണ്ട് അവൻ പറഞ്ഞപ്രകാരം ഞാൻ മറുപടി പറഞ്ഞു. ഡോ. ഫാൻ, ഞാൻ സത്യസന്ധതയോട് ആൺകുട്ടിയുടെ സൗഖ്യത്തിനായിട്ടു വിശ്വാസം ഇല്ലായിരുന്നു. എന്നാൽ ദൈവത്തിന്റെ ശബ്ദത്തിൽ കുറഞ്ഞപക്ഷം ഞാൻ അനുസരിക്കാതെ ഭവനത്തിലേക്കു മടങ്ങിവരുന്നുവെങ്കിൽ, ഞാൻ അങ്ങേയറ്റം ദയനീയവും അതുപോലെ മനസ്സാക്ഷി കുത്തു ഏൽക്കപ്പെട്ടവളും ആയിരിക്കും.

ആൺകുട്ടിയെ കൊണ്ടുവന്നു. മൂപ്പന്മാരും അതുപോലെ സുഹൃത്തുക്കളും അടുക്കൽ കൂടിവരികയും അവരുടെ മദ്ധ്യേ ആൺകുട്ടിയെ കിടത്തുകയും ചെയ്തു. മൂപ്പന്മാർ പ്രാർത്ഥിച്ചു. മുമ്പിലത്തേക്കാൾ അധികം ഞാൻ പ്രാർത്ഥിച്ച് അവസാനിപ്പിച്ചു. ആൺകുട്ടിയെ ഭവനത്തിലേയ്ക്കു തിരികെ കൊണ്ടുപോയി. അടുത്ത പ്രഭാതത്തിൽ ഞാൻ പോയി.

ഒരു വർഷത്തിനു ശേഷം ഞാൻ വേയ്ഹൂയിഫൂയിൽ പ്രസ്ബിറ്ററി മീറ്റിംഗിനു ചെന്നപ്പോൾ ഞാൻ മിസസ്സ് ഫാനിനെ കാണുകയും കാര്യങ്ങൾ ആരായുകയും ചെയ്തു. ആ ആൺ കുട്ടി മരിച്ചോ? (ഓ വിശ്വാസം ഇല്ലായ്മയുടെ ദു:ഖം)

മറുപടി വന്നു ആ ആൺകുട്ടി നല്ല ആരോഗ്യവാനും അവന്റെ പിതാവിനെ സഹായിച്ചുകൊണ്ടും ഇരിക്കുന്നു.

രണ്ട് വർഷങ്ങൾ കടന്നു പോയി. ഞാൻ വീണ്ടും വേയ്ഹൂയിഫു മിസ്സ് എന്നെ സഹായിക്കുവാൻ ആയിട്ടുള്ള പ്രത്യേകമായ സ്ത്രീകൾക്കു വേണ്ടിയുള്ള മീറ്റിംഗിലായിരുന്നു. ആ ദിവസം, ഞങ്ങൾ രാത്രി ഭക്ഷണത്തിനു ഇരുന്നപ്പോൾ ഞാൻ

(ശേഷം 16-ാം പേജിൽ)

അന്ത്യനാളുകളിലെ ശുശ്രൂഷയ്ക്കു ജീവിതത്തിനുമുള്ള ദൈവീകമായ ബലം

By Rich Carmicheal

താങ്കൾ മനസ്സിലാക്കുന്നുണ്ടായിരിക്കാം, ഞങ്ങൾ ആഗമനദൂതന്റെ ഓഫീസിൽ ഇവിടെ ആയിരിക്കുമ്പോൾ ചില അടയാളങ്ങൾ ഒക്കെയും സൂചിപ്പിക്കുന്നത് നാം കർത്താവിന്റെ മടങ്ങിവരവിനു മുമ്പുള്ള അവസാന കാലഘട്ടത്തിലാണെന്നാണ്. അതിനോടനുബന്ധിച്ചുള്ള അടയാളങ്ങളെ, യേശു പറയുന്നത് " യുദ്ധങ്ങളും യുദ്ധശ്രുതികളും രാജ്യങ്ങൽ രാജ്യങ്ങൾക്കെതിരായും പട്ടിണികളും, ക്ഷാമവും ഭൂകമ്പവും അവിടവിടെ ഉണ്ടാകും" (മത്താ. 24:6,7). നമ്മുടെ ഇന്നത്തെ ലോകത്തിൽ ഇതിന്റെ ഒക്കെയും ശബ്ദങ്ങൾ ഉണ്ടാകുന്നില്ലേ?

ഒരു ഉദാഹരണത്തിനായിട്ടു യുക്രൈയിനും റഷ്യയും തമ്മിലുള്ള യുദ്ധം ഒന്നു കാണുക. ഇത് യുദ്ധത്തിന്റെ ശബ്ദം മാത്രമല്ല ഉയർത്തുന്നത്. എന്നാൽ ഇത് ക്രമേണ വളർന്ന് മറ്റു രാജ്യങ്ങളേയും ഒരു വലിയ യുദ്ധത്തിലേയ്ക്കും പ്രവേശിപ്പിച്ചേക്കാം. ഇത് ലോക രാഷ്ട്രങ്ങളിൽ രൂക്ഷമായ ഭക്ഷ്യക്ഷാമത്തിലേക്കു നയിച്ചേക്കാം. അതായത് ലോക ഭക്ഷ്യപ്രതിസന്ധിയിലേക്ക്.

ഇങ്ങനെയുള്ള യുദ്ധം അണുവായുധങ്ങൾ ഉപയോഗിച്ചുള്ള യുദ്ധ സാദ്ധ്യതകളെയും ഓർമ്മപ്പെടുത്തുന്നു. ഇതിനോട് കൂടി ഇറാൻ അണ്വായുധങ്ങൾ നിർമ്മാണത്തിനുള്ള സ്വയം പര്യാപ്തത നേടിയിരിക്കുന്നത് കൊണ്ട് ഇത് യിസ്രായേലിനും സമീപപ്രദേശങ്ങൾക്ക് ഭീഷണി ആയി തീർന്നേക്കാം. നോർത്ത് കൊറിയയുടെ അണുശക്തിയുടെ പ്രാപ്തിയുടെ കാര്യം നാം ചിന്തിക്കേണ്ടതല്ലേ?

അന്തർദേശീയമായ തലങ്ങളിൽ സാമ്പത്തിക ശക്തിയുടെയും സൈന്യശക്തികളുടെയും ചൈനയുടെ രാഷ്ട്രീയമായ ഉൽക്കർഷേച്ഛകളും എല്ലാം വളരെ ഗൗരവമായിട്ട് വിലയിരുത്തേണ്ടിയിരിക്കുന്നു. തായ് വാനേ ആക്രമിക്കുവാൻ ചൈന തീരുമാനിച്ച് ഇറങ്ങുന്നുവെങ്കിൽ ലോകം അതിനൊക്കെയും എന്ത് അർത്ഥമാണ് കൊടുക്കുവാൻ പോകുന്നത്? അതുപോലെ ലോകത്തിന്റെ ആഗോളവൽക്കരണത്തിനോടുള്ള കാഴ്ചപ്പാടും അതുപോലെ ലോകത്തിനു കൊണ്ടുവരുന്ന നവീനമായ ക്രമീകരണ രീതികളും എന്ത് ഉദ്ദേശിച്ചുകൊണ്ടാണ്? ഇന്ന് യിസ്രായേലിനും യഹൂദന്മാർക്കും എതിരേയുള്ള ശത്രുതകൾ വളർന്ന് കൊണ്ടിരിക്കുന്നത് എന്തുകൊണ്ടാണ്?

വളരെ ചിന്തിക്കേണ്ടതായിരിക്കുന്നു. പ്രകൃതി വിപത്തുക്കളുടെ തീവ്രതകളും അതു സംഭവിക്കുവാനുള്ള സാധ്യതകളേയും കുറിച്ച്, കഴിഞ്ഞ രണ്ട് വർഷങ്ങളിലായിട്ട് നാം ഭയപ്പെടുന്ന ലോക മഹാവ്യാധിയായ കോവിഡ് -19-ന്റെ കാര്യം എന്താണ്?

കൂടുതൽ അടയാളങ്ങൾ

അവസാന സമയങ്ങളെ കുറിച്ച് യേശു പറഞ്ഞിരിക്കുന്നതിൽ ചതിയും, ആത്മീകവും, ധാർമ്മികവും അതുപോലെ സാമൂഹിക അധപതനങ്ങളും കൂട്ടി ചേർത്തിരിക്കുന്നു (മത്താ. 24:9-12). ഇന്ന് നാം ഇതൊന്നും കൂടുതലായിട്ട് ലോകത്തിൽ അനുഭവിക്കുന്നില്ല. അമേരിക്കയിലെ ഭീതിജനകമായ അധപതനങ്ങൾ ഉൾപ്പെടെ വിവാഹത്തിന്റെ കാര്യം ചിന്തിക്കുക അതായത് ലിംഗ സമത്വത്തെ കുറിച്ച് ഈ പറയപ്പെട്ടിരിക്കുന്നതിന്റെ ഗൗരവത്തെക്കുറിച്ച് അധികം പ്രസ്താവിക്കേണ്ടതില്ല. ഇതെല്ലാം കർത്താവ് സൃഷ്ടിയുടെ ആരംഭം മുതൽ തന്നേ വളരെ വ്യക്തതയോടുകൂടി പറഞ്ഞിരിക്കുകയാണ് അത്. (1) അവൻ നമ്മെ ആണോ, അല്ലെങ്കിൽ പെണ്ണോ ആയിട്ടാണ് സൃഷ്ടിച്ചത്. അതുപോലെ (2) അവൻ വിവാഹം ഒരു പുരുഷന്റെയും ഒരു സ്ത്രീയുടെയും മദ്ധ്യേ വിശുദ്ധമായ ഒരു ബന്ധം ആയിട്ടാണ് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. ചിന്തിക്കേണ്ടി ഇരിക്കുന്നു. എത്രയോ പെട്ടെന്ന് അടിസ്ഥാനപരവും മൗലികവും ആയ സത്യങ്ങൾ മറക്കപ്പെട്ടിരിക്കുന്നു. അതുപോലെ പുനർനിർവ്വചനം ചെയ്തതും.

അപ്പോസ്തലനായ പൗലൊസ് ഇപ്രകാരം തന്നേ നമുക്കു മുന്നറിയിപ്പായിട്ട് നല്കിയിരിക്കുന്നു. അന്ത്യനാളുകളിൽ സമസ്തമേഖകളിലും അതായത് ആത്മീകവും ധാർമ്മികവും അതുപോലെ സാമൂഹികമായിട്ടുള്ള അധ:പതനങ്ങളും സംഭവിക്കുമെന്നും അതുപോലെ ആപത്ഘട്ടങ്ങൾ ഉണ്ടാകുമെന്നും മനസ്സിലാക്കുക. അവന്റെ ആ ദിവസങ്ങളിലെ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലുള്ള നിർദ്ദേശങ്ങൾ എങ്ങനെ ഇന്നത്തെ തലക്കെട്ട് ആയിട്ട് വായിക്കുവാൻ കഴിയുന്നത്.

" അന്ത്യകാലത്തു ദുർഘടസമയങ്ങൾ വരും എന്നറിക. മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പുപറയുന്നവരും അഹങ്കാരികളും ദൂഷകന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രിയന്മാരും ഉഗ്രന്മാരും സൽഗുണദോഷികളും ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളികളുമായി ദൈവപ്രിയമില്ലാതെ ഭോഗപ്രീയരായി ഭക്തിയുടെ വേഷം ധരിച്ചു അതിന്റെ ശക്തി ത്യജിക്കുന്നവരായിരിക്കും ". (2തിമൊ. 3:1-5). അവസാനഭാഗത്ത് ഇവിടെ പേരു പറയപ്പെട്ടിരിക്കുന്നത് നമ്മെ ഒരു വലിയ ദു:ഖകരമായിട്ട് ഇന്ന് നമ്മുടെ സഭയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മതഭ്രംശം ആണ്.

ദൈവീക ശക്തി

ഈ അടയാളങ്ങളെല്ലാം തന്നേ കൂടുതലായിട്ട് വേല ചെയ്യേണ്ടതിനായിട്ടുള്ള നമ്മുടെ വിളിയുലുണ്ടാകുന്ന ഒരു ഉന്മേഷമാണ്. ദൈവജനം ലോകത്തിന്റെ വെളിച്ചവും ഭൂമിയുടെ ഉപ്പും ആയിരിക്കേണം. വളരെ നിരാശജനകമായ ഒരു സാഹചര്യം വന്നിട്ടുണ്ടെങ്കിൽ അത് ഇപ്പോഴാണ്. ദൈവീകമായ ബലത്തെ ത്യജിച്ച് കളയുന്നതിന് പകരം, ഈ സമയം ആണ് സഭയിൽ ദൈവീക ശക്തി നിറയപ്പെടേണ്ടത്, ജീവിക്കുവാനുള്ള ഒരു ശക്തി അതായത് ദൈവമഹത്വം വരുത്തുന്നതിനു അങ്ങനെ തന്നേ അതിൽ കൂടെ മറ്റുള്ള അനേകരെ കർത്താവിന്റെ സന്നിധിയിലേക്ക് നടത്തുവാനും സാധിക്കും.

യാതൊരു സംശയവും വേണ്ട കർത്താവ് നമ്മെകുറിച്ച് ആഗ്രഹിക്കുന്നത് അവിടുത്തെ ബലത്താൽ നമ്മുടെ ജീവിതവും ശുശ്രൂഷയും നിറയപ്പെടേണ്ടതിനാണ്. യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞത്, "എന്റെ പിതാവു വാഗ്ദത്തം ചെയ്തതിനെ ഞാൻ നിങ്ങളുടെമേൽ അയക്കും. നിങ്ങളോ ഉയരത്തിൽ നിന്നു ശക്തി ധരിക്കുവോളം നഗരത്തിൽ പാർപ്പിൻ " (ലൂക്കോ. 24:49). വിശ്വസിക്കുവാൻ ബുദ്ധിമുട്ടുള്ളതാണെങ്കിലും ഇതേ ശക്തിയോടെയാണ് പ്രവർത്തിക്കേണ്ടത്. അങ്ങനെ നമ്മുടെ സ്വർഗ്ഗീയ പിതാവ് ക്രിസ്തുവിനെ മരിച്ചവരിൽ നിന്നു ഉയർത്തേണ്ടതും ആണ്. " വിശ്വസിക്കുന്ന നമുക്ക് വേണ്ടി വ്യാപരിക്കുന്ന അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം ഇന്നതെന്നും നിങ്ങൾ അറിയേണ്ടതിനും പ്രാർത്ഥിക്കുന്നു. അങ്ങനെ അവൻ ക്രിസ്തുവിലും വ്യാപരിച്ചു അവനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർപ്പിക്കും" (എഫെ. 1:19,20).

"ഇതാകുന്നു ദൈവത്തിന്റെ ശക്തി അവന്റെ ദിവ്യശക്തി ജീവനും ഭക്തിക്കും വേണ്ടിയതു ഒക്കെയും" (2പത്രൊ. 1:3).

ഇതാകുന്നു ഭൂമി മുഴുവനും സാക്ഷിയാകുവാൻ വേണ്ടിയുള്ള ദൈവശക്തി. "എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യെഹൂദയിൽ എല്ലാടത്തും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു " (അപ്പോ. 1:8).

അന്ധകാരമണ്ഡലവും ആയിട്ടുള്ള ആത്മീക യുദ്ധത്തിന്റെ ജയത്തിനാവശ്യമായതാണ്. ഈ ദൈവീകബലം. "ഒടുവിൽ കർത്താവിലും അവന്റെ അമിത ബലത്തിലും ശക്തിപ്പെടുവിൻ. പിശാചിന്റെ തന്ത്രങ്ങളോടും എതിർത്തു നില്പാൻ കഴിയേണ്ടതിനു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ ". (എഫെ. 6:10,11). " ഞങ്ങളുടെ പോരിന്റെ ആയുധങ്ങളോ ജഡികങ്ങൾ അല്ല, കോട്ടകളെ ഇടിപ്പാൻ

ദൈവസന്നിധിയിൽ ശക്തിയുള്ളവ തന്നേ ” (2കൊരി. 10:4).

സ്ഥിരോത്സാഹത്തിനുവേണ്ടിയുള്ളതാണ് ഈ ദൈവീക ശക്തി. “ സകല സഹിഷ്ണതെക്കും ദീർഘക്ഷമെക്കുമായി അവന്റെ മഹത്വത്തിന്റെ വല്ലഭത്വത്തിനു ഒത്തവണ്ണം പൂർണ്ണ ശക്തിയോടെ ബലപ്പെടേണമെന്നു ” (കൊലൊ.1:11).

കഷ്ടത സഹിക്കേണ്ടതിനു വേണ്ടിയുള്ളതാണ് ഈ ദൈവിക ബലം. “ ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ ദൈവം നമുക്ക് തന്നത്. അതുകൊണ്ട് നമ്മുടെ കർത്താവിന്റെ സാക്ഷ്യത്തേയും അവന്റെ ബദ്ധനായ എന്നേയും കുറിച്ച് ലജ്ജിക്കാതെ സുവിശേഷത്തിനായി ദൈവശക്തിക്കു ഒത്തവണ്ണം നീയും എന്നോടുകൂടെ കഷ്ടം സഹിക്ക ” (2തിമൊ .1:7,8).

ഈ ദൈവീക ബലമാണ് നിന്ദകളുടെയും ആവശ്യങ്ങളുടെയും പീഢനങ്ങളുടെയും ആപത്തുകളുടെയും ബലക്ഷയത്തിന്റെ മദ്ധ്യേ നില്ക്കുവാൻ നമ്മെ ശക്തീകരിക്കുന്നത്. അവൻ എന്നോടു “ എന്റെ കൃപ നിനക്കു മതി; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്നു പറഞ്ഞു. ആകയാൽ ക്രിസ്തുവിന്റെ ശക്തി എന്റെമേൽ ആവസിക്കേണ്ടതിനു ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും. അതുകൊണ്ട് ക്രിസ്തുവിനു വേണ്ടി ബലഹിനത, കയ്യേറ്റം, ബുദ്ധിമുട്ടു, ഉപദ്രവം, ഞെരുക്കം എന്നിവ സഹിപ്പാൻ ഇഷ്ടപ്പെടുന്നു; ബലഹീനനായിരിക്കുമ്പോൾ തന്നേ ഞാൻ ശക്തനാകുന്നു ” (2കൊരി 12:9,10).

ക്രിസ്തുവിന്റെ സ്നേഹത്താലും ദൈവത്തിന്റെ പൂർ ണ്ണതയാലും നിറയപ്പെടുവാനുള്ള ദൈവീക ശക്തിയാണ് ഇത്. “അവൻ തന്റെ മഹത്വത്തിന്റെ ധനത്തിനു ഒത്തവണ്ണം അവന്റെ ആത്മാവിനാൽ നിങ്ങൾ അകത്തെ മനുഷ്യനെ സംബന്ധിച്ചു ശക്തിയോടെ ബലപ്പെടേണ്ടതിനു ക്രിസ്തു വിശ്വാസത്താൽ നി ങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിനും വരം നല്കേണം എന്നും നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി വീതിയും നീളവും ഉയരവും ആഴവും എന്തു എന്നു സകല വിശുദ്ധന്മാരോടുംകൂടെ ഗ്രഹിപ്പാനും പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിൻ സ്നേഹത്തെ അറിവാനും പ്രാപ്തരാകുകയും ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞു വരുകയും വേണം എന്നും പ്രാർത്ഥിക്കുന്നു ” (എഫെ. 3:16-19).

ഇത് സന്തോഷത്താലും, സമാധാനത്താലും പ്രത്യാശയാലും നിറയുവാനുള്ള ദൈവീക ശക്തി ആകുന്നു. എന്നാൽ പ്രത്യാശ നല്കുന്ന ദൈവം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങൾ പ്രത്യാശയിൽ സമൃദ്ധിയുള്ളവരായി വിശ്വസിക്കുന്നതിലുള്ള സകല സന്തോഷവും സമാധാനവും കൊണ്ടു നിങ്ങളെ നിറെക്കുമാറാകട്ടെ (റോമ. 15:13).

വചനത്തിലും ശക്തിയിലുമുള്ള സുവിശേഷം

ഇതെല്ലാം ആയിട്ടുള്ള എന്റെ മനസ്സിൽ ആഗമന ദൂതന്റെ സ്റ്റാഫുകളെല്ലാവരും പ്രതീക്ഷിക്കുകയാണ്. താങ്കൾ ഈ സന്ദേശത്താൽ ഉത്സാഹിതരായി തീർന്നിരിക്കുകയാണ്. കർത്താവിനെ അവന്റെ ശക്തിയുടെ പൂർണ്ണതയോടെ താങ്കളുടെ ജീവിതത്തിലും ശുശ്രൂഷയിലും ഈ അന്ത്യ ദിവസങ്ങളിൽ അന്വേഷിക്കുവാൻ. അവന്റെ വരവ് സമീപിച്ചിരിക്കുന്നു എന്നു തെളിയിക്കേണ്ടതിനായിട്ടു യേശു നല്കുന്ന ഒരു അടയാളമാണ്. സുവിശേഷത്തിന്റെ വ്യാപനം എന്നത്. “ രാജ്യത്തിന്റെ സുവിശേഷം സകല ജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കപ്പെടും. അപ്പോൾ അവസാനം വരും” (മത്താ. 24:14).ഇതിനോട് അനുബന്ധമായിട്ടു അപ്പോസ്തലനായ പൗലൊസ് തെസ്സലോനിക്യരോടു പറയുന്നത്: ഞങ്ങളുടെ സുവിശേഷം വചനമായി മാത്രമല്ല, ശക്തിയോടും പരിശുദ്ധാത്മാവോടും ബഹുനിശ്ചയത്തോടും കൂടെ ആയിരുന്നു നിങ്ങളുടെ അടുക്കൽ വന്നത്. നിങ്ങളുടെ നിമിത്തം ഞങ്ങൾ നിങ്ങളുടെ ഇടയിൽ എങ്ങനെ പെരുമാറിയിരിക്കുന്നു എന്നു അറിയുന്നുവല്ലോ (1തെസ്സ. 1:5). ഇതാണ് നമ്മുടെ ചുറ്റുപാടും ഉള്ളവർക്കു മുഴുവൻ ലോകത്തിനു ഇന്ന് ആവശ്യമായിരിക്കുന്നത് ദൈവത്തിന്റെ ശക്തി ജീവിതത്തി ലും ശുശ്രൂഷകളിലും നിറയപ്പെട്ടിരിക്കുന്ന വിശ്വാസികളാൽ ക്രിസ്തുവിന്റെ സുവിശേഷം പ്രചരിക്കപ്പെടേണം എന്നുള്ളത്.

“ എന്നാൽ നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തംപരമായി ചെയ് വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവനു സഭയിലും ക്രിസ്തയേശുവിലും എന്നേക്കും തലമുറതലമുറയായും മഹത്വം ഉണ്ടാകട്ടെ ആമേൻ ”. (എഫെ. 3:19). ❖

ബലഹീനമായ ആത്മീക ബലത്തെ പുതുക്കാം

By Wesley L. Duewel

പരിശുദ്ധാത്മാവ് നമ്മിൽ നിറയപ്പെടുമ്പോൾ ബലവും വിശുദ്ധിയും അവിടുന്ന് പകർന്നു നൽകുന്നു. ഒരു വ്യക്തി അവനെ സമ്പൂർണ്ണമായിട്ടു ഒരു ജീവനുള്ള യാഗമായിട്ടു സമർപ്പിച്ച് കൊടുക്കുമ്പോൾ (ആൻഡ്രൂ മുറേ സ്നേഹത്തോടെ പ്രയോഗിക്കുന്നത്) അതുപോലെ പരിശുദ്ധാത്മാവിനാൽ നിറയപ്പെടേണ്ടതിനുവേണ്ടി ആശ്രയിച്ചും ആവശ്യപ്പെടുകയും ചെയ്യുമ്പോൾ അത് ഒരു പുതിയ നിലവാരത്തിലുള്ള ആത്മീക ജീവിതത്തിന്റെ വ്യാപ്തിയിലേക്കാണ് നടത്തുന്നത്. പരിശുദ്ധാത്മാവ് ശുദ്ധീകരിക്കുകയും അതുപോലെ ഒരുവന്റെ ആന്തരിക മനുഷ്യനെ വിശുദ്ധീകരിക്കുകയും അങ്ങനെ അവൻ ഇതുവരെയും അറിഞ്ഞിട്ടില്ലാത്ത ഒരു നിലവാരത്തിലേക്കു നയിക്കുകയും ചെയ്യുന്നു. അതുപോലെ ആ നിമി ഷം തന്നേ ദൈവീകമായ വലിയ ബലത്താൽ നിറയപ്പെടുകയും ചെയ്യുന്നു.

പരിശുദ്ധാത്മാവിനാൽ ഒരുവൻ നിറയപ്പെട്ടതിനുശേഷം ഒരുവൻ വചനത്തിന്റെ പ്രകാശത്തിൽ നടക്കുമ്പോൾ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ടുകൊണ്ടിരിക്കയുമാണ്. അവൻ തുടർമാനമായിട്ട് കർത്താവിനെ പ്രസാദിപ്പിക്കുവാനാണ് പരിശ്രമിക്കുന്നത്. നിമിഷങ്ങൾ തോറും അവന്റെ ഉള്ളിൽ വസിക്കുന്ന പരിശുദ്ധാത്മാവിനെ ആശ്രയിച്ചും അതുപോലെ ആത്മാവ് അവനെ ശക്തീകരിക്കുകയും ചെയ്യുന്നു. മുന്നിൽ വരുന്ന പ്രലോഭനങ്ങളെ ജയിക്കുവാൻ ആത്മാവിന്റെ സഹായത്താൽ വിശുദ്ധിയെ കാത്തുപരിപാലിക്കാം. ചില കാഴ്ചപ്പാടിൻ പ്രകാരം നമുക്ക് തന്നെ വിശുദ്ധിയെ കാത്തുപരിപാലിക്കാം (1തിമൊ. 5:22) ആത്മാവിനോടുള്ള വളരെ ശ്രദ്ധിച്ചുള്ള അനുസരണത്താൽ (1യോഹ. 3:3). എല്ലാം പരിശോധിക്കുന്നതിനാൽ, നല്ലതു മുറുകെ പിടിച്ചുകൊണ്ടും തീയതിനെ ഉപേക്ഷിച്ചുകൊണ്ടും (1തെസ്സ. 5:21,22). കറയും കളങ്കവും ഇല്ലാത്തവരായിട്ടു നാം നമ്മെത്തന്നേ അങ്ങനെ കാത്തു സൂക്ഷിക്കാം (2പത്രൊ. 3:14).

എന്നാൽ ആത്മികമായ ബലം വ്യത്യസ്തമാണ്. ആത്മീക ബലത്തെ അത് ക്ലപിതമല്ലാത്ത നിലയിൽ കാത്തു സൂക്ഷിക്കുവാൻ സാധ്യമല്ല. ആത്മാവിന്റെ ബലം എന്നാൽ അവിടുത്തെ ഊർജ്ജം നമ്മുടെ ആത്മാവിൽ കൂടിയും ആത്മാവിനുള്ളിലേക്കുമുള്ള ഒഴുക്കാണ്. ഊർജ്ജം ഉപയോഗിക്കുവാനുള്ളതും, ബലം പുതുക്കുവാനുള്ളതുമാണ്. സെഖര്യാവ് പ്രവചനം 4-ാം അദ്ധ്യാത്തിൽ ഈ ആത്മീക രഹസ്യത്തെ വളരെ മനോഹരമായിട്ടു പ്രതിരൂപപപ്പെടുത്തിയിട്ടുണ്ട്.

പ്രവാസകാലത്തിനുശേഷം മന്ദിരത്തെ വീണ്ടും പണിയുന്നതിനുവേണ്ടി ഉത്സാഹിതരായി തീർന്ന രണ്ട് ദൈവത്തിന്റെ അഭിഷിക്തരായിട്ടുള്ള നായകന്മാരെ സെഖര്യാവ് പ്രവാചകന് ദൈവം നൽകിയ ഒരു പ്രധാനപ്പെട്ട ദർശനത്തിനനുസരിച്ച് അവരെ ശക്തിപ്പെടുത്തുകയും ഉത്സാഹിപ്പിക്കുകയും ചെയ്യുന്നു. മഹാപുരോഹിതനായ യോശുവയെയും സെരുബാബേലിനേയും വളരെ കഠിനമായ എതിർപ്പിനാൽ ഈ പ്രവൃത്തി 20 വർ ഷക്കാലം താമസിച്ചുപോയി.

ദൈവം അവന്റെ ശക്തമായ വചനങ്ങളെകൊണ്ട് അവരെ ഉറപ്പിക്കുവാൻ പ്രതിരൂപപ്പെടുത്തിയ നിർദ്ദേശമാണ് പ്രയോഗിച്ചത്. അവൻ ഉത്തരം പറഞ്ഞതെന്തെന്നാൽ: സെരുബാബിലിനോടുള്ള യഹോവയുടെ അരുളപ്പാടാവിതു: സൈന്യത്താലല്ല, ശക്തയാലുമല്ല, എന്റെ ആത്മാവിനാലത്രേ എന്നു സൈന്യങ്ങളുടെ യഹോവ അരുളിചെയ്യുന്നു” (സെഖ. 4:6). സെഖര്യാവ് പ്രവാചകനെ ദൈവം കാണിച്ച ദർശനത്തിൽ ഒരു സ്വർണ്ണം കൊണ്ട് നിലവിളക്കിന്റെ തണ്ടുകളും, ഒരു പാത്രത്തിൽ നിന്നു ഉള്ള ഒലിവ് തൈലം നിലവിളക്കിന്റെ ഏഴും തണ്ടുകളിലേക്കു അത് ഒഴുകി എത്തി കത്തി ജ്വലിച്ച് അങ്ങനെ ഒരു വലിയ വെളിച്ചത്തിൽ ശോഭിക്കുന്ന നിലവിളക്ക് തണ്ടുകളെ കുറിച്ചാണ്. (പ്രകാശത്തിന്റെ പൂർണ്ണതയെയാണ് അത് സൂചിപ്പിക്കുന്നത്). ഒരു ജീവനുള്ള ഒലിവ് മരത്തിൽ നിന്നാണ് രണ്ട് സ്വർണ്ണകുഴലുകളിൽ കൂടി ആ പാത്രത്തിലേയ്ക്ക് ഒലിവ് എണ്ണ എത്തിച്ചേരുന്നത്. എണ്ണ എത്ര സമയം നിലവിളക്കിന്റെ തണ്ടുകളിലേയ്ക്ക് പ്രദാനം ചെയ്യുന്നുവോ അത്രയും സമയത്തോളം അത് കത്തിജ്വലിച്ച് പ്രകാശം പരത്തികൊണ്ടിരിക്കും.

ദൈവത്തിന്റെ പ്രവൃത്തികൾ ചെയ്യുവാൻ വളരെ നിർണ്ണായകമായതാണ് ആത്മാവിന്റെ ഈ ശക്തി, എന്നാൽ ഇത് ഉപയോഗിച്ച് പ്രയോജനപ്പെടുത്തണം. ഇന്നലത്തെ ബലത്താൽ നമുക്ക് ഇന്ന് ശുശ്രൂഷിക്കുവാൻ സാധ്യമല്ല. ദൈവത്തിന്റെ സമ്പൂർണ്ണ ലക്ഷ്യങ്ങൾ പ്രാപിച്ചെടുക്കുവാൻ നമുക്ക് കഴിഞ്ഞകാലഘട്ടങ്ങളിലും അനുഗ്രഹങ്ങളോ ശക്തീകരണമോ ഹൃദയസ്തമാക്കിയതുകൊണ്ട് പ്രവർത്തിക്കുവാൻ സാധ്യമല്ല. ദൈവം നമ്മെ കുറിച്ച് ആഗ്രഹിക്കുന്നതു നാം പഴയകാലഘട്ടത്തിൽ ജീവിക്കുവാൻ വേണ്ടി അല്ല, എന്നാൽ ഓരോ നിമിഷങ്ങളിലും ഇന്നത്തെകാലത്ത് അവന്റെ ബലത്തെ ശരിയായ വിധത്തിൽ പ്രയോഗിക്കേണ്ടതിനാണ്.

വളരെ അപൂർവ്വങ്ങളായ അവസരങ്ങളിൽ മാത്രമാണ് ദൈവം നമ്മെ നമ്മുടെയതായ കാര്യങ്ങൾക്കായിട്ടു ഉപയോഗിക്കുന്നത്. ശിംശോനെയും ബിലെയാമിനെയും ശൗലിനെയും ഒക്കെ അവൻ അങ്ങനെ ഉപയോഗിക്കപ്പെട്ടവരാണ്. എന്നാൽ ദൈവത്തിന്റെ ഭരണ രീതി എന്നാൽ നാം പ്രാപിക്കുന്നതാണ് നമുക്ക് നൽകുവാൻ കഴിയുന്നത്. ദിനംതോറും നാം ശക്തീകരിക്കപ്പെടണമെന്നും അങ്ങനെ ദിനവും അവന്റെ മഹത്വത്തിനായിട്ടു പ്രയോജനപ്പെടേണം എന്നുള്ളതാണ് ദൈവത്തിന്റെ നമ്മെ കുറിച്ചുള്ള അഭിലാഷം. അവൻ നമ്മെ വളരെ ശക്തിയോടുകൂടി പ്രയോജനപ്പെടുത്തുന്നതു നമ്മുടെ ആത്മീക നിലവാരത്തിനു പകരം അവന്റെ ഹിതത്താൽ നാം പ്രവൃത്തിക്കപ്പെടുവാൻ ഒരുക്കപ്പെട്ടാൽ.

എങ്ങനെയാണ് ആത്മിക ബലം ബലഹീനം അല്ലെങ്കിൽ നഷ്ടപ്പെടുന്നത്.

യേശു കർത്താവ് അവിടുത്തെ ശുശ്രൂഷ തുടങ്ങുന്നത് പ്രത്യേകമായ പരിശുദ്ധാത്മാവിന്റെ ബലം അവനിലേയ്ക്കു പകർന്നിനുശേഷമാണ്. ഇവിടെ അവന്റെ വചനങ്ങൾ: “ ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവു എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവു എന്റെമേൽ ഉണ്ടു; ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്കു കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരേ വിടുവിച്ചയപ്പാനും ” (ലൂക്കോ. 4:18). പത്രോസ് അപ്പോസ്തലൻ ക്രിസ്തുവിന്റെ ശുശ്രൂഷയെ രത്നചുരുക്കം ആയിട്ട് പറയുന്നത്: “ നസറായനായ യേശുവിനെ ദൈവം പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്തതും ദൈവം അവനോടുകൂടെ ഇരുന്നതുകൊണ്ടു അവൻ നന്മ ചെയ്തും പിശാച് ബാധിച്ചവരെ ഒക്കെയും സൗഖ്യമാക്കുയം കൊണ്ടു സഞ്ചരിച്ചതുമായ വിവരം തന്നേ നിങ്ങൾ അറിയുന്നുവല്ലോ ” (അപ്പോ. 10:38). യേശു ഈ ശക്തിയെയാണ് അവിടുത്തെ ഈ ഭൂമിയിലെ ശുശ്രൂഷയ്ക്കായിട്ട് ഉപയോഗിച്ചതും അതേ ശക്തി തന്നേ ഇന്ന് നാം ഉപയോഗിക്കേണ്ടതും. ആത്മാവിന്റെ ശക്തി അടിസ്ഥാനപരമായിട്ട് അവൻ തിരഞ്ഞെടുത്തത് ശുശ്രൂഷയ്ക്കായിട്ട് അവിടുത്തെ ദൈവികത്വത്തെയല്ലാ എന്നാൽ ആത്മാവിന്റെ അഭിഷേകത്തെയാണ് ഉപയോഗിച്ചത്.

ലൂക്കോസ് 6:19-ൽ വിശദീകരിക്കുന്നത്, “ ശക്തി അവനിൽ നിന്നു പുറപ്പെട്ടു എല്ലാവരെ യും സൗഖ്യമാക്കുക കൊണ്ടു പുരുഷാരം ഒക്കെയും അവനെ തൊടുവാൻ ശ്രമിച്ചു. ഇതായിരുന്നു ആത്മാവിന്റെ ശക്തി. പന്ത്രണ്ട് വർഷം ആയിട്ടു രോഗബാധിതയായ സ്ത്രീ യേ ശുവിനെ തൊട്ടപ്പോൾ, യേശുവോ, ഒരാൾ എന്നെ തൊട്ടു; എങ്കൽ നിന്നു ശക്തി പുറപ്പെട്ടതു ഞാൻ അറിഞ്ഞു എന്നു പറഞ്ഞു” (ലൂക്കോ. 8:46).

യേശുവിന് എന്തായിരുന്നു സത്യം അതു തന്നെയാണ് നിങ്ങൾക്കും. നിങ്ങൾ മറ്റുള്ളവരെ ശുശ്രൂഷിക്കുമ്പോൾ നിങ്ങൾ ആത്മീക ശക്തിയെ പ്രതീക്ഷിക്കുന്നു. നിങ്ങൾ ദൈവത്തിനു വേണ്ടി പ്രയോജനപ്പെടുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, മാനവരാശിയുടെ മുറിവുകളെ സൗഖ്യമാക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നു. ദൈവത്തിന്റെ ശക്തി നിങ്ങളുടെമേൽ തുടർമാനമായിട്ട് ഉണ്ടായിരിക്കുകയും അതുപോലെ നിങ്ങളിൽ കൂടിയുള്ള ഒരു പകർച്ചയും വേണം.

1.ആത്മീക ബലം നിങ്ങളുടെ ശുശ്രൂഷകളിൽ സ്വാഭാവികമായും പ്രയോഗിക്കപ്പെടണം.

നിങ്ങൾ കൂടുതൽ ശുശ്രൂഷകൾ ചെയ്യുമ്പോൾ കൂടുതലായിട്ട് നിങ്ങളുടെ ശക്തി പുതുക്കം പ്രാപിച്ചിരിക്കേണം, കൂടുതൽ ആത്മീക പുതുബലം പ്രാപിക്കുകയും അതുപോലെ കൂടുതലായിട്ട് നിറയപ്പെടുകയും വേണം. ഇത് വെറുമൊരു മാനസിക ക്ഷീണമോ അല്ലെങ്കിൽ ശാരീരികമായിട്ടുള്ള തളർച്ചയുടേതായ അനുഭവങ്ങളോ അല്ല. ആത്മീകമായ പുതുക്കം ഇല്ലായെങ്കിൽ താങ്കൾക്ക് ഒരു ശരിയായ അംഗീകാരം ലഭിക്കുകയില്ല.

ഒരിക്കൽ ലൂഥർ തന്റെ പദ്ധതികളെകുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹം അടുത്ത ദിവസം പറഞ്ഞ മറുപടി പ്രവൃത്തിക്കുക, പ്രവർത്തിക്കുക, വളരെ പ്രഭാതം മുതൽ വളരെ രാത്രി വരെ തീർച്ചയായിട്ടു എനിക്ക് ധാരാളം ആയിട്ട് ചെയ്യുവാനും എന്റെ ആദ്യത്തെ മൂന്ന് മണിക്കൂറുകൾ പ്രാർത്ഥനയിൽ ആയിരിക്കുമ്പോൾ തിരക്കേറിയ ശുശ്രൂഷ ശരിയായ പ്രാർത്ഥനാ ജീവിതം ഇല്ലാത്തതാണെങ്കിൽ അതുപോലെ തന്നേ ആത്മീകമായ പുതുക്കം അത് ആത്മീകമായ ബലത്തിന്റെ നഷ്ടത്തിലേക്കും നയിക്കപ്പെടും. നാം നിക്ഷേപിക്കപ്പെട്ടതു ശരിയായി പ്രവൃത്തിക്കന്നില്ലെങ്കിൽ ഫലം നല്ലത് ആകുന്നില്ല. നിങ്ങൾ തന്നേ ആത്മികമായിട്ടു മറ്റുള്ളവർക്കു നല്കികൊണ്ടിരിക്കുന്നത്? നിങ്ങൾ ഒരിക്കൽ അറിഞ്ഞിരുന്നല്ലേ കൂടുതലായിട്ടുള്ള ദൈവത്തിന്റെ ശക്തി നിങ്ങളുടെമേൽ ഉണ്ടെന്നു അതുപോലെ അവന്റെ അഭിഷേകം ഈ ദിവസങ്ങളിലേതിനെക്കാൽ കൂടുതലായിരുന്നില്ലേ?

2. ആത്മീക ബലം പ്രയോഗിക്കപ്പെട്ടുകൊണ്ടിരിക്കുന്നത് അനാത്മിക കാര്യാദികളിലാണ്.

നമ്മൾ ജീവിക്കുന്നത് ഒരു മതേതര ലോകത്തിലാണ്. നാം ഒരു ഉപദീപിലല്ലാ, എന്നാൽ എല്ലാ നിലയിലുമുള്ള മാനുഷിക കൂട്ടായ്മകളോട് ചേർന്നാണ് ജീവിക്കുന്നത്. ദൈവം നമ്മെ ഒരു ഏകാന്തജീവിതം നയിക്കുന്ന വ്യക്തിയായിട്ടല്ല ആഗ്രഹിക്കുന്നത്, നമ്മെതന്നേ ഒറ്റപ്പെടുത്തി ജീവിതത്തിന്റെ സകല സാഹചര്യങ്ങളെയും പുച്ഛിച്ചുള്ള ജീവിതത്തിനു ആയിട്ടല്ല. ലോകത്തിൽ നാം പ്രകാശവും അതുപോലെ ഉപ്പും ആയിരിക്കേണം. എന്നാൽ പ്രകാശം വരണമെങ്കിൽ അതിന്റെ ഉറവിടമായ ഉത്ഭവസ്ഥാനത്ത് നിന്ന് അത് കത്തിജ്വലിച്ചുവെങ്കിലോ സാധിക്കുകയുള്ളു. അതുപോലെ ഉപ്പും ഉപയോഗിച്ച് അതിനെ പ്രയോജനപ്പെടുത്തിയെങ്കിലോ പറ്റുകയുള്ളൂ.

പ്രവർത്തിക്കും ആത്മീകതയ്ക്കും ഇടയിൽ യാതൊരു വിധമായ സംഘട്ടനവും ഇല്ല. കഠിന അദ്ധ്വാനികളാണ് ഏറ്റവും മെച്ചമായ ക്രിസ്തീയ വേലക്കാരേയും അതുപോലെ തന്നെ ഏറ്റവും മെച്ചമായ പ്രാർത്ഥന പോരാളികളെയും സൃഷ്ടിക്കുന്നത്. അനേകം ആൾക്കാർ വളരെ അലസൻമാരാണ്. നല്ലവണ്ണം അനുഗ്രഹിക്കപ്പെടുവാൻ അവർക്ക് അറിഞ്ഞുകൂടാ എങ്ങനെയാണ് ആത്മ ശിക്ഷണത്തിൽ കൂടി ദൈവത്തിന്റെ വചനം ധ്യാനിക്കുവാനും പ്രാർത്ഥിക്കുവാനുമുള്ള സമയത്തെ കണ്ടെത്തുവാൻ ആത്മീകമായ നിന്വിനായിട്ട് എന്തിനേയും അവർ പ്രയോഗിക്കുന്നു. സെഖര്യാവ് 4-ാം അദ്ധ്യായം അവർ നല്ലെവണ്ണം വായിച്ച് പഠിച്ചിട്ടില്ല. അവർ കാര്യങ്ങളുടെമേൽ ജയം എടുക്കുവാൻ ശ്രമിക്കുന്നത് അവരുടെ സ്വന്ത ശക്തിയാലാണ് ദൈവത്തിന്റെ ആത്മാവിനാൽ അല്ല.

പ്രവൃത്തനത്തിന്റെ അനേകം സമയങ്ങളിൽ വളരെ ചെറിയ പ്രാർത്ഥനയ്ക്കും ആരാധനയ്ക്കും ആത്മീകമായ കൂട്ടായ്മക്കും അതുപോലെ തന്നെ കർത്താവിനു വേണ്ടിയുള്ള സ്നേഹപ്രകടനങ്ങൾക്കെല്ലാം പല രൂപത്തിൽ നമുക്ക് നല്ലവണ്ണം അവസരങ്ങൾ ലഭിക്കാറുണ്ട്. എന്നാൽ മിക്കപ്പോഴും നാം ജീവിക്കുന്നത് കർത്താവ് നമ്മുടെ കൂട്ടത്തിൽ ഇല്ലാത്തതുപോലെയാണ്. നാം അവനെ അറിയുന്നില്ല. ദിവ്യ സ്വപ്നങ്ങളാൽ നിറഞ്ഞും ആത്മ-ദയയാലും, സ്വന്തമായ നിലയിൽ ഉണ്ടാക്കിയ പദ്ധികളാലും നമ്മുടെ മനസ്സുകളെ നാം നിറച്ചിരിക്കുകയാണ്. നമ്മുടെ ഓരോ നിമിഷങ്ങളിലും ദൈവം ആയിരിക്കേണം നിക്ഷേപം ആകേണ്ടതും. വസ്ത്രം വൃത്തിയാക്കുമ്പോഴും കറങ്ങി നടക്കുമ്പോഴും, വെറുതെ സഞ്ചരിക്കുമ്പമ്പോഴും വാഹനം ഓടിക്കുമ്പോഴും, അല്ലെങ്കിൽ ഒരായിരം മറ്റുള്ള പ്രവർത്തനങ്ങളിലും നാം അതിന് സമ്മതിച്ചാൽ മാത്രം.

എന്നാൽ അനേകം പ്രവർത്തനങ്ങളിൽ അല്ലെങ്കിൽ സാഹചര്യങ്ങളൽ ഇത് വളരെ ബുദ്ധിമുട്ടായിട്ട് മാറിയേക്കാം. ചില സ്ഥലത്തെ സാഹചര്യങ്ങൾ ആത്മിക പ്രവർത്തനങ്ങൾക്ക് ശരിയായ നിലയിൽ യോജിച്ച് വരാത്തതും അത് ചിലപ്പോൾ അനാത്മീകതയ്ക്കു സാഹചര്യം ഉണ്ടാക്കുകയും ചെയ്യും. ശബ്ദത്തിന്റെ സാഹചര്യത്തെയോ, ഗൗരവ ഹീനതയോ, സൂചനീയത്വത്തെയോ, പാപം കലർന്ന തമാശകളോ ഭൗതികതയോ, അല്ലെങ്കിൽ നിങ്ങളുടെ മേലുള്ള ദൈവത്തിന്റെ പ്രഭാവത്തെ ഒഴിവാക്കിയും കർത്താവിനോടുള്ള നിരന്തരമായ ഒരു അഭയത്തിലേയ്ക്കു കടന്നുവരുവോളം ദൈവനാമത്തെ ദുഷിക്കുകയാണ് ചെയ്യുന്നത്. ആത്മീക ബലത്തെ ക്രമേണയായിട്ട് നഷ്ടപ്പെടുത്തുന്നവരായിട്ട് നിങ്ങൾക്ക് അനുബവപ്പെടേണം. ലോത്തിനെപ്പോലെ (2പത്രോ. 2:7). നിങ്ങൾ തുടർച്ചയായിട്ടും നിരാശപ്പെട്ടവരായിട്ടും അതുപോലെ മിക്കവാറും ദണ്ഡിക്കപ്പെട്ടവനായിട്ടും.

ആത്മീക കൂട്ടായ്മക്കു അതുപോലെ പുതുക്കത്തിനും നിങ്ങളുടെ ആത്മാവ് അതിനായിട്ട് വേണം ചില ആൾക്കാരാണെങ്കിൽ റേഡിയോ അല്ലെങ്കിൽ റ്റി.വി.യെയുമാണ് വിനോദത്തിനായിട്ട് ഉപയോഗിച്ച് കൊണ്ടിരിക്കുന്നത്. ഇവർക്കായിട്ട് കഷ്ടിച്ച് അറിയാം അതിനെ അവരുടെ ആത്മികമായ സന്തോഷത്തിനും അതുപോലെ ആത്മാവിന്റെ പുതുക്കത്തിനുമായിട്ടു ഉപയോഗിക്കുവാൻ. ബൈബിളിന്റെ കാലഘട്ടത്തിൽ പുരോഹിതൻ ആലയത്തെയോ കൂടാരത്തെയോ ശുശ്രൂഷയ്ക്കു മുമ്പെ ശുദ്ധീകരിക്കുമായിരുന്നു. നമുക്കു അതുപോലെയുള്ള ആത്മീകം ആവശ്യമാണ്. അല്ലെങ്കിൽ കുറഞ്ഞപക്ഷം മുഖമെങ്കിലും കഴുകി വൃത്തിയാക്കേണം. അങ്ങനെ കർത്താവുമായിട്ടുള്ള ഒരു നല്ല കൂട്ടായ്മയിൽ ആയിതീരാം.

3. മറ്റുള്ള ദൈവമക്കളുമായിട്ടുള്ള ഐക്യതയുടെ അഭാവം നമ്മുടെ ആത്മീക ബലഹീനത സൃഷ്ടിക്കുന്നു.

ദാവീദ് ഐക്യതയെകുറിച്ച് സംസാരിക്കുന്നു, സ്വർഗ്ഗത്തിൽ നിന്നുള്ള മഞ്ഞുപോലെ, ആത്മീകമായ പുതുബലം അതുപോലെ അനുഗ്രഹം ഉണ്ടാകുന്നു (സങ്കീ. 133:3). ഐക്യത ഇല്ലായ്മ ഇതിന് വിപരീതം ആണ്. അത് ആത്മാവിന് വളർച്ച സൃഷ്ടിക്കുന്നു. ആത്മീക ജീവനെ ഉണക്കുന്നു. അതുപോലെ ആത്മീകമായ പുതുബലത്തെയും ഉത്സാഹത്തെയും ബാഷ്പീകരിച്ചുകളയും. നിർണ്ണായകമായ മനോഭവത്താലും ചിന്തകളാലും അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള അക്ഷമതകളും അല്ലെങ്കിൽ ഹൃദയത്തിലെ കയ്പുകളുമെല്ലാം ബലത്തെ ഓടിച്ചുകളയുകയാണ്.

ദൈവീക അനുഗ്രങ്ങൾ, ബലം അതുപോലെ നിങ്ങളുടെ ജീവിതത്തിൽ നിന്നുമുള്ള അഭിഷേകവും ദയഇല്ലാത്ത മറ്റുള്ളവർ ചിന്തിക്കുന്നതുപോലെ ചിന്തകളും എല്ലാം വളരെ വേഗം ഇല്ലാതാകും. സ്നേഹം ഇല്ലാത്ത വാക്കുകൾ, നുണകൾ, മറ്റുള്ളവരെ നോക്കികളയാക്കിയുള്ള ചിരി, നിഷേധാത്മകമായ സംസാരങ്ങൾ എല്ലം നിങ്ങളുടെ ബലത്തെ തകർത്ത്കളയും അതുപോലെ ദൈവീക സാന്നിദ്ധ്യത്തിന്റെ മാധുര്യത്തെയും പരിശുദ്ധാത്മാവിന്റെ സ്നേഹത്തിനു എതിരായിട്ടുള്ള സകലവും ആത്മീക ബലത്തെ നശിപ്പിച്ചുകളയുന്നതാണ്.

പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുന്ന കാര്യങ്ങളെകുറിച്ച് താങ്കൾക്ക് മതിയാവോളം ഉള്ള ഒരു ബോദ്ധ്യം ഉണ്ടോ? “ദൈവത്തിന്റെ ജനത്തെ ആരെങ്കിലും തൊട്ടാൽ അവർ ദൈവത്തി ന്റെ കണ്ണിന്റെ കൃഷ്ണമണിയെയാണ് തൊടുന്നത് ” (സെഖ. 2:8). ഒരു നിർണ്ണായകമായ വിമർശനത്താൽ നിങ്ങൾക്ക് പ്രാർത്ഥനയുടം സമയങ്ങളിൽ സ്വീകരിച്ച അനുഗ്രഹത്തെ നഷ്ടമാക്കാം. പരിശുദ്ധാത്മാ വ് എന്നാൽ അത് പൂർണ്ണമായ സ്നേഹത്തിന്റെ മാന്യമായ ആത്മാവാണ്. അവന്റെ ഒരു പ്രധാനപ്പെട്ട ചുമതല എന്നത് നമ്മുടെ ഹൃദയങ്ങളിൽ ദൈവത്തിന്റെ സ്നേഹത്തെ ധാരാളമായിട്ട് നിറയ്ക്കുകയും അതുപോലെ നമ്മുടെ ജീവിതത്തിൽ കൂടി അത് പുറത്തേയ്ക്കു പകരുന്നതുമാണ് (റോമ. 5:5). നമുക്ക് അവന്റെ സ്നേഹത്തിന്റെ സ്വഭാവത്തെ ദു:ഖിപ്പിക്കുവാൻ കഴിയാതിരിക്കട്ടെ.

പൗലൊസ് ഇതിനെ വളരെ കടുപ്പിച്ചും അതുപോലെ നിർമ്മര്യാദമായ ഭാഷയിലുമാണ് സംസാരിക്കുന്നത്. എന്നാൽ നീ സഹോദരനെ വിധിക്കുന്നതു എന്തു? അല്ല, നീ സഹോദരനെ ധിക്കരിക്കുന്നത് എന്ത്? നാം എല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിനു മുമ്പാകെ നില്ക്കേണ്ടിവരും (റോമ. 14:10). മറ്റൊരുത്തന്റെ ദാസനെ വിധിപ്പാൻ നീ ആർ? അവൻ നില് ക്കുന്നതോ വീഴുന്നതോ സ്വന്തയജമാനനത്രെ (റോമ. 14:4). വിധിക്കുന്ന മനോഭാവങ്ങൾ ആത്മാവിനെ എല്ലായ്പ്പോഴും ദു:ഖിപ്പിക്കും. ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കരുത്. അവനാലല്ലോ നിങ്ങൾക്കു വീണ്ടെടുപ്പുനാളിനായി മുദ്രയിട്ടിരിക്കുന്നതു. എല്ലാ കൈപ്പും ക്രോധവും കുറ്റാരവും ദൂഷണവും സകലദുർഗുണവുമായി നിങ്ങളെ വിട്ടു ഒഴിഞ്ഞുപോകട്ടെ. നിങ്ങൾ തമ്മിൽ ദയയും മനസ്സലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ. ആകയാൽ പ്രീയമക്കൾ എന്നപോലെ ദൈവത്തെ അനുകരിപ്പിൻ. ക്രിസ്തുവും നിങ്ങളെ സ്നേഹിച്ചു നമുക്കുവേണ്ടി തന്നെത്താൻ ദൈവത്തിനു സൗരഭ്യവാസനയായ വഴിപാടും യാഗവുമായി അർപ്പിച്ചതുപോലെ സ്നേഹത്തിൽ നടപ്പിൻ (എഫെ. 4:30, 5:2).

4. അനുസരണമില്ലായ്മ ആത്മീക ബലത്തെ നശിപ്പിക്കുന്നു.

തുടർമാനമായിട്ട് ദൈവത്തിന്റെ പ്രകാശത്തിൽ നടക്കുന്നതും, അല്ലെങ്കിൽ ദൈവം നല്കപ്പെട്ടരിക്കുന്ന അവസരങ്ങളെ സ്വീകരിക്കാതെയും അതു ഉപയോഗിക്കാതെയും ഇരിക്കുമ്പോൾ ആത്മാവിന്റെ ബലത്തെ നഷ്ടമാക്കുകയാണ് ചെയ്യുന്നത്. യേശുവിനുവേണ്ടി കുറെ കൂടുതൽ കാര്യങ്ങൾ ചെയ്വാൻ വേണ്ടി ദൈവം നമുക്ക് അവസരങ്ങൾ

നല്കികൊണ്ടിരിക്കുകയാണ്. അത് നമ്മോട് ആവശ്യപ്പെടുന്നില്ല. നാം എത്രമാത്രം അടുത്ത് യേശുവിനെ സ്നേഹിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ്, എത്രമാത്രം നാം ആകാംഷഭരിതരായിരിക്കുന്നു അവനെ സന്തോഷിക്കുവാനുമായിട്ട് എളിയ സ്നേഹിത്തന്റെ അളവിനാൽ.

ചലനാത്മകമായ നിങ്ങളുടെ അവനോടുള്ള സ്നേഹത്തിന്റെ പ്രകടനങ്ങൾ അവന്റെ സാമീപ്യവും അതുപോലെ അനുഗ്രഹങ്ങളും നിങ്ങളുടെ ജീവിതത്തിൽ വർദ്ധിപ്പിക്കും. അതുകൊണ്ട് സ്നേഹത്തിന്റെ അളവുകളുടെ അവഗണന മാധുര്യമായ അവന്റെ സാന്നിധ്യത്തെ കുറയ്ക്കും.

നിങ്ങളുടെ ചിന്തകളിലോ വാക്കുകളിലോ സ്നേഹത്തെ പ്രകടിപ്പിക്കാതെ ഇരിക്കുന്നതും, അല്ലെങ്കിൽ പ്രവൃത്തികൾ തീർച്ചയായിട്ടു ആത്മീക അശ്രദ്ധകളിലേയ്ക്ക് അതുപോലെ ക്രമേണയായിട്ടുള്ള ആത്മാവിന്റെ സാന്നിധ്യത്തെയും അതുപോലെ നിങ്ങളുടെ മേലുള്ള ബലത്തേയും നശിപ്പിക്കും. നിങ്ങളുടെ അടുത്ത സുഹൃത്തിന് സന്തോഷം ഉള്ളവരാകുന്നതുപോലെ കർത്താവിനെ സന്തോഷിപ്പിക്കുവാൻ കഴിയുന്നുണ്ടോ എന്നുള്ള ഒരു ജാഗ്രതയുണ്ടോ?

അനുസരിക്കുവാനുള്ള താല്പര്യകുറവും ആത്മാവിന്റെ നിർദ്ദേശങ്ങളെക്കുറിച്ചുള്ള ആജ്ഞകളും കർത്താവിന്റെയും നിങ്ങളുടെ ഹൃദയത്തിന്റെ ഇടയിലുള്ള ഏതെങ്കിലും തർക്കങ്ങളും അവന്റെ ഉന്നതമായ നിങ്ങൾക്കുവേണ്ടിയുള്ള പദ്ധതികളോടും ഉള്ള എതിർപ്പുളും ഇവയെല്ലാം നിങ്ങളുടെ ജീവിതത്തിലേയ്ക്കുള്ള ദൈവീക ബലത്തിന്റെ ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന കാര്യങ്ങളാണ്. ആത്മീക ബലത്തിന്റെ ഭരണപരമായ നിയന്ത്രണങ്ങൾ ആണ് ദൈവത്തിന്റെ ആത്മീകമായ നിയമങ്ങളുടെ അടിസ്ഥാനത്തിലാണ്. അത് ദൈവത്തിന്റെ നിയമത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രകൃതിയിലെ ഇല്ക്ട്രിക് പവറിനെപോലെയും അല്ലെങ്കിൽ ന്യൂക്ലിയർ പവറിനെപോലെയുമാണ്.

5. ഭോഗാസക്തിയും ഒരു സ്വകേന്ദ്രീകൃത നയങ്ങളും ആഢംഭര ജീവിത രീതിയും നിങ്ങളുടെ ആത്മീക ബലത്തെ നശിപ്പിക്കാം.

ബൈബിൾ അദ്ധ്യപകുനും അതുപോലെ ഡി.എൽ മൂഡിയുടെ സഹപ്രവർത്തകനുമായവൻ ഇങ്ങനെ എഴുതി: ഭോഗാസക്തി കാരണം ബലം നഷ്ടപ്പെട്ടേക്കാം. ആർക്കാണോ ദൈവീക ബലം ഉള്ളത് അവൻ ആത്മപരിത്യാഗം നടത്തുന്നു. ഞാൻ വിശ്വസിക്കുന്നില്ല ഒരു മനുഷ്യന് ആഢംബര ജീവിതം നയിക്കാമെന്നും, അവന്റെ സ്വാഭാവികമായ അഭിരുചികളുടെ ഇഷ്ടത്തെ സാധിപ്പിച്ച് സന്തോഷിക്കുമെന്നും, അതുപോലെ ദൈവീകമായ ബലത്തിന്റെ പൂർണ്ണത ആസ്വദിക്കാമെന്നും ജഡത്തിന്റെ തൃപ്തിയും അതുപോലെ ആത്മാവി ന്റെ പൂർണ്ണതയും കരത്തോട് കരം പിടിച്ച് ഒരുമിച്ച് യാത്ര ചെയ്യുന്നില്ല.

നിരന്തരമായിട്ടുള്ള ആ ത്മാവിന്റെ ബലത്തെ കുറിച്ചുള്ള അറിവ് നിങ്ങൾക്ക് ഉണ്ടെങ്കിൽ നാം ഒരു ലളിത ജീവിതം നയിക്കുവാൻ താൽ പര്യപ്പെടുകയും, ഇഷ്ടങ്ങൾ ക്കു വഴങ്ങികൊടുക്കാതെയും അതുപോലെ അമിതമായ ഭക്ഷണപാനീയത്തിൽ നിന്നുമുള്ള വിടുതൽ ഉണ്ടായിരിക്കണം. “ ക്രിസ്തുയേശുവിന്റെ നല്ല ഭടനായി നീയും എന്നോടുകൂടെ കഷ്ടം സഹിക്ക ” (2തിമൊ. 2:3). ആഢബംരത്തെ എനിക്ക് ഭയമാണെന്നു തുറന്ന മനസ്സോടെ പശ്ചാത്തപിക്കുന്നുവെങ്കിൽ; അതിന്റെ ഭയത്താലല്ല ഞാൻ പാപം പ്രവർത്തിക്കുന്നതിനാലാണ് എന്നാൽ ഇത് ഉത്ക്കണഠാകുലമായ ഭയത്തിലേയ്ക്കു നയിക്കുന്നതു കൊണ്ടാണ്. എന്നാൽ വളരെ ശക്തിയുള്ള ബലത്തിന്റെ ശത്രുവാണ്. ഇന്നു ഇതുപോലുള്ള പിശാചിന്റെ പ്രവർത്തികൾ യേശുവിന്റെ കാലത്തു ഉണ്ടായിരുന്നു. എങ്കിലും “ പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാതി നീങ്ങിപോകുന്നില്ല ” (മത്താ. 17:21).

പരിശുദ്ധാത്മാവ് എല്ലായ്പ്പോഴും മറ്റുള്ളവരിലേക്ക് സഞ്ചരിക്കുന്നു. അത് സദാസമയവും മുഴുവൻ സഭയുടെയും അതുപോലെ ലോകത്തിന്റെയും ക്ഷേമത്തിനായിട്ടു പ്രവർത്തിക്കുന്നു. സ്വകേന്ദ്രീകൃതമായത് അന്തിക്രിസ്തു കേന്ദ്രീകൃതത്തിനും അതുപോലെ ദൈവരാജ്യ-കേന്ദ്രീകൃതയ്ക്കും എതിരാണ്. പല നിലയിലുള്ള വഴികളിൽ ക്രിസ്ത്യാനികൾ ചെലവഴിക്കുകയാണ്. അവരുടെ സമയങ്ങൾ അല്ലെങ്കിൽ അവരുടെ തന്നെയുള്ള സന്തോഷത്തെ സാധിപ്പിക്കുന്നതിനുമായിട്ട് ത്യാഗിയായി വിശുദ്ധിയുടെ ആത്മാവിനും വിപരീതമായ വഴികളിൽ, മുറിവ് ഉണ്ടാക്കുന്ന ലോകത്തിന്റെ ആവശ്യങ്ങൾ സാധിപ്പിക്കുന്നതിനും അതുപോലെ ക്രിസ്തു രാജ്യത്തിന്റെ വ്യാപനത്തിനുമായിട്ട് അവന്റെ അത്രയ്ക്കു നിനക്ക് സാധിക്കുന്നതിലും എന്ന് നമ്മുടെ തലമുറയിലുള്ള ഇവാഞ്ചലിക്കൽ ക്രിസ്ത്യാനികൾ പറയുമായിരിക്കുന്നതുപോലെ സത്യം തന്നെയാണ്. അവന്റെ കാലഘട്ടത്തിൽ ചിലർ പറഞ്ഞത് എങ്ങനെയാണ് അവന്റെ ബലത്തെ പകർന്ന് നമ്മെ അനുഗ്രഹിക്കുന്നത്. അവന്റെ കാര്യങ്ങളെക്കുറിച്ച് നാം വളരെ അല്പം മാത്രം ശ്രദ്ധിക്കുമ്പോൾ?

6. സ്വയം പര്യാപ്തതയും അഹങ്കാരവും ആത്മീക ബലത്തെ ബലഹീനമാക്കാം.

ബലം അഹങ്കാരത്തിൽ മിക്കവാറും മുഴുവനും നഷ്ടപ്പെടുത്താം. ദൈവം അവന്റെ മഹത്വത്തെ വേറൊരു നാമത്തിനും കൊടുക്കുന്നില്ല. ദൈവം സംതൃപ്തനാണ്. ആത്മാവ് നിറയപ്പെട്ട വ്യക്തികളിൽ കൂടി പ്രവർത്തിക്കുവാൻ. എന്നാൽ ദൈവം മാത്രം മഹത്വം യോഗ്യനായി ഉള്ളപ്പോൾ ആരുടെയെങ്കിലും കരങ്ങൾ പ്രശംസയ്ക്കുവേ ണ്ടി പ്രവർത്തിക്കുമ്പോൾ അവിടെ അഹങ്കാരം ഉണരുന്നു, അങ്ങനെ അവന്റെ ബലത്തെ മടക്കി എടുക്കുകയും ചെയ്യുന്നു. സാധാരണയായിട്ടു വേഗത്തിൽ തന്നേ. ആ കാരണത്താൽ ആണ് പിശാച് നിങ്ങളെ പ്രലോഭിപ്പിക്കുന്നത് അഹങ്കാരം പ്രവർത്തിക്കുവാൻ.

ബില്ലിഗ്രഹാം പതിവായിട്ടു ഇങ്ങനെയുള്ള ഒരു പ്രസ്താവന പറയുന്ന ഒരു പതിവ ഉണ്ട്. “ ദൈവം അവന്റെ കരങ്ങളെ എന്നിൽ നിന്നു എടുത്ത് മാറ്റുകയാണെങ്കിൽ ഈ ചുണ്ടുകൾ ഒരു മണ്ണിന്റെ ചുണ്ടായിട്ടു മാറും. നാം എല്ലാവരും ഭൂമിയിലെ പാത്രങ്ങൾ മാത്രം ആണ്. ദൈവത്തിന്റെ ദാനമത്രേ എന്നു വരേണ്ടതിനു ഈ നിക്ഷേപങ്ങൾക്കു മൺപാത്രങ്ങളിൽ ആകുന്നു ഉള്ളത് ” (2 കൊരി. 4:7).

ദൈവം തന്നേ പൂർണ്ണമായിട്ടു വെളിപ്പെടുത്തി കൊടുത്തു മോശെയ്ക്കു മുഖാമുഖം ആയിട്ടുള്ള ഒരു ബന്ധത്തിൽ മോശെയെക്കാൾ അധികം ആയിട്ടു ഒരു മനുഷ്യനും അത്ഭുതം പ്രവർത്തിക്കുന്നില്ല (ആവ. 34:10,12), എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ ഭൂമിയുടെ മുകൾ പരപ്പിൽ മോശെയെപ്പോൽ സൗമ്യസ്വഭാവം ഉള്ളവൻ വേറെ ആരും ഇല്ലായിരുന്നു (സംഖ്യ 12:3).

ഉസിയാവു ദൈവത്താൽ വളരെ ബലപ്പെട്ടിരുന്ന ഒരു മനുഷ്യൻ ആയിരുന്നു. ശക്തനും അഹങ്കാരത്താലും വളർന്നുവരുവോളം (2ദിന. 26:15,16). അനേകം ക്രിസ്ത്യൻ നായകന്മാരെ കുറിച്ച് ചരിത്രത്തിൽ എഴുതപ്പെട്ടിരിക്കുന്നത് ഇതേ വാചകത്താൽ ആണ്. യെഹി സ്ക്കിയാവിന്റെ ജീവിതത്തിലാകട്ടെ ദൈവം അതിയായി പ്രവർത്തിച്ചു. എന്നാൽ യെഹസ്ക്കിയാവും തനിക്കു ലഭിച്ച ഉപകാരത്തിനു അടുത്ത വണ്ണം നടക്കാതെ നിഗളിച്ചു പോയി (2ദിന. 32:25). നെബുഖദ്നേസർ ദൈവത്താൽ മാനിക്കപ്പെടുകയും അതുപോലെ പ്രയോജനപ്പെടുകയും ചെയ്തു. അ വൻ അഹങ്കാരത്താൽ നിറയപ്പെടുന്നതുവരെയും (ദാനി. 5:20).

സാത്താന്റെ അഹങ്കാരത്താൽ അവൻ താഴെ വീണു. (യെഹെ. 28:2,5,17: 1തിമൊ. 3:6). അഹങ്കാരം നമ്മെ ക്രിസ്തുവിനെക്കാൾ അധികം സാത്താനെപോലെ ആക്കുകയാണ്. അഹങ്കാരം ദൈവത്തിന്റെ മുഖത്തെ നമ്മിൽ നിന്നു മാറ്റിമറിക്കും. “ ദൈവം അഹങ്കാര

ത്തെ എതിർക്കുന്നു. താഴ്മയുള്ളവരെ അവൻ ദയകൊണ്ടു അലങ്കരിക്കുന്നു ". (യാക്കോ. 4:6, 1പത്രൊ. 5:5).

ഏതെങ്കിലും തരത്തിലുള്ള സ്വയം പര്യാപ്തത അത് അഹങ്കാരത്തിലേക്കാണ് നയിക്കുന്നത്. ആരെങ്കിലും കീർത്തി സ്വീകരിക്കുന്നുവെങ്കിൽ അവിടെ ദൈവത്തിന്റെ മഹത്വം നഷ്ടപ്പെടുകയാണ് സംഭവിക്കുന്നത്. ദൈവത്തിന്റെ സാധാരണയായിട്ടുള്ള സഹായത്തിൽ അടിസ്ഥാനപ്പെടുത്തിയുള്ളതാണ് ആത്മവിശ്വാസം എങ്കിൽ നാം അവനിൽ പൂർണ്ണമായിട്ടു ആശ്രയം ഉള്ളവരാണെങ്കിൽ അത് വിനയത്തിലേക്കു നയിക്കാം. എന്നാൽ ഈ ആത്മാഭിമാനം ജഡികവും ആകാം. ഇത് ഒരു തരത്തിലുള്ള ജഡത്തിന്റെ സ്വായശ്രയത്തിലേക്ക് നയിക്കപ്പെടാം. അതുപോലെ തന്നെ നമ്മുടെമേലുള്ള ദൈവത്തിന്റെ മാധുര്യമായ സാന്നിദ്ധ്യത്തിന്റെയും അതുപോലെ അവന്റെ അമിതബലത്തെ മോഷ്ടിക്കലും ആകാം.

ശുശ്രൂഷമണ്ഡലങ്ങളിൽ ആരെങ്കിലും ഏതെങ്കിലും ശക്തിയെ വെളിപ്പെടുത്തിയാൽ അവൻ ആഴമേറിയ എളിമ ഇല്ലാത്തവരും അതുപോലെ അത് കാപട്യം നിറഞ്ഞ ശക്തിയുടെ പ്രകടനവുമാണ്. ഇത് ഒരു ദൈവത്തിന്റെ ബലം അല്ല. ഇത് മനശ്ശാസ്ത്രപരമായ ബലം ആയിരിക്കാം. ഇത് പിശാചിന്റെ ബലവും പ്രകാശത്തിന്റെ ദൂതനായിട്ട് അഭിനയിച്ച് സന്തോഷിക്കുന്നവനുമാണ് (2ദിന. 11:14).

7. അധികമായിട്ടു ആലോചനരാഹിത്യം ആത്മീക ബലത്തിന്റെ ബലഹീനത ആകുന്നു

തമാശ എന്നത് നമ്മുടെ ദൈവത്തിന്റെ ഒരു ദാനമാണ്. എന്നാൽ ഇത് ഒരു ശരിയായ വിധത്തിലും നവീനമായ അളവിലും ആയിരിക്കേണം. ദൈവം എന്നത് വ്യക്തമായ ഒരു ദൈവവും അവൻ തന്നെ നർമ്മത്തിന്റെ സ,മ്പൂർണ്ണതയെ ആസ്വദിക്കുന്നവരുമാണ്. അതുകൊണ്ടാണ് അവൻ നമ്മെ സൃഷ്ടിച്ചിട്ട് നർമ്മത്തെ ആസ്വദിക്കുവാനും ചിരിക്കുവാൻ ശക്തീകരിക്കുകയും ചെയ്യുന്നത്. എന്നാൽ അതിനു ഒരു സമയവും സ്ഥലവും അതുപോലെ ദൈവം അനുഗ്രഹിക്കുന്ന നന്മകൾക്ക് ഒരു പരിധിയും ഉണ്ട്. കൂടുതലായിട്ടുള്ള നന്മകൾ മുഖാന്തരം ദൈവീകമായ ബലത്തെ ഓടിച്ച്കളഞ്ഞേക്കാം. ഞാൻ ശ്രദ്ധിച്ചിട്ട് ഉണ്ട്. അതായത് ആത്മീകമായ ഒരു ഉത്തരവാദിത്വം ചെയ്യുന്നതിന്റെ തൊട്ട് മുമ്പ് ഞാൻ പോലും അറിഞ്ഞിട്ടില്ലാത്തതും, പിശാച് പെട്ടെന്ന് അവിടെ പ്രവർത്തിച്ച് എന്നെയും അതുപോലെ മറ്റുള്ളവരേയും അധികം ഉല്ലസിപ്പിച്ച് അങ്ങനെ ഞങ്ങൾക്ക് ആത്മീകമായ ഉണ്ടാക്കിയ ഒരുക്കങ്ങളെല്ലാം നഷ്ടപ്പെടുത്തുകയും ചെയ്യും. പിശാച് നമ്മിൽ നിന്ന് ദൈവത്തിന്റെ അഭിഷേകത്തെയും അതുപോലെ ബലത്തേയും നമ്മിൽ നിന്ന് മോഷ്ടിക്കുകയും അങ്ങനെ ശുശ്രൂഷയ്ക്കു തൊട്ടുമുമ്പ് ഒരു ആത്മീക പ്രതിസന്ധി കടന്നുവരുകയും അല്ലെങ്കിൽ സമയം ഉണ്ടാകുകയും അപ്പോൾ നമുക്ക് അവന്റെ ബലം ആവശ്യം ആയിട്ടു വരുകയും ചെയ്യുന്നു. അനേകം മണിക്കൂറുകളുടെ പ്രാർത്ഥനകൾ കൊണ്ട് ഒരു വ്യക്തി എടുത്ത ആത്മാവിന്റെ ബലവും സാന്നിദ്ധ്യവും അഞ്ച് നിമിറ്റ് ഉള്ള ശതിയല്ലാത്ത നർമ്മ രസങ്ങളാൽ നഷ്ടപ്പെട്ടേക്കാം, അല്ലെങ്കിൽ ശരിയല്ലാത്ത സമയങ്ങളിലുള്ള നർമ്മത്താൽ.

8. പാപം എല്ലായ്പ്പോഴും ബലഹീനം ആക്കുകയും അതുപോലെ ആത്മാവിന്റെ ബലത്തെ നശിപ്പിക്കുകയും ചെയ്യുന്നു.

തുടർമാനമായ അനുസരണക്കേടുകൾ കൊണ്ടും പ്രകാശത്തിനെതിരെയുള്ള പാപവും, മറ്റുള്ളവനെതിരായിട്ടുള്ള പാപവും, അതുപോലെ ദൈവത്തിന്റെ പ്രകാശത്തിൽ നടക്കുന്നതിലുള്ള താലപര്യകുറവുകൾ എല്ലാം ദൈവത്തിന്റെ ഇഷ്ടകേടിനും അവന്റെ സാന്നിദ്ധ്യത്തിന്റെ ജാഗ്രതയെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. പാപം ആത്മാവിന്റെ ബലത്താൽ നിങ്ങൾ നിറയപ്പെടുന്നതിനും പ്രയോജനപ്പെടുന്നതിനെ തടസ്സപ്പെടുത്തുന്നു. പാപം പ്രാർത്ഥനയുടെ ഫലത്തെ മോഷ്ടിക്കുന്നു. " ഞാൻ എന്റെ ഹൃദയത്തിൽ അകൃത്യം കരുതിയിരുന്നുവെങ്കിൽ കർത്താവു കേൾക്കയില്ലായിരുന്നു " (സങ്കീ. 66:18). ഇതു പറയുന്നത്, തീർച്ചയായിട്ടു 1 യോഹന്നാൻ 3:4-ൽ പറയുന്ന പാപത്തെ കുറിച്ചാണ്. ബോധപൂർവ്വം ശരിയായ പ്രകാശത്തിലുള്ള ദൈവത്തിന്റെ നിയമത്തെ തകർക്കുന്നു.

യിസ്രായേൽ ദൈവത്തെ അനുസരിക്കാതെ ഇരുന്നുപോലും ദൈവം ആയിട്ടുള്ള ഉടമ്പടിയെ തകർത്തു കളഞ്ഞപ്പോഴും, ദൈവം അവരുടെ കണ്ണുനീരിനെയും പ്രാർത്ഥനയെയും ഒട്ടും ശ്രദ്ധിച്ചില്ല (ആവ. 1:45). ശിംശോൻ തന്റെ മേലുണ്ടായിരുന്ന ദൈവീക ബലത്തിന്റെ പ്രതീകമായ തലയിലെ ജടകളെ അവന്റെ പാപത്താലും അനുസരണക്കേടിനാലും തകർന്നതുപോലെ അങ്ങനെ ക്രിസ്തീയ പ്രവർത്തകരുടെ ജീവിതത്തിലും ദൈവീകമായ ബലം പൂർണ്ണമായിട്ട് നഷ്ടപ്പെട്ടിരിക്കുകയാണ്.

ചില സമയങ്ങളിൽ നമുക്ക് ബോദ്ധ്യം ഇല്ലാത്തവരായിരിക്കാം, നാം കർത്താവിനെ അനുസരിക്കാത്തവരാണ്. എന്നാൽ നമ്മുടെ ഹൃദയങ്ങളിൽ നാം ചില വഴികളിൽ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിട്ടുണ്ട് എന്നുള്ള ഒരു അനുഭവം ഉണ്ടാകാറുണ്ട്. ഇത് ചിലപ്പോൾ വെറും ഒരു പിശാചിന്റെ കുറ്റാരോപനം ആയിരിക്കാം. നമ്മെ നിരാശപ്പെടുത്തുവാനും അതുപോലെ ദു:ഖിപ്പിക്കുവാനും മറ്റൊരു തരത്തിൽ പറഞ്ഞാൽ ഇത് പരിശുദ്ധാത്മാവിനെ നിയന്ത്രിവാനുള്ളതായിരിക്കാം. അവൻ വളരെ സ്നേഹമുള്ളവനും അതുപോലെ വിശ്വസ്തനുമായവനെ മുഴുവനും മനസ്സിലാക്കാതെ നാം അഴനെ ദു:ഖിപ്പിച്ചു കളഞ്ഞാൽ അവൻ നമ്മോടും സംസാരിക്കും. അല്ലെങ്കിൽ തൊടുക തന്നേ ചെയ്യും. വഴി കാട്ടിയായ ദൈവത്തെ നമുക്ക് ശ്രദ്ധിക്കുവാനുള്ള ഒരു ചെവിയെ നാം അഭ്യസിപ്പിക്കുന്നുവെങ്കിൽ, ദൈവം വളരെ വേഗം നമ്മുടെ ശ്രദ്ധയ്ക്കായിട്ട് അതിനെ പ്രയോജനപ്പെടുത്തുകയും അതുപോലെ വിശ്വസ്തരായിട്ടു നമ്മോട് സംസാരിക്കുകയും ചെയ്യും. ❖

(10-ാ പേജിന്റെ തുടർച്ച)

മറുപടി ലഭിച്ച പ്രാർത്ഥനകൾ

ഈ കഥ അവളോടു പറഞ്ഞു. വാതിലിൽ ആരോ വന്ന് തട്ടി വിളിച്ചു. ഒരു പൊക്കം ഉള്ളവൻ നടന്നു നീങ്ങി, ശക്തനായവൻ ഒരു ചെറുപ്പക്കാരനെപ്പോൽ ഉള്ള ഒരുവൻ ഫോട്ടോഗ്രാഫർ അവൻ കഴിഞ്ഞ ദിവസം ഞങ്ങളുടെ അനവധി ഫോട്ടോകൾ കൊടുത്തതിനുശേഷം ചില വാചകങ്ങൾ പറഞ്ഞു. അതിനുശേഷം എന്നെ നോക്കിക്കൊണ്ട് തിരിഞ്ഞു, അവൻ പറഞ്ഞു (ചൈനാ ഭാഷയിൽ) ഞാൻ നിങ്ങളെ കാണുന്നു, എന്നാൽ എന്നെ അറിയുന്നില്ല, മിസ്സ് ഗോഫോർത്ത്?

ഞാൻ മറുപടി പറഞ്ഞു. ഇല്ല ഞാൻ നിന്നെ നേരത്തേ കണ്ടതായിട്ടുള്ള യാതൊരു ഓർമ്മയും ഇല്ല.

അതിൽ അവൻ ചിരിച്ചും അതുപോലെ, മുന്നോട്ട് വന്നിട്ട് എന്റെ മുന്നിൽ തല കുനിഞ്ഞ് നിന്ന് എന്നെ ബഹുമാനിച്ചു. എന്നിട്ട് പറയുവാൻ തുടങ്ങി. ഞാനാണ് ആ ആൺകുട്ടി മൂന്നു വർഷങ്ങൾക്ക് മുമ്പെ നിങ്ങൾ പ്രാർത്ഥിച്ചവൻ. ഞാൻ താങ്കളെ ഒരിക്കലും മറന്നു കളയുകയില്ല.

ഈ നിമിഷത്തിൽ വികാരഭരിതമായ എന്റെ വാചകങ്ങളെ ഒരിക്കലും വിശദീകരിക്കുവാൻ കഴിയുന്നില്ല. സന്തോഷം, അതേ, എന്നാൽ ഓ വളരെ ദു:ഖവും അതുപോലെ വിനയവും അപ്പോൾ ദൈവത്തിന്റെ തായ അനശ്വരമായ സ്നേഹത്തിന്റെ ഒരു പ്രകാശകിരണം കടന്ന് വന്നിട്ട് അവിശ്വാസത്തോടെയുള്ളവരിൽ അവന്റെ അത്ഭുത പ്രവൃത്തി നടക്കുമ്പോൾ അവരോട് ക്ഷമിക്കട്ടെ. തീർച്ചയായിട്ടു " ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതുപോലെ എന്റെ വഴികൾ നിങ്ങളുടെ വഴികളിലും എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു" (യെശ. 55:8,9). ❖